
M
A15.72



ഗീതാദീപം

മെത്രാഭിഷേകപ്പതിപ്പ്

BHARMARAM LIBRARY
BANGALORE-29.
57198
AP572


DHARMARAM LIBRARY
572
BANGALORE-29

ഭൂമിയുടെ അതിർത്തികംവരെ
രക്ഷ എത്തിച്ചു കൊടുക്കാൻ
ജനതകംക്കു ദീപമായി
നിന്നെ ഞാൻ സ്ഥാപിച്ചിരിക്കുന്നു.

(ഏശയ്യാ-49:6)

ഗിരിദീപം

മെത്രാഭിഷേകപ്പതിപ്പ്



1989 മെയ് 1


പത്രാധിപസമിതി

ഫാ. ജോർജ് കൊല്ലക്കൊമ്പിൽ


ഫാ. ജോർജ് ചേന്നപ്പള്ളി

ഫാ. ജിയോ പുളിക്കൽ

ഫാ. എമ്മാനുവേൽ ആട്ടേൽ




ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ



പൗരസ്ത്യസംഘം അദ്ധ്യക്ഷൻ

കർദ്ദിനാൾ സൈമൺ ഡി ലൂർദ്ദുസ്വാമി



തലശ്ശേരി രൂപതാ സ്ഥാപനത്തിൽ
നിർണ്ണായക പങ്കു വഹിച്ച

കർദ്ദിനാൾ ടിസറൻറ്



തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

35 വർഷത്തെ ഭരണത്തിനുശേഷം

സഹൃദ സ്മരണകളോടെ



മാർ ജോർജ്ജ് വലിയമഠം
തലശ്ശേരി രൂപതയുടെ പുതിയ മെത്രാൻ

ഉള്ളടക്കം

1. അവതരണക്കുറിപ്പ് 5
2. മെത്രാഭിഷേകകർമ്മം–ഒരവലോകനം 7
3. തലശ്ശേരി രൂപതയ്ക്ക് പുതിയ ഇടയൻ 11
4. മാർ ജോർജ് വലിയമറ്റം–കുടിയേറ്റക്കാരനായ മെത്രാൻ 13
5. തലശ്ശേരി രൂപത സ്ഥാപിച്ചുകൊണ്ടുള്ള ബൂളാ 14
6. സമ്മേളനത്തിൽനിന്നും 17
[ബെനഡിക്ട് മാർ ഗ്രിഗോറിയോസ്]
7. മാർ വലിയമറ്റം–ക്രാന്തദർശിയായ മതബോധന ഡയറക്ടർ 19
8. സമ്മേളനത്തിൽനിന്നും 22
[മാർ ജോസഫ് പള്ളിക്കാപറമ്പിൽ]
9. ഭാവുകങ്ങൾ [മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി] 24
10. സമ്മേളനത്തിൽനിന്നും 26
[എം. എം. ജേക്കബ്]
11. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ തലശ്ശേരി രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ ബൂളാ 27
12. മാർ വലിയമറ്റം—അജപാലനരംഗത്ത് 29
13. മെത്രാൻ–ദൈവജനത്തിന്റെ ശുശ്രൂഷകൻ 31
[ബിഷപ് നൊറോണ]
14. മാർ വലിയമറ്റം—സന്ദേശഭവന്റെ ശില്പി 34
15. ഭാവുകങ്ങൾ [മാർ ജേക്കബ് കുന്നുഴി] 35
16. തലശ്ശേരി രൂപത—ഒരവലോകനം 36
17. സമ്മേളനത്തിൽനിന്നും ..... [ഫാ. ജിയോ പുളിക്കൽ] 42
18. ഇൻഡ്യയിൽ ആകെ 122 രൂപതകൾ 43
19. മാർ വലിയമറ്റം—പ്രഗത്ഭനായ സെമിനാരി റെക്ടർ 45
20. സമ്മേളനത്തിൽനിന്നും 46
[മൂർക്കോത്ത് രാമുണ്ണി]
21. നന്ദിയോടെ, ആശംസകളോടെ 47
22. മാർ വലിയമറ്റം–താമരശ്ശേരി രൂപതയിൽ 50

23. തലശ്ശേരി രൂപത ഒറ്റനോട്ടത്തിൽ 51
24. മാർ വലിയമറ്റം—സവിശേഷ വ്യക്തിത്വത്തിന്റെ ഉടമ 52
25. മാർ വള്ളോപ്പിള്ളി—സഫലസ്മരണകളോടെ 54
26. മാർ വള്ളോപ്പിള്ളി—ഒരിടയൻ യാത്രപറയുന്നു 60
27. മാർ വള്ളോപ്പിള്ളി—ഖദറിനെ സ്നേഹിക്കുന്ന പിതാവ് 64
28. റോമിൽ നിന്നും ആശംസകൾ 65
29. നന്ദിയോടെ, ആശംസകളോടെ 66
30. മാർ വള്ളോപ്പിള്ളി-മദ്യത്തിനെതിരെ സന്ധിയില്ലാസമരം 69
31. മാർ വള്ളോപ്പിള്ളി—ക്ഷമിക്കണം, മദ്യം നൽകാനാവില്ല 70
32. മാനന്തവാടി രൂപതയുടെ സ്ഥാപനം സംബന്ധിച്ചുള്ള മാർപ്പാപ്പായുടെ ബൂളാ 71
33. സമ്മേളനത്തിൽനിന്നും ..... [മാത്യു എം. കണ്ടം] 72
34. സമ്മേളനത്തിൽനിന്നും ..... [കെ. എം. മാണി] 73
35. മാർ വള്ളോപ്പിള്ളി—കുടിയേറ്റക്കാരുടെ സമരനായകൻ 74
36. മാർ വള്ളോപ്പിള്ളി—വിനീതനായ അൽഫോൻസാ ഭക്തൻ 77
37. ഓമ്മയിൽനിന്നും [സി. ടി. ഉമ്മർകുട്ടി] 78
38. സമ്മേളനത്തിൽനിന്നും..... [പി. ജെ. ജോസഫ്] 79
39. താമരശ്ശേരി രൂപത സ്ഥാപിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ ബൂളാ 80
40. മാർ ജോർജ് വലിയമറ്റത്തിനെ തലശ്ശേരി രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മാപ്പാപ്പായുടെ ബൂളാ 81
41. ബൂളായുടെ പരിഭാഷ 82
42. മാർ വള്ളോപ്പിള്ളി—സാധാരണക്കാരുടെ ബിഷപ്പ് 83
43. ഒരു സൗഹൃദത്തിന്റെ കഥ [വി. ആർ. കൃഷ്ണയ്യർ] 86
44. നന്ദിയോടെ [കർദ്ദിനാൾ ആൻറണി പടിയറ] 89
45. കൃതജ്ഞതാപൂർവ്വം [മാർ ജോർജ് വലിയമറ്റം] 90
46. കൃതാർത്ഥതയോടെ [മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി] 92
47. കുടുംബപ്രാർത്ഥന

★ ★ ★

അവതരണക്കുറിപ്പ്

അരനൂറ്റാണ്ടുമുമ്പ്
വന്യമൃഗങ്ങളും വിഹരിച്ചിരുന്ന
മലബാറിന്റെ കിഴക്കൻ മലയോരങ്ങളും.
അവിടെ സ്വപ്നം വിതയ്ക്കാനെത്തിയ
കുടിയേറ്റ കർഷകർ.
ഒരു ജനപഥത്തിന്റെ അദ്ധ്വാനത്തിന്റേയും
വിയർപ്പിന്റേയും
ആത്മത്യാഗത്തിന്റേയും ഇതിഹാസം.
അതിദാരുണങ്ങളായ
ദുരന്തങ്ങളെ അതിജീവിച്ചുകൊണ്ട്
സ്വപ്നങ്ങൾക്കും മോഹങ്ങൾക്കും
നിറമേകിയവർ.
മലബാറിന്റെ മലയോരങ്ങളിൽ
അവർ വസന്തം വിരിയിച്ചു.
ക്രിസ്ത്വീയതയുടെ തേജസ്സിനെ
അവർ പ്രോജ്വലിപ്പിച്ചു.
പുതിയ കാർഷിക സംസ്ക്കാരത്തിനു്
അവർ രൂപം നൽകി.
ഈ മഹാ പ്രസ്ഥാനത്തിന്റെ സാക്ഷിയായി
ഈ ജനപഥത്തിന്റെ നായകനായി
ആത്മീയ, സാമൂഹ്യ, സാംസ്ക്കാരിക രംഗങ്ങളിൽ
തിളങ്ങിനിന്ന
അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ്,
തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ
35 വർഷത്തെ ധീരോദാത്തമായ
നേതൃത്വത്തിനുശേഷം
ആത്മനിർവൃതിയോടെ
ചാരിതാർത്ഥ്യത്തോടെ
ദൃഢപ്രതീക്ഷയോടെ
രൂപതാഭരണം

പിൻഗാമിയായ മാർ ജോർജ് വലിയമറ്റത്തിനു്
കൈമാറിയ ദിവസം —
1989 മെയ് 1 —
തലശ്ശേരി രൂപതയുടെ ചരിത്രത്തിലെ
രണ്ടാമുദയം.
കേരളത്തിലെ മുഴുവൻ മെത്രാന്മാരും
കേരളത്തിനു് പുറത്തുനിന്നുള്ള രൂപതാധ്യക്ഷന്മാരും
നിരവധി വൈദികരും
സന്യാസികളും
പതിനായിരക്കണക്കിനു് കുടിയേറ്റ കർഷകരും
പങ്കെടുത്ത മെത്രാഭിഷേക കർമ്മം.
ഗിരിദീപത്തിന്റെ
ഈ സ്പെഷ്യൽ പതിപ്പിലൂടെ
മെയ് 1 ന്റെ പ്രാധാന്യം
ഒരു ചരിത്രരേഖയായി മാറുകയാണു്.
മെത്രാഭിഷേക കർമ്മങ്ങളുടെ ചിത്രങ്ങൾ,
അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ
ഉജ്വലമായ വ്യക്തിത്വത്തിലേക്ക്
ഉൾക്കാഴ്ച നല്കുന്ന പ്രഗത്ഭ വ്യക്തികളുടെ
ഓർമ്മക്കുറിപ്പുകൾ
രൂപതയുടെ സമഗ്രമായ വളർച്ചയുടെ
രേഖാ ചിത്രം
അഭിവന്ദ്യമെത്രാൻ മാർ ജോർജ് വലിയമറ്റത്തിനെ
പരിചയപ്പെടുത്തുന്ന ശുലികാചിത്രം —
വർഷങ്ങളിലൂടെ വികസിച്ച
രൂപതയുടെ വളർച്ചയെ സൂചിപ്പിക്കുന്ന
നാഴിക കല്ലുകൾ.
എല്ലാം ഇവിടെ നിങ്ങൾ കണ്ടെത്തുന്നു.
മാർ ജോർജ് വലിയമറ്റത്തിന്റെ
മെത്രാഭിഷേകത്തിന്റെ സ്മരണയ്ക്കായി
വള്ളോപ്പിള്ളി പിതാവിന്റെ
സേവനകാലത്തിന്റെ ഓർമ്മയ്ക്കായി
കുടിയേറ്റ ജനതയുടെ വികാസത്തിന്റെ
ചരിത്ര സൂചികയായി
ഈ ഗിരിദീപം
ഞങ്ങൾ സമർപ്പിക്കുന്നു.

പത്രാധിപസമിതി

മെത്രാഭിഷേകകർമ്മം- ഒരവലോകനം

മെയ് ഒന്ന്, തിങ്കളാഴ്ച. തലശ്ശേരി കത്തീഡ്രൽ അന്ന് ഒരു ദ്വീപായി മാറി. പിന്നിൽ അറബിക്കടലും മറു മൂന്നു വശത്തും മനുഷ്യമഹാ സമുദ്രവും ! അറബിക്കടൽ അന്ന് അലകളടങ്ങിയ കടലായിരുന്നു. പകരം അവിടെ കൂടിയിരുന്ന ജനസഹസ്രങ്ങളുടെ ഉള്ളിൽ വികാരത്തിരമാലകൾ ! മോൺ. വലിയമറ്റത്തിന്റെ മെത്രാഭിഷേക ചടങ്ങുകളിലും ബിഷപ്പ് വള്ളോപ്പിള്ളിയുടെ യാത്രയയപ്പു യോഗത്തിലും സംബന്ധിക്കാനായി അതിരാവിലെതന്നെ വിസ്തൃതമായ അതിഭദ്രം തലശ്ശേരി രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ അവരുടെ മനസ്സിൽ സന്തോഷസന്താപങ്ങളുടെ വേലിയേറ്റം !

കൂടിയേറ്റക്കാരുടെ ദ്വിതീയമെത്രാനെ വാഴിക്കുന്നതിനു മുഖ്യകാർമ്മികത്വം വഹിച്ചത് എറണാകുളം മെത്രാപ്പോലീത്ത കർദ്ദിനാൾ ആൻറണി പടിയറയായിരുന്നു. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, ബെനഡിക്ട് മാർ ഗ്രിഗോറിയോസ്, മാർ ജോസഫ് പവ്വത്തിൽ എന്നിവരടക്കം കേരളത്തിലെ 22 വൈദിക മേലദ്ധ്യക്ഷന്മാരും തലശ്ശേരി രൂപതയിലെ എല്ലാ വൈദികരും തിരുവസ്ത്രങ്ങളണിഞ്ഞു കത്തീഡ്രൽ പള്ളിയുടെ മുമ്പിൽ പ്രത്യേകം തയ്യാർ ചെയ്ത അംശത്താരയിലെത്തിയതോടെ ചടങ്ങുകൾ ആരംഭിച്ചു. മോൺ. ജോർജ് വലിയമറ്റത്തിനെ തലശ്ശേരി രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ ബൂള ലത്തീനിലും മലയാളത്തിലും വായിച്ചു. തുടർന്ന് നിയുക്ത മെത്രാൻ വേദസാക്ഷികളുടെ തിരുശേഷിപ്പു വന്ദിക്കുകയും വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്തു. തുടർന്നു നടന്ന പട്ടാഭിഷേകശുശ്രൂഷയിൽ കൈവയ്പു പ്രാർത്ഥനയോടെ മെത്രാനായി അഭിഷിക്തനായ പിതാവിനു സ്ഥാനചിഹ്നങ്ങൾ നൽകപ്പെട്ടു. അതോടുകൂടി മെത്രാഭിഷേക ചടങ്ങുകൾ പൂർത്തിയായി. നവാഭിഷിക്തന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം പൊതുസമ്മേളനം ആരംഭിച്ചു.

മുപ്പത്തഞ്ചു വർഷക്കാലംകൊണ്ടു മലബാറിന്റെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമായി മാറിയ വള്ളോപ്പിള്ളി പിതാവിനു കൃതജ്ഞതയർപ്പിക്കുന്നതിനും പുതിയ മെത്രാനെ ഭരണമേറ്റെടുക്കുന്നതിനുമായി കൂടിയ പൊതുസമ്മേളനം പാർലമെന്ററി കാര്യമന്ത്രി ശ്രീ. എം. എം. ജേക്കബ്ബാണു് ഉദ്ഘാടനം ചെയ്തതു്. വള്ളോപ്പിള്ളി പിതാവിന്റെ വിനയവും ലാളിത്യവും സേവനസന്നദ്ധതയും എടുത്തുകാട്ടിയ മന്ത്രി, ഇന്നു ഭാരതത്തിലെ 80 ശതമാനം ജനങ്ങളും ന്യൂനപക്ഷമായ ക്രൈസ്തവരെ ആദരിക്കുന്നുണ്ടെങ്കിൽ അതിന്റെ ഒരു കാരണം ക്രൈസ്തവ മിഷനറിമാരുടെ എളിമയും സേവനതല്പരതയുമാണെന്നു ചൂണ്ടിക്കാട്ടി. സി. ബി. സി. ഐ. അദ്ധ്യക്ഷൻ ബനഡിക്തു് മാർ ഗ്രിഗോറിയോസു് അദ്ധ്യക്ഷനായിരുന്നു. തലശ്ശേരി ആർച്ചുബിഷപ്പു് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ചെയ്തിട്ടുള്ള സേവനങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. വള്ളോപ്പിള്ളി പിതാവിന്റെ സേവനങ്ങളെ മാർ ജോസഫു് പള്ളിക്കാപറമ്പിൽ ഒരു വാചകത്തിൽ ചുരുക്കി. ക്രിസ്റ്റഫർ റെൻ എന്ന പ്രശസ്ത കലാകാരന്റെ ശവകുടീരത്തിൽ ആലേഖനം ചെയ്തിട്ടുള്ള ഒരു വാചകമാണു് അദ്ദേഹം ഉദ്ധരിച്ചതു്. നീ ഒരു സ്മാരകം തിരയുകയാണെങ്കിൽ ചുറ്റും നോക്കുക (If you are looking for a monument look around). തലശ്ശേരിയിൽ എവിടെയും പിതാവിന്റെ പ്രവർത്തനങ്ങളുടെ സ്മാരകങ്ങൾ ഉയർന്നു നില്ക്കുന്നു.

വിനയത്തിന്റേയും ത്യാഗത്തിന്റേയും അനുകമ്പയുടേയും പ്രതീകമായിട്ടാണു താൻ വള്ളോപ്പിള്ളി പിതാവിനെ കാണുന്നതെന്നു മുൻ ഹൈക്കമ്മീഷണർ ശ്രീ. മൂക്കോത്തു രാമുണ്ണി പ്രസ്താവിച്ചു.

കേരളത്തിന്റെ തെക്കൻപ്രദേശങ്ങളിൽനിന്നു മലബാറിന്റെ മലയോരങ്ങളിലേക്കു കുടിയേറി പാർത്തു് ഏറുമാടങ്ങളിൽ താവളമടിച്ചുകൊണ്ടു കാട്ടുകള്ളന്മാരോടും മലമ്പനിയോടും മല്ലടിച്ചുജീവിച്ച കുടിയേറ്റക്കാരുടെ വേദനയും വൈഷമ്യവും വേണ്ടവിധം മനസ്സിലാക്കി പ്രവർത്തിച്ച വള്ളോപ്പിള്ളി പിതാവു ദാരിദ്ര്യത്തിന്റേയും ദുഃഖാരിഷ്ടതകളുടേയും ഈജിപ്തിൽനിന്നു സ്വാശ്രയത്വത്തിന്റേയും സമൃദ്ധിയുടേയും കാനാൻ ദേശത്തേക്കു കുടിയേറ്റ കർഷകരെ നയിച്ച നൂതന മോശയാണെന്നു മുൻമന്ത്രി ശ്രീ. കെ. എം. മാണി പ്രസ്താവിച്ചതു നീണ്ടുനിന്ന കരഘോഷത്തോടെയാണു ജനം സ്വാഗതം ചെയ്തതു്.

'കുടിയേറ്റക്കാരുടെ പിതാവു്' നടത്തിയ ഒരു കുടിയിറക്കിനെ പരാമർശിച്ചുകൊണ്ടാണു മുൻമന്ത്രി ശ്രീ. പി. ജെ. ജോസഫു്

തന്റെ പ്രസംഗം അവസാനിപ്പിച്ചതു്. വള്ളോപ്പിള്ളി പിതാവിനെ നോക്കി 'ഇതു ഞങ്ങളുടെ പിതാവാണു്' എന്നഭിമാനിക്കുന്നവർ മലബാറിന്റെ മണ്ണിൽനിന്നും മദ്യത്തെ കുടിയിറക്കുന്നതിനുള്ള പിതാവിന്റെ പരിശ്രമം അവിശ്രാന്തം തുടർന്നു കൊണ്ടുപോകണമെന്നു് അദ്ദേഹം ആഹ്വാനംചെയ്തു.

തലശ്ശേരി രൂപതക്കാരെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ടു പ്രസംഗിച്ച ശ്രീ. മാത്യു എം. കണ്ടം കുടിയേറ്റക്കാരുടെ ആശകളേയും മോഹങ്ങളേയും സ്വപ്നങ്ങളേയുമെല്ലാം തന്നേറ്റാക്കി മാറ്റിയ വലിയ പിതാവിനെ 'മലബാറിന്റെ ആത്മാവിനെ കണ്ടെത്തിയ' മനുഷ്യസ്നേഹിയായി ചിത്രീകരിച്ചു.

എല്ലാ ജോലികളും ചെയ്തതീർത്തിട്ടും 'ഞാൻ പ്രയോജനരഹിതനായ ദാസനാണു്' എന്ന മട്ടിൽ നില്ക്കുന്ന, വിനയം മുഖമുദ്രയാക്കിയ ഒരു വ്യക്തിയാണു് അദ്ദേഹം—വൈദികരെ പ്രതിനിധീകരിച്ചു പുളിക്കലച്ചൻ പറഞ്ഞു.

'ഞാൻ നല്ല ഇടയനാണു്' എന്ന തന്റെ മുദ്രാവാക്യം വിശ്വാസികർക്കു് വെളിപ്പെടുത്തിക്കൊണ്ടാണു വലിയമറ്റം പിതാവു് നന്ദിപ്രസംഗം ആരംഭിച്ചതു്. ''ദൈവം ആവശ്യപ്പെടുന്ന തരത്തിൽ ഒരു നല്ലയിടയനാകാൻ ഞാൻ ആഗ്രഹിക്കുന്നു. നല്ല ഇടയനിൽ നിന്നു് എന്തെല്ലാംപ്രതീക്ഷിക്കുന്നുവോ അതെല്ലാം നല്കുന്നതിനുള്ള ശക്തി ദൈവം എനിക്കു നൽകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഒരു പ്രത്യേകതയുമെനിക്കില്ല. പറഞ്ഞറിയിക്കത്തക്ക ഒന്നും എന്റെ പക്കലില്ല. നിങ്ങളോടൊപ്പം ജനിച്ചുവളർന്ന ഒരു സാധാരണ വ്യക്തിയാണു ഞാൻ. യാതൊരു പ്രത്യേകതയുമില്ലാത്ത, സാധാരണക്കാരനായ എന്നെ ദൈവം നിങ്ങളുടെ ഇടയനായി നിയോഗിച്ചിരിക്കുന്നു, നിങ്ങളെന്നെ സഹായിക്കണം, പ്രാർത്ഥിക്കണം .....വള്ളോപ്പിള്ളി പിതാവു ധ്രുവനക്ഷത്രംപോലെ നമ്മോടൊപ്പമിരുന്നു നമ്മെ നയിക്കുമ്പോലെയാണ്തന്നും പേടിക്കാനില്ല എന്ന ധൈര്യം എനിക്കുണ്ടു്''. വലിയമറ്റം പിതാവിന്റെ പ്രസംഗം അവസാനിച്ചപ്പോൾ എല്ലാവരും പുളിക്കലച്ചന്റെ വാചകങ്ങൾ ഓർത്തു—വിനയം മുഖമുദ്രയാക്കിയ വ്യക്തി.

തിരുസ്സഭയിലെ രാജകുമാരനായി ഉയർത്തപ്പെട്ടശേഷം ആദ്യമായി മലബാർ സന്ദർശിച്ച കർദ്ദിനാൾ പടിയറക്കു സ്നേഹനിർഭരമാ

യ സ്വീകരണവും അനുമോദനവും നല്കുന്നതിൽ മലനാടിന്റെ മക്കൾ ഉൽസുകരായിരുന്നു. ഇന്ത്യയിലെ കത്തോലിക്കരാൽ മാത്രമല്ല, ജാതിമതഭേദമെന്യേ സകലരാലും ആദരിക്കപ്പെടുന്ന ഒരു വ്യക്തിയണ് കർദ്ദിനാൾ ആൻറണി പടിയറ എന്നു മന്ത്രി എം. എം. ജേക്കബ് ചൂണ്ടിക്കാട്ടി. കർദ്ദിനാൾ പടിയറയുടെ സ്നേഹവും സൗമനസ്യവും തലശ്ശേരി രൂപതയെ പലതരത്തിൽ സഹായിച്ചിട്ടുണ്ടെന്നു് അനുസ്മരിച്ച വള്ളോപ്പിള്ളി പിതാവു് കർദ്ദിനാളിന്റെ സന്ദർശനത്തിൽ തങ്ങൾക്കുള്ള അതിയായ സന്തോഷം രേഖപ്പെടുത്തി.

കത്തീഡ്രലിന്റെ മുന്നിൽ സ്ഥാപിച്ചിരിക്കുന്ന വി. യൗസേപ്പുപിതാവിന്റെ രൂപം ചൂണ്ടിക്കാട്ടിയാണു വലിയ പിതാവു മറുപടി പ്രസംഗം ആരംഭിച്ചതു്. ആ രൂപത്തിന്റെ താഴെയുള്ള, മലബാർകുടിയേറ്റക്കാലത്തു മരണമടഞ്ഞവരുടെ പാവനസ്മരണക്കു് എന്ന ലിഖിതം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു പിതാവു പറഞ്ഞു, ''മലബാറിന്റെ മലയോരങ്ങളിൽ മലമ്പനിക്കും ദാരിദ്ര്യദുഃഖാരിഷ്ടതകൾക്കും അടിപ്പെട്ടു് അകാലമൃത്യുവിനിരയായ ആയിരക്കണക്കിനു പേരുടെ ജീവന്റെമേൽ പടുത്തുയർത്തിയതാണു മലബാറിന്റെ ഐശ്വര്യം...കഴിഞ്ഞ മുപ്പത്തഞ്ചു വർഷക്കാലം തലശ്ശേരി രൂപതയുടെ ഉന്നമനത്തിനു തന്നോടൊപ്പം യത്നിച്ച മറ്റു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും എല്ലാ കാര്യത്തിലും തന്നോടൊപ്പം ഒറ്റക്കെട്ടായി നിന്നു പ്രവർത്തിച്ച അല്മായർക്കും നന്ദി പറഞ്ഞു കഴിഞ്ഞപ്പോൾ പിന്നെ പറയാൻ ഒന്നേ ബാക്കിയുണ്ടായിരുന്നുള്ളൂ. അതും അദ്ദേഹം പറഞ്ഞു. 'നിങ്ങൾ എന്നെ മറക്കില്ലെന്നെനിക്കറിയാം; എങ്കിലും ഔദ്യോഗികമായി ഇനി നിങ്ങൾക്കു് ഒരു പിതാവേയുള്ളൂ, വലിയമറ്റം പിതാവു്. പ്രാർത്ഥനകളിലും കാറോസൂസകളിലും ഇനി വലിയമറ്റം പിതാവിന്റെ പേരാണു നിങ്ങൾ ചൊല്ലേണ്ടതു്...'

അനല്പമായ ആത്മസംതൃപ്തിയും ചാരിതാർത്ഥ്യവും നിറഞ്ഞ മുഖഭാവത്തോടെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു പ്രസംഗവേദിയിൽനിന്നും മറഞ്ഞു.

'എന്നും ഒരു നല്ല ഇടയനായിരിക്കാൻ ദൈവം ശക്തി നൽകട്ടെ'' – ഡോ. ജോർജ് വലിയമറ്റം എന്നും പ്രാർത്ഥിക്കുന്നു. മൂന്നു ലക്ഷത്തോളം അജഗണങ്ങളുടെ പുതിയ ഇടയനായി തിരഞ്ഞെടുക്കപ്പെട്ട ജോർജ് വലിയമറ്റം മുറുകെ പിടിക്കുന്ന ആദർശവും അതു തന്നെ-''ഞാൻ നല്ല ഇടയനാകുന്നു''. പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹത്തെ കെട്ടിപ്പടുക്കാൻ നേതൃത്വം നൽകാനുള്ള ഈ നിയോഗം നിറഞ്ഞ മനസ്സോടെ തന്നെ അദ്ദേഹം സ്വീകരിച്ചിരിക്കുന്നു.

മലബാറിന്റെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിലെ തുടിപ്പായിരുന്ന വള്ളോപ്പിള്ളി പിതാവിന്റെ അതേ പാതകം പിന്തുടരാൻ തന്നെയാണ് പിൻഗാമിയുടെ തീരുമാനം.

ചങ്ങനാശ്ശേരി അതിരൂപതയിലെ പുന്നത്തറ ഇടവകയിൽ 1938 സപ്തംബർ 16നു് വലിയമറ്റത്തിൽ തോമസ്–അന്നമ്മ ദമ്പതിമാരുടെ മൂത്തപുത്രനായി ജനിച്ച ജോർജ് നരിവേലി, പുന്നത്തുറ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. തുടർന്നു തല

തലശ്ശേരി രൂപതക്കു് പുതിയ ഇടയൻ

ശ്ശേരി രൂപതയ്ക്കു് വേണ്ടി തൃശ്ശൂർ തോപ്പ് പെറ്റിസെമിനാരിയിൽ ചേർന്നു് 1955–ൽ വൈദികപഠനം ആരംഭിച്ചു. ഇതിനിടയിൽ വലിയമറ്റം കുടുംബം തിരുവിതാംകൂറിൽനിന്നു് മലബാറിലേക്കു് കുടിയേറിയിരുന്നു. 1954–ൽ അവർ കോടഞ്ചേരി ഇടവകയിൽ സ്ഥിരതാമസം തുടങ്ങി.

പെറ്റിസെമിനാരി പഠനം പൂർത്തിയാക്കിയ ബ്രദർ ജോർജ് തത്ത്വശാസ്ത്രപഠനത്തിനായി ആലുവാ കാർമ്മൽഗിരിയിൽ ചേർന്നു തുടർന്നു ദൈവശാസ്ത്രപഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത യൂണിവേഴ്സിറ്റിയിലെത്തി. മലബാർ കോളേജിൽ താമസിച്ചുകൊണ്ടായിരുന്നു പ്രൊപ്പഗാന്തയിലെ പഠനം.


പ്രൊപ്പഗാന്തായിൽ നിന്നു് തിയോളജിയിൽ ലൈസൻഷ്യേറ്റ് നേടി. 1963 നവം 30 നു് റോമിൽ മാർ സെബാസ്റ്റ്യൻ വള്ളോ

പ്പിള്ളി പിതാവിൽ നിന്നു് ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചു. തുടന്നു് ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നു് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടി. 'മെത്രാൻ പദവിയുടെ ദൈവശാസ്ത്രം കൽദായ റീത്തിൽ' എന്നതായിരുന്ന ഗവേഷണ വിഷയം.


1967ൽ റോമിൽനിന്നു് തിരിച്ചെത്തിയ ഫാദർ ജോർജ് കോടഞ്ചേരി ഇടവകയുടെ അസിസ്റ്റൻറായി നിയമിതനായി. വികാരി ഫാദർ ജോസഫ് മഞ്ഞുവള്ളിയായിരുന്നു കോടഞ്ചേരിയിൽനിന്നു് തലഞ്ഞിപ്പള്ളി വികാരിയായി ഫാദർ ജോർജ് നിയമിക്കപ്പെട്ടു. തുടന്നു് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ സെക്രട്ടറി, രൂപതാ ചാൻസലർ, മിഷൻലീഗ്-വേദപാഠ ഡയറക്ടർ, മൈനർ സെമിനാരി റെക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. കുറച്ചുകാലം താമരശ്ശേരി രൂപതയിലും പ്രവർത്തിച്ചു. സെക്രട്ടറി, വേദപാഠ ഡയറക്ടർ, ചാൻസലർ എന്നീ രംഗങ്ങളിലായിരുന്ന ഇവിടെ പ്രവർത്തനം. തലശ്ശേരി രൂപതയുടെ പുതിയ ഇടയനായി തെരഞ്ഞെടുക്കപ്പെട്ടപ്പോഴും ദക്ഷിണ കർണാടകയിലെ ഷീരാടി ഫൊറോനാപള്ളി വികാരിയായി പ്രവർത്തിക്കുകയായിരുന്ന ഫാദർ ജോർജ്.

വലിയമറ്റം തോമസ്-അന്നമ്മ ദമ്പതികളുടെ എട്ടു മക്കളിൽ മൂത്ത പുത്രനാണു് നിയുക്ത മെത്രാൻ. ധാരാളം പ്രേഷിത ദൈവവിളികളുടെ മധ്യേയാണു് മാതാപിതാക്കളുടെ 'കുഞ്ഞു്' വളർന്നുവന്നതു്. തിരുഹൃദയ സഭയിലെ ആതുരശുശ്രൂഷാ വേദികയ്ക്കു് തുടക്കമിട്ട സിസ്റ്റർ മെറിൽഡ പിതൃസഹോദരിയാണു്. നിയുക്ത മെത്രാൻറെ നിരവധി ബന്ധുക്കൾ വിവിധ സന്യാസ സമൂഹങ്ങളിൽ ചേർന്നു് അർപ്പിത ജീവിതം നയിക്കുന്നുണ്ടു്. കോട്ടയം മെഡിക്കൽ സെൻററിലെ സിസ്റ്റർ റോസിറ്റ, മെഡിക്കൽ കോളേജിലെ സിസ്റ്റർ എൽസി ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ സി. എമിലി എന്നിവർ അവരിൽ ചിലരാണു്. നിയുക്ത ബിഷപ്പിനു് മൂന്നു് സഹോദരന്മാരും നാലു് സഹോദരിമാരുമാണുള്ളതു്. ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥനായ ജോസു്, കെ. എസു്. ആർ ടി. സി. യിലെ ഡൊമിനിക്, സെബാസ്റ്റ്യൻ, സി. എം. സി. സഭയിലെ അംഗമായ ഡോക്ടർ സിസ്റ്റർ മേരി റോസു്, തിരുവമ്പാടി കൊട്ടാരത്തിൽ ജോസിൻറെ ഭാര്യ തങ്കമ്മ, മൈക്കാവു് പൊന്നാമറ്റത്തിൽ ജോയിയുടെ ഭാര്യ സിസിലി, വേനപ്പാറ നെടുംകല്ലേൽ ജോർജിൻറെ ഭാര്യ ബ്രസ്സി എന്നിവരാണു് സഹോദരങ്ങൾ.

(പി. പി. ശശീന്ദ്രൻ, മാതൃഭൂമി)



മാർ ജോർജ്ജ് വലിയമഠം
വൈദിക വിദ്യാർത്ഥിയായിരുന്നപ്പോൾ



അഭിവന്ദ്യ കാവുകാട്ടു തിരുമേനിയിൽ
നിന്നും ഡീക്കൻപട്ടം സ്വീകരിക്കുന്നു

മാർ മാത്യു കാവുകാട്ടു്, മാർ സെബാസ്റ്റ്യൻ
വള്ളോപ്പിള്ളി, ഫാ. പ്ലാസ്സീഡ് എന്നിവരുമൊത്ത്


പൗരോഹിത്യ സ്വീകരണത്തിനു മുമ്പ്
വിശ്വാസ പ്രഖ്യാപനം

ഉദ്ഘാടകൻ
തിരുവനന്തപുരത്തെ ഇന്ത്യൻ
വിമൻസ് കോൺഫറൻസ്

പ്രമേയാവതരണം
അഖിലേന്ത്യ വക്കീലാപ്പീൽ പീഠം
വിഷയം കോൺഫറൻസിനു്



വചനപ്രഘോഷണത്തിനായി
ഡി. ഗ്രന്ഥം ഏറ്റുവാങ്ങുന്നു



നവപൂജാർപ്പണം

മാർ ജോർജ് വലിയമറ്റം

'കുടിയേറ്റക്കാരുടെ പിതാവ്' എന്ന അപരാഭിധാനത്തിനു് എന്തുകൊണ്ടും അർഹനായ ബിഷപ്പ് വള്ളോപ്പിള്ളിയുടെ പിൻഗാമി കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിവുള്ള ഒരു കുടിയേറ്റക്കാരനോ, കുറഞ്ഞപക്ഷം കുറേക്കാലമെങ്കിലും അവരുടെയിടയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഒരാളോ ആയിരിക്കണമെന്നതു തലശ്ശേരി രൂപതയിലെ വൈദികരും ജനങ്ങളും തീവ്രമായി ആഗ്രഹിച്ചിരുന്ന കാര്യമാണു്. ഡോ. ജോർജ് വലിയമറ്റത്തെ തലശ്ശേരിയുടെ പുതിയ മെത്രാനായി നിയമിച്ചതിലൂടെ പരി. സിംഹാസനം കുടിയേറ്റക്കാരുടെ ഈ ആഗ്രഹം പൂർണ്ണമായും നിറവേറ്റിത്തന്നിരിക്കുകയാണു്.

കോട്ടയം ജില്ലയിലെ പുന്നത്തുറയിലാണു ജനിച്ചതെങ്കിലും, 1954-ൽത്തന്നെ മലബാറിലെ കോടഞ്ചേരിയിലേക്കു കുടിയേറിപ്പാർത്ത വലിയമറ്റം കുടുംബത്തിലെ ഒരംഗമെന്ന നിലയിൽ പുതിയ മെത്രാൻ എല്ലാ അർത്ഥത്തിലും ഒരു മലബാറുകാരനാണു്. കുടിയേറ്റക്കാരുടെ പ്രഥമരൂപതയായ തലശ്ശേരിക്കുവേണ്ടി പഠനം നടത്തുകയും പൗരോഹിത്യം സ്വീകരിക്കുകയും ചെയ്ത അദ്ദേഹം മെത്രാൻ പദവി

കുടിയേറ്റക്കാരനായ മെത്രാൻ

യിലേക്കുയർത്തപ്പെടുന്നതുവരെ രണ്ടു ദശാബ്ദത്തിലേറെ സേവനമർപ്പിച്ചതു് മലബാറിലെ കുടിയേറ്റ ജനസമൂഹത്തിനു വേണ്ടിയത്രേ. അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അദ്ദേഹം നന്നായി മനസ്സിലാക്കിയിട്ടുണ്ടു്. മിഷൻലീഗു്, മതബോധന ഡയറക്ടർ എന്നീ പദവികളിൽ ബ. വലിയമറ്റത്തിലച്ചൻ സന്ദർശിച്ചിട്ടില്ലാത്ത ഇടവകകളും ഈ രൂപതയിലുണ്ടെന്നു തോന്നുന്നില്ല. ഒരുപക്ഷേ, അഭി

വന്ദ്യ വള്ളോപ്പിള്ളി പിതാവു കഴിഞ്ഞാൽ പിന്നെ അജപാലന പ്രവത്തനങ്ങൾക്കായി മലബാറിന്റെ മലമടക്കുകളും ഏറ്റവുമധികം കയറിയിറങ്ങിയിട്ടുള്ള വ്യക്തി അദ്ദേഹമായിരിക്കും. മലബാറിനെ നന്നായി അറിയുകയും ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്യുന്ന ഒരിടയനെ തലശ്ശേരി രൂപതയ്ക്കു ലഭിച്ചതിൽ കൂടിയേറ്റ ജനത ഒന്നടങ്കം സന്തോഷിക്കുന്നുണ്ട്.

***

തലശ്ശേരി രൂപത സ്ഥാപിച്ചുകൊണ്ടുള്ള ബൂള

PIUS EPISCOPUS SERVUS SERVORUM DEI

AD PERPETUAM REI MEMORIAM

Ad Christi Ecclesiam regendam divina vocati voluntate, vehementer laetamur cum catholicum nomen per terrarum orbem optimo prorogatur auspicio; atque, Dei favente gratia, dioeceses vel condere possumus vel immutare ut commodius in iisdem christiana administretur res. Cuius sollicitudinis Nostrae partes nunc expostulat Ecclesia ritus chaldaici Malabarensium. Plurimi enim christifideles illius ritus, fere septuaginta milia, vitae cotidianae necessitatibus compulsi, ex suis dioecesibus in Malabarica regione iam exstantibus, in ipsius regionis septentrionales partes, in eas praecipue quae Calicutensem latini ritus dioecesim efficiunt, ut agris colendis operam darent, immigraverunt. Qui christifideles, simul ac in novis locis domicilium sibi constituerunt, de animorum suorum salute solliciti, cum aedes sacras et scholas aedificaverunt tum sacerdotes sui ritus, qui suae colendae pietati alacriter incumberent, sibi dari postulaverunt. precesque Apostolicae huic Sedi admovendas curarunt ut nova in hanc rem dioecesis conderetur. Quibus rogantibus ut concedamus, audito consilio venerabilis Fratris Nostri S. R. E. Cardinalis S. Congregationis pro Ecclesia Orientali a Secretis; consensum praeterea eorum omnium supplentes quorum quoquo modo res intersit, de plenitudine apostolicae Nostrae potestatis, quam a Summo Deo accepimus, haec quae sequuntur consulto et

cogitata decernimus atque statuimus. In Malabarica regione septentrionali novam erigimus dioecesim, pro fidelibus ritus chaldaici Malabarensium, quam ab urbe Tellicherry TELLICHERRIENSEM appellari volumus atque saeculari clero ex iisdem regionibus orto committimus; quae praeterea metropolitanae Ernakulamensi Ecclesiae suffraganea erit, cuius metropolitis Tellicherrienses pro tempore Antistites recto iure subicientur. Tellicherriensis dioecesis modo erectae Administratorem Apostolicum Sede vacante, eligimus et nominamus SEBASTIANUM VALLOPPILLY, e dioecesi Palaiensi sacerdotem, hactenus in sacro eiusdem dioecesis Seminario pietatis Magistrum, cui novae Sedis curam administrationemque committimus sive rerum religiosarum sive temporalium bonorum; simulque iura, honores, facultates et privilegia tribuimus cum hoc munere coniuncta; volumus autem eum iisdem oneribus atque obligationibus contineri quae iuxta Sacros Canones, ceteris viris paris dignitatis tribui solent. Huius dioecesis limites iidem erunt ac dioecesis Calicutensis latini ritus; attamen fideles ritus chaldaici Malabarensium ab Episcopi latini iurisdictione eximimus, qui in posterum novae Tellicherriensis dioecesis Episcopo obnoxii erunt. Huius vero novae sedem dioecesis in urbe ipsa, quam Tellicherry vocant, constituimus; Episcopus autem sacras sui ritus caerimonias, donec alias fieri poterit, in templo latini ritus eadem in urbe peraget. Ad Tellicherriensem autem Ecclesiam iura et onera spectabunt quae ad ceteras dioceses pertinent; eius pariter pro tempore Antistites sive iuribus, potestatibus ac privilegiis decorabuntur sive oneribus officiisque tenebuntur, quae communi iure eiusmodi praesulum dignitatem consequuntur. Quod autem attinet ad Vicarii Capitularis seu Administratoris, Sede vacante, electionem, ad episcopalis mensae emolumenta, ad iuvenum Institutionem qui in spem Ecclesiae succrescunt, ad fidelium et sacerdotum iura et onera aliaque huiusmodi, ea servari praecipimus quae Orientalis Ecclesiae legitimis normis praecipiuntur. Cum vero extra fines septemtrionales et orientales novae huius dioecesis alii commorentur coetus christifidelium Syrorum Malarabarensium, mandamus ut religiosis istorum hominum necessitatibus apte in posterum consulatur. Ut autem ea quae Nostris hisce Litteris iubemns efficiantur, venerabilem Fratrem Augustinum Kandathil, metropolitanae Sedis Ernakulamensis Archiepiscopum deligimus, vel eum qui eo tempore, quo haec decreta ad rem adducentur huic praeerit metropolitanae Ecclesiae; cui vero contigerit hoc exsequendum negotium, illi scilicet omnes necessarias ad id potestates facimus, cuilibet subdelegandas, si opus fuerit, viro qui ecclesiastica dignitate polleat. Jubemus pariter ut idem

venerabilis Frater hoc confectum negotium in tabulas referat, quarum fide digna exempla ad S. Congregationem pro Ecclesia Orientali quam primum transmittet. Has vero Litteras nunc et in posterum efficaces esse et fore volumus; ita quidem ut quae per eas decreta sunt ab iis' quorum res est, religiose serventur atque igitur vim suam obtineant. Quarum Litterarum efficacitati nulla cuiusvis generis, contraria praescripta officere poterunt, cum per has Litteras iisdem derogemus omnibus. Quapropter si quis quavis praeditus auctoritate, sive sciens sive insciens, contra egerit ac Nos ediximus, id prorsus irritum atque inane haberi iubemns. Nemini propterea haec voluntatis Nostrae documenta vel scindere vel corrumpere liceat; quin immo harum Litterarum exemplis et locis, sive typis impressis sive manu exaratis, quae sigillum viri praeferant in ecclesiastica dignitate constituti simulque ab aliquo publico tabllione sint subscripta, eadem omino habenda erit fides, quae hisce haberetur si ostenderentur. Quae Nostra decreta in universum si quis vel spreverit vel quoquo modo detrectaverit, sciat se poenas esse subiturum iis iure statutas, qui Summorum Pontificum iussa non fecerint. Datum Romae' apud S. Petrum, die primo et tricesimo mensis Decembris, anno Domini millesimo nongentesimo quinquagesimo tertio, Pontificatus Nostri quinto decimo.

Pro S. R. E. Cancellario

†Eugenius Card. Tisserant

a Secretis S .Congregationis pro Ecclesia Orientali

●●●

''ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു; കാരണം
എനിക്കവളുടെ ചരിത്രമറിയാം''
(സീറോ മലബാർ സഭയേപ്പറ്റി കാർഡിനൽ ടിസറൻറ്)

X X X X

രാജ്യസ്നേഹത്തിന്റെയും ഗാന്ധിയൻ ആദർശങ്ങളോടുള്ള പ്രതിബദ്ധതയുടെയും പ്രതീകമായിട്ടാണ് ഞാൻ ഖദർ ധരിക്കുന്നത്.
(മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി)

സമ്മേളനത്തിൽനിന്ന്...

1989 മെയ് 1. തലശ്ശേരി രൂപതയുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ മുദ്രണം ചെയ്യപ്പെട്ട ഒരു സുന്ദര സുദിനം. അന്നാണ് 35 വഷ്ത്തെ സ്തുത്യർഹമായ സേവനാനന്തരം രൂപതാ ഭരണത്തിൽ നിന്നും വിരമിച്ച മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയ്ക്ക് നാം കൃത ജ്ഞത നേർന്നതും രൂപതയുടെ രണ്ടാമത്തെ മെത്രാനായി മാർ ജോർജ് വലിയമറ്റം പിതാവ് അഭിഷിക്തനായ കർമ്മത്തിൽ നാം അത്യധികം സന്തോഷത്തോടെ പങ്കുചേർന്നതും. മെത്രാഭിഷേക— കൃതജ്ഞതാ പ്രകടനങ്ങളിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാരും വിശിഷ്ടാതിഥികളും തലശ്ശേരി രൂപതയുടെ കരുത്തുറ്റ സാരഥി യായിരുന്ന മാർ വള്ളോപ്പിള്ളിയ്ക്ക് നന്ദിയും പുതിയ സാരഥിയായി കടന്നുവന്ന മാർ ജോർജ് വലിയമറ്റത്തിന് ഭാവുകങ്ങളും നേരുക യുണ്ടായി. അന്നത്തെ ചടങ്ങുകളിൽനിന്ന്.....



ബെനഡിക്ട്
മാർ ഗ്രിഗോറിയോസ്
(പ്രസിഡണ്ട്, സി. ബി.സി. ഐ)
ആർച്ച് ബിഷപ്പ്, തിരുവനന്തപുരം.)

.....ഈ മീറ്റിംഗിൽ മൂന്ന് കാര്യങ്ങളാണ് നമ്മൾ നിർ വ്വഹിക്കുന്നത്. ഒന്ന്, കട്ടിനാഥം തിരുമേനിയെ സ്വീകരിക്കുന്നു. രണ്ട്, 35 വഷ്ത്തോളം വിജയകരമായി സേവനം ചെയ്ത മാർ സെ ബാസ്റ്റ്യൻ വള്ളോപ്പിള്ളിയ്ക്ക് യാത്ര പറയുന്നു. മൂന്ന്, കൊച്ചുതിരു മേനിയ്ക്ക് സ്വാഗതം ആശംസിക്കുന്നു.

ഈ ഭദ്രാസനത്തോടും എല്ലാവരോടും ചേർന്ന് ഞാൻ കട്ടിനാളിനു് സ്വാഗതം നേരുന്നു. 'അത്യുന്നത' എന്ന പദവിയാണു് അദ്ദേഹത്തിനുള്ളതു്. എന്നാൽ സഭാസേവനത്തിലേപ്പെട്ടിരിക്കുന്ന ഇന്ത്യയിലെ വൈദികമേലദ്ധ്യക്ഷന്മാരിൽ ഇത്രയും വിനീതനായ വ്യക്തി വേറെ ഇല്ലെന്നു് പറയാം. കർത്താവു് പറഞ്ഞു ''വലിയവനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനായിരിക്കട്ടെ'' എന്നു്. കട്ടിനാഥം തിരുമേനിയേക്കുറിച്ചും അതാണു് പറയാൻ കഴിയുക. എല്ലാവരോടുമുള്ള സ്നേഹം, സമഭാവന എന്നിവ അദ്ദേഹത്തിന്റെ കൈമുതലാണു്. വിവിധ രംഗങ്ങളിലെ സേവനത്തിലൂടെ ഇത്രയേറെ അനുഭവസമ്പത്താർജ്ജിച്ച മറ്റൊരു മേലദ്ധ്യക്ഷൻ ഇല്ലെന്നു പറയാം. ഇപ്പോഴം അദ്ദേഹം മാപ്പ്വാപ്പയുടെ ഉപദേശകസമിതി അംഗവും കൂടിയാണു്. ഞാനദ്ദേഹത്തിനു് വീണ്ടും സ്വാഗതം ആശംസിക്കുന്നു.

മെത്രാൻ ക്രിസ്തുവിന്റെ ജീവൻ മറ്റുള്ളവർക്കു് പകർന്നുകൊടുക്കുന്ന വത്സല പിതാവാണു്. വത്തിക്കാൻ II പറയുന്നു, ''സഭയിലെ ജനങ്ങൾക്കു് ക്രിസ്തുവിന്റെ ജീവൻ ലഭിക്കുന്നതു് മെത്രാനിലൂടെയാണു്'' എന്നു്. മലബാറിലെ കൂടിയേറ്റക്കാർക്കു് ഈ ജീവൻ സമൃദ്ധമായി ലഭിച്ചു. ആരംഭകാലത്തു് കോഴിക്കോട്ടു് രൂപതാദ്ധ്യക്ഷന്മാരിൽനിന്നും പിന്നീടു് സ്വന്തം രീത്തിൽ മെത്രാൻ ആയശേഷം വള്ളോപ്പിള്ളി പിതാവിൽനിന്നും. ഗാന്ധിജിയുടെ ആദർശങ്ങളെ ആഴമായി സ്നേഹിക്കുന്ന വ്യക്തിയാണു് വള്ളോപ്പിള്ളി തിരുമേനി. വളരെ വർഷത്തെ—ഒസമിനാരി ജീവിതകാലം മുതൽ—പരിചയം ഞങ്ങൾക്കുണ്ടു്. മലബാറിനെ പൊന്നാക്കി മാറ്റാൻ അദ്ദേഹം നല്കിയ സുശക്തമായ നേതൃത്വം നമുക്കറിയാം. തലശ്ശേരി ഭദ്രാസനം ഇന്നു് ഒരു സാധനപാഠമാണു്. ദൈവരാജ്യത്തെ ദിവ്യനാഥൻ കടുകുമണിയോടു് ഉപമിച്ചിട്ടുണ്ടല്ലോ. അതുപോലെയാണു് തലശ്ശേരി ഭദ്രാസനത്തിന്റെ അത്ഭുതകരമായ വളർച്ചയും. അതിനു് നേതൃത്വം നല്കിയ വള്ളോപ്പിള്ളി തിരുമേനിക്കു് അഭിനന്ദനങ്ങൾ ! അങ്ങേയ്ക്കു് ഒരു നല്ല ശിഷ്ടകാലം ഉണ്ടാവട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

കൊച്ചുതിരുമേനി വലിയതിരുമേനിക്കു് പറ്റിയ അനുഗാമിയാണു്. എല്ലാവർക്കും പ്രിയങ്കരൻ. ഇന്നു സ്നേഹനിധിയായ ഒരു പിതാവിനെ തലശ്ശേരിക്കു് ലഭിക്കുന്നതിൽ നമുക്കു് സന്തോഷിക്കാം. ഏലീശാപ്രവാചകനും ഏലിയായും തമ്മിലുള്ള സംഭാഷണംപോലെ 'നല്ല ഫലങ്ങളുടെ ഇരട്ടി അങ്ങേയ്ക്കു് ദൈവം നല്കട്ടെ' എന്നു് ഞാനാശംസിക്കുന്നു. ഈ പ്രദേശത്തിനു് എല്ലാ നന്മകളും നേരുന്നു..... ★

മാർ ജോർജ് വലിയമറ്റം

1967-ൽ റോമിൽനിന്നു തിരിച്ചെത്തിയ ഉടനെ ബ. ജോർജച്ചൻ കോടഞ്ചേരിയിലെ അസിസ്റ്റന്റു വികാരിയായി നിയമിക്കപ്പെട്ടു; ഏറെത്താമസിയാതെ തലഞ്ഞിപള്ളി വികാരിയായും. എന്നാൽ ഈ രണ്ടു സ്ഥാനത്തും നീണ്ട കാലം തുടരുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. കാരണം, അതിനകം ബ. ജോർജച്ചന്റെ അസാമാന്യമായ അപ്പണബോധവും സേവനസന്നദ്ധതയും കഴിവുകളും മനസ്സിലാക്കിയ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് 1968-ൽത്തന്നെ അദ്ദേഹത്തെ തന്റെ സെക്രട്ടറിയും ശ്രുപതാ ചാൻസലറുമായി നിയമിച്ചു. ഒപ്പം ശ്രുപതയിലെ മതബോധനം, മിഷൻലീഗ്, സോഷ്യൽ സർവീസ് എന്നിവയുടെ ഉത്തരവാദിത്വവും അദ്ദേഹത്തിൽ നിക്ഷേപിക്കപ്പെട്ടു. ഭാരമേറിയ ഈ ഉത്തരവാദിത്വങ്ങളെല്ലാം വളരെ സ്തുത്യർഹമായി നിർവ്വഹിച്ചുകൊണ്ട് ശ്രുപതയുടെ ഭാവി ഇടയൻ തന്റെ വിവിധങ്ങളായ കഴിവുകൾ തെളിയിച്ചു. 1970-ൽ മതാദ്ധ്യാപകരുടെ ഏകകണ്ഠമായ അഭ്യർത്ഥനയെ മാനിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് ബ. ജോർജച്ചനെ മറ്റെല്ലാ ഉത്തരവാദിത്വങ്ങളിൽനിന്നും വിമുക്തനാക്കി മതബോധനത്തിന്റേയും മിഷൻ ലീഗിന്റേയും മുഴുവൻസമയ ഡയറക്ടറായി നിയമിച്ചു. ഈ രണ്ട് പ്രസ്ഥാനങ്ങളുടേയും സുവർണ്ണകാലം ആരംഭിക്കുന്നത് ഇതോടെയാണ്. ഇന്നത്തെ തലശ്ശേരി, താമരശ്ശേരി, മാനന്തവാടി ശ്രുപതകളും പാലക്കാട് ശ്രുപതയുടെ ഒരു ഭാഗവും ഉൾപ്പെട്ടതായിരുന്ന അന്നത്തെ തലശ്ശേരി ശ്രുപത. കാര്യമായ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന വിശാലമായ ഈ ശ്രുപതയിലെ എല്ലാ ഇടവകകളിലും ചെന്നു കുട്ടികളേയും മാതാപി

ക്രാന്തദർശിയായ മതബോധന ഡയറക്ടർ

താക്കളേയും മതാദ്ധ്യാപകരേയും കണ്ട് മതബോധന പ്രവത്തനങ്ങളെക്കുറിച്ചു നേരിട്ടു പഠിക്കുകയും പോരായ്മകളും പരിഹരിക്കാനുതകുന്ന നിർദ്ദേശങ്ങളും പ്രചോദനവും നൽകുകയും ചെയ്യുകയായിരുന്നു മതബോധനഡയറക്ടർ എന്ന നിലയിൽ അദ്ദേഹം ആദ്യമായി ചെയ്തതു്. ഇന്നു സ്തുത്യർഹമായി പ്രവത്തിക്കുന്ന പല മിഷൻലീഗ് ശാഖകളും രൂപംകൊണ്ടതും മറ്റു പലതും കാര്യക്ഷമമായ പ്രവത്തനങ്ങളും ആരംഭിച്ചതും ബ. ജോർജച്ചന്റെ ഈ ഇടവക സന്ദർശന പരിപാടികളുടെ ഭാഗമായാണു്.

മതബോധനം ഫലപ്രദമായി നടക്കണമെങ്കിൽ അതിനാദ്യം വേണ്ടതു് പരിശീലനം ലഭിച്ച മതാദ്ധ്യാപകരുടെ ടീമുകൾ ഓരോ ഇടവകയിലും രൂപം കൊള്ളുകയാണെന്ന വസ്തുത വളരെ വേഗം മനസ്സിലാക്കിയ ബ. ജോർജച്ചൻ പിന്നീടുള്ള തന്റെ പ്രവത്തന പദ്ധതികളിൽ മുൻഗണന നൽകിയതു് മതാദ്ധ്യാപക പരിശീലന പരിപാടിക്കായിരുന്നു. മുൻ മതബോധന ഡയറക്ടർമാരും മതാദ്ധ്യാപക പരിശീലനത്തിന്റെ ആവശ്യകത മനസ്സിലാക്കിയിരുന്നെങ്കിലും മറ്റു ചില ഉത്തരവാദിത്വങ്ങൾകൂടി അവക്കുണ്ടായിരുന്നതുകൊണ്ടു് അധികമൊന്നും ഈ രംഗത്തു പ്രവത്തിക്കാൻ കഴിഞ്ഞിരുന്നില്ല. വിശാലമായ രൂപതയുടെ ഏതെങ്കിലും ഒരു ഭാഗത്തു വച്ചു് വഷ്ത്തിലൊരിക്കൽ നടത്തുന്ന ഒരു സെമിനാറായിരുന്നു അന്നു മതാദ്ധ്യാപകക്കു ലഭിച്ചിരുന്ന ഏകപരിശീലനാവസരം. ആകെയുള്ള മതാദ്ധ്യാപകരിൽ 25 ശതമാനത്തിനുപോലും ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ സാധിച്ചിരുന്നുമില്ല.

ഈ പരിമിതമായ പരിശീലന പരിപാടി തികച്ചും അപര്യാപ്തമെന്നു് മനസ്സിലാക്കിയ പുതിയ ഡയറക്ടർ രൂപതയിലെ മുഴുവൻ മതാദ്ധ്യാപകർക്കും പ്രാഥമിക പരിശീലനമെങ്കിലും ലഭ്യമാക്കണമെന്നു തീരുമാനിച്ചു. അതിനുവേണ്ടി ആദ്യമായി അദ്ദേഹംതന്നെ ബാംഗ്ലൂരുള്ള എൻ. ബി. സി. എൽ. സി. യിൽനിന്നു നാലുമാസത്തെ പ്രത്യേക പരിശീലനം നേടി. തുടന്നു രൂപതയെ ആദ്യം നാലു സോണുകളായി തിരിച്ചും പിന്നീടു് ഓരോ ഫൊറോനയേയും പ്രത്യേക മേഖലയായി തിരിച്ചും ചതുർദിന സെമിനാറുകൾ ആരംഭിച്ചു. ഈ ചതുർദിന മേഖലാ സെമിനാറുകളിൽ വർഷംതോറും രൂപതയിലെ മുഴുവൻ മതാദ്ധ്യാപകരും പങ്കെടുക്കുന്നതിനുള്ള സംവിധാനങ്ങളും അദ്ദേഹം ഏർപ്പെടുത്തി. മേഖലാ സെമിനാറുകളോടൊപ്പം ഇടവകാതലത്തിൽ ഇടയ്ക്കിടെ ഏകദിനസെമിനാറുകളും സംഘടിപ്പിച്ചു

പോന്നു. ഇടവകതലപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാൻ കൂടുതൽ പരിശീലനം ലഭിച്ച ഒരു സംഘം മതാദ്ധ്യാപകരെങ്കിലും ഉണ്ടാകണമെന്നതും ബ. ജോർജച്ചന്റെ ഒരു ചിരകാലസ്വപ്നമായിരുന്നു. 1974 മുതൽ എല്ലാ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന 50 മതാദ്ധ്യാപകർക്കുവേണ്ടി 15 ദിവസം ദീർഘിക്കുന്ന ഒരു തീവ്രപരിശീലന കോഴ്സ് നടത്താൻ തുടങ്ങിയതോടെ ഈ സ്വപ്നവും സാക്ഷാത്കരിക്കപ്പെട്ടു. തലശ്ശേരി–താമരശ്ശേരി–മാനന്തവാടി രൂപതകളിലായി ഏകദേശം 700–ഓളം പേർ ഇതിനകം ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തവരായുണ്ട്. തലശ്ശേരി രൂപതയുടെ ഇന്നത്തെ ശക്തമായ മതബോധന നേതൃത്വത്തിന്റെ ശില്പി എന്ന നിലയിൽ പുതിയ സാരഥിക്ക് ഇതിൽ അഭിമാനിക്കാം.

——o——

കൂടിയേറ്റക്കാരുടെ പിതാവിന്റെ പീഠത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന മാർ ജോർജ് വലിയമറ്റം തലശ്ശേരി രൂപതയുടെ മുഴുവൻ അജപാലനവുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള വ്യക്തിയാണ് .....മതബോധനതലത്തിൽ തലശ്ശേരിയെ കേരളത്തിലെ മാതൃകാപരമായ ഒരു രൂപതയാക്കിയതിന്റെ പിന്നിലെ നേതൃത്വം സൗമ്യനായ ജോർജച്ചന്റേതായിരുന്നു. കൂടിയേറ്റക്കാരുടെ ഇന്നലെകളുടെ വേദനകളും ഇന്നിന്റെ പ്രശ്നങ്ങളും നാളെയുടെ മോഹങ്ങളും സ്വന്തം മജ്ജയുടേയും മനസ്സിന്റേയും രൂപഭാവങ്ങളായിരിക്കുന്ന ബിഷപ് ജോർജ് വലിയമറ്റം കൂടിയേറ്റക്കാരുടെ പിതാവിന്റെ ഏറ്റവും യോജിച്ച പിൻഗാമിയാണ്.

(സത്യദീപം)

XXXX

''സകലമനുഷ്യരുടെയും മുമ്പാകെ ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുന്ന വിധത്തിലായിരിക്കണം മെത്രാന്മാർ തങ്ങളെത്തന്നെ ദൈനംദിന വൃത്തിക്കായി സമർപ്പിക്കേണ്ടതു്.''

(മെത്രാന്മാർ, വത്തിക്കാൻ II)

സമ്മേളനത്തിൽനിന്ന്...



മാർ ജോസഫ്
പള്ളിക്കാപറമ്പിൽ
(പാലാ രൂപതയുടെ മെത്രാൻ)

35 വർഷങ്ങളിലൂടെ തലശ്ശേരി രൂപതയ്ക്ക് ശക്തമായ ആധ്യാത്മിക നേതൃത്വം നല്കിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനു് ഈ രൂപതയുടെ വക നന്ദി പ്രകാശനമാണു് ഇവിടെ നടക്കുക. ഒപ്പം, പുതിയ നായകനു് ദൈവാനുഗ്രഹങ്ങളും നേരുന്ന വേദിയുമാണിതു്.

ഇല്ലായ്മയിൽനിന്നാണു് ഈ രൂപത വളർന്നതു്. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു് പാലായിൽനിന്നും പോരുമ്പോൾ പ്രത്യേകമായി കൊടുത്തയക്കാൻ ഒന്നുമില്ലായിരുന്നു. പക്ഷേ അദ്ദേഹത്തിനു് വലിയ രണ്ടു കാര്യങ്ങൾ സ്വന്തമായുണ്ടായിരുന്നു. അചഞ്ചലമായ ദൈവവിശ്വാസവും വി. യൗസേപ്പു്പിതാവിനോടുള്ള തീക്ഷ്ണമായ ഭക്തിയും. ഇതു് രണ്ടുമാണു് ഈ രൂപതയെ ഊട്ടിവളർത്തി ഇത്രത്തോളം വലുതാക്കാൻ അദ്ദേഹത്തെ സഹായിച്ചതു്. ഇന്നു് ഈ

രൂപത വളരെ വലുതാണ്. മാനന്തവാടി, താമരശ്ശേരി രൂപതകൾക്ക് ജന്മമേകാൻ തലശ്ശേരിയ്ക്ക് കഴിഞ്ഞു.

ക്രിസ്റ്റഫർ റെൻറിൻെറ ശവകുടീരത്തിൽ കാണാം, ''If you look for a monument look around''. അതേ, ഈ മലബാറിൽ നാം ചുറ്റും നോക്കുക. സമൃദ്ധിയിൽ എല്ലാം നിറഞ്ഞു നില്ക്കുന്നു. ഇത് നീണ്ട നാളത്തെ അത്യദ്ധ്വാനത്തിൻെറ ഫലമാണ്. മലബാറിൻെറ പിതാവിനു് കൃതജ്ഞതകൾ മാത്രം. എൻെറ വൈദിക ജീവിതത്തിലെ ആദ്യപടികൾ ചവിട്ടിക്കയറാൻ എന്നെ അഭിവന്ദ്യ പിതാവ് സഹായിച്ചിട്ടുണ്ട്. ഞാൻവൈദിക വിദ്യാർത്ഥിയായി ചങ്ങനാശ്ശേരിയിൽ പഠിക്കുമ്പോൾ വള്ളോപ്പിള്ളി പിതാവ് അവിടെ ആധ്യാത്മിക ഗുരുവായിരുന്നു. ഇങ്ങനെയും ഒരു കടപ്പാടുണ്ട്, അദ്ദേഹത്തോട്.

പുതിയ പിതാവിനു് ഭാവുകങ്ങൾ നേരുന്നു. റോമിൽ, മലബാർ കോളേജിൽ 2 വർഷക്കാലം അദ്ദേഹത്തെ സഹായിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ജോർജ് വലിയമഠം പിതാവിനെ ഈശോസമൃദ്ധമായി അനുഗ്രഹിക്കട്ടെ.

★

''തങ്ങളുടെ പ്രബോധന ധർമ്മ നിർവഹണത്തിനു് മെത്രാന്മാർ ക്രിസ്തുവിൻെറ സുവിശേഷം മനുഷ്യരോട് പ്രസംഗിക്കണം. അതാണവരുടെ മുഖ്യ കർത്തവ്യങ്ങളിൽ ഏറ്റം ഉൽകൃഷ്ടമായ ദൗത്യം.''

(മെത്രാന്മാർ, വത്തിക്കാൻ II)



ഭാവുകങ്ങൾ

മലബാർ കുടിയേറ്റക്കാരുടെ നേതാവും പിതാവുമായി 35 വർഷം അവരെ നയിച്ച മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തൽസ്ഥാനത്തു നിന്നു വിരമിക്കുകയും മാർ ജോർജ് വലിയമറ്റം തലശ്ശേരി രൂപതയുടെ സാരഥ്യം ഏറ്റെടുക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ ഇരുവർക്കും ആശംസകളും നേരുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. മധ്യതിരുവിതാംകൂറിൽനിന്നു് മലബാറിൽ കുടിയേറിപാർത്ത കർഷകജനതയുടെ ഹൃദയത്തുടിപ്പുകളും അടുത്തറിയാനും ഉൾക്കൊള്ളാനും കഴിഞ്ഞ അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയാണു് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു്. കുടിയേറ്റക്കാർക്കു് പിതാവു് കൊടുത്ത നേതൃത്വത്തെ ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള മോചനത്തിനു് ഇസ്രായേൽക്കാർക്കു് മോശ കൊടുത്ത നേതൃത്വത്തോടു് ഉപമിക്കാവുന്നതാണു്.

— മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി —

ആദ്ധ്യാത്മിക നേതൃത്വത്തോടൊപ്പം കുടിയേറ്റജനത ചുരുങ്ങിയ കാലംകൊണ്ടു് വിവിധ രംഗങ്ങളിൽ കൈവരിച്ച അത്ഭുതാവഹമായ നേട്ടങ്ങളുടെ പിന്നിൽ വള്ളോപ്പിള്ളി പിതാവു് വഹിച്ച പങ്കു് നിസ്തുലമാണു്. ഷിമോഗാ കുടിയിറക്കു് സംഭവത്തിലും മദ്യ

ത്തിനെതിരെ ആരംഭിച്ച സന്ധിയില്ലാത്ത സമരത്തിലും നീതിക്കു വേണ്ടിയുള്ള ജനകീയ മുന്നേറ്റങ്ങളിലും അദ്ദേഹം കൊടുത്ത നേതൃത്വം ചില ഉദാഹരണങ്ങൾ മാത്രം.

രൂപതാധ്യക്ഷസ്ഥാനത്തുനിന്നു് വിരമിച്ചാലും മലബാർ കുടിയേറ്റ ചരിത്രത്തിന്റെ ഏടുകളിലും ഇവിടത്തെ കർഷകജനതയുടെ ഹൃദയങ്ങളിലും അദ്ദേഹത്തിന്റെ ഐതിഹാസികമായ നേതൃത്വത്തിന്റെ സ്മരണ എന്നും സജീവമായി നിലനിൽക്കും.

ഇന്നു ഭരണസാരഥ്യം ഏറ്റെടുക്കുന്ന മാർ ജോർജ് വലിയമറ്റം വള്ളോപ്പിള്ളി പിതാവിന്റെ കാലടികളെ പിന്തുടരുവാൻ ശക്തനാകട്ടെ എന്നു് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.



''ജനങ്ങളെ വല്ലാതെ അലട്ടുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിഷമപ്രശ്നങ്ങൾക്കുള്ള പരിഹാരം എന്ന നിലയിൽ ക്രൈസ്തവ സിദ്ധാന്തങ്ങളെ കാലോചിതമായ ആവശ്യങ്ങൾക്കു് യോജിച്ച വിധത്തിൽ അവർ (മെത്രാന്മാർ) അവതരിപ്പിക്കണം. പ്രസ്തുത തത്വങ്ങൾ ഉയർത്തിപ്പിടിക്കാനും പ്രചരിപ്പിക്കാനും വിശ്വാസികളെ ഉദ്ബോധിപ്പിച്ചുകൊണ്ടു് അവയെ സംരക്ഷിക്കേണ്ടതാണു്.''

(മെത്രാന്മാർ, വത്തിക്കാൻ II)



''പിതാവായ ദൈവത്തെ സത്യത്തിലും അരൂപിയിലും ആരാധിച്ചുകൊണ്ടു് പിതാവിന്റെ സ്വരത്തിനു് വഴങ്ങുന്നവർ വിവിധങ്ങളായ ജീവിതസ്ഥിതികളിലും കടമകളിലും ഒരേ ഒരു വിശുദ്ധിയാണു് ലക്ഷ്യമാക്കുക''

(തിരുസ്സഭ, വത്തിക്കാൻ II)

സമ്മേളനത്തിൽനിന്ന്...



എം. എം. ജേക്കബ്
(കേന്ദ്രമന്ത്രി)

വളരെ സന്തോഷവും ചാരിതാർത്ഥ്യവും നല്കുന്ന ഒരുചിങ്ങാണിത് ..... തലശ്ശേരി രൂപതയുടെ പ്രഥമനായകൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് ഇവിടെ പടുത്തുയർത്തിയത് ഒരു വലിയ ഉത്തരവാദിത്വത്തിന്റെ ലോകമാണ്–ആധ്യാത്മികവും സാമൂഹ്യവുമായ ഒരു ലോകം. ജനങ്ങളുടെ പ്രശ്നത്തിൽ അലിഞ്ഞുചേരുന്ന സ്നേഹനിധിയായ ഒരു പിതാവാണദ്ദേഹം. കുറച്ചുനാളുകൾക്ക് മുമ്പ് കശ്മീരിൽ പ്രശ്നത്തിൽ പിതാവ് ഒരു ദിവസം ഉപവസിച്ച റിപ്പോർട്ടും മറ്റും ഞാൻ കാണുകയുണ്ടായി. കൂടിയേറ്റ ജനതയെ വളരെയേറെ സ്നേഹിക്കുന്ന ഒരു പിതാവാണ് അദ്ദേഹം ..... പുതിയ പിതാവിനു് ഈ വിശിഷ്ടമായ പാരമ്പര്യത്തിൽ വിജയിക്കാൻ സാധിക്കട്ടെ എന്നു് ആശംസിക്കുന്നു..... സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നമ്മൾ ക്രിസ്ത്യാനികൾ ചങ്കൂറ്റത്തോടെ സത്യധർമ്മാദികൾക്കുവേണ്ടി നിലകൊണ്ടു. നമ്മൾ ന്യൂനപക്ഷക്കാരായ ക്രിസ്ത്യാനികൾ ഭാരതത്തിൽ അംഗീകാരം നേടിയത് നമ്മുടെ പണംകൊണ്ടോ അറിവുകൊണ്ടോ അല്ല, സർവ്വരാലും ആദരിക്ക

പ്പെടുന്ന നമ്മുടെ സേവനത്തിന്റെ പ്രത്യേകതകൊണ്ടാണു്. ആതുരാലയങ്ങളിൽ, വിദ്യാഭ്യാസത്തിൽ നമ്മുടെ മിഷനറിമാർ ആദരവു് പിടിച്ചുപറ്റി..... ഇന്നും എന്നും നമ്മെ ക്രിസ്ത്യാനികമായ സേവനം കൊണ്ടു് ആദരിക്കപ്പെടണം ..... ഞാൻ കർദ്ദിനാളിനെ അനുമോദിക്കുന്നു, വല്ലോപ്പിള്ളി പിതാവിനു് നന്മകൾ നേരുന്നു, പുതിയ പിതാവിനു് ഭാവുകങ്ങൾ ആശംസിക്കുന്നു.

ooo ooo ooo

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ തലശ്ശേരി രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മാർപ്പാപ്പയുടെ ബുള്ള

PIUS EPISCOPUS, SERVUS SERVORUM DEI,

dilecto Filio SEBASTIANO VALLOPPILLY, sacerdoti e clero saeculari ritus chaldaici Malabarensium, Palaiensis dioecesis, hucusque dioecesis Tellicherriensis Apostolico Administratori, ipsius Tellicherriensis Sedis primo Episcopo electo, salutem et apostolicam benedictionem. Maximi ponderis res est christifideles regere atque ad aeternam ducere salutemi quapropter Nos, quos omnipotens Deus universae gubernandae Ecclesiae praeponere voluit, enixe curamus ut fidelium greges quam idoneis donemus Pastoribus. Quo Nos moti consilio, cum per apostolicas sub plumbo Litteras "Ad Christi Ecclesiam", die uno et tricesimo mensis Decembris, anno millesimo nongentesimo quinquagesimo tertio datas, novam Tellicherriensem dioecesim, pro fidèlibus ritus chaldaici Malabarensium, condiderimus; et metropolitanae Ernakulamensi Sedi suffraganea constituerimus; cumque eidem proprius sit nunc dandus Episcopus, Te, dilecte Fili, qui eidem Tellicherriensi Sedi uti Apostolicus Administrator diligenter adhuc moderatus es, ad id officii eligere statuimus. Omnibus igitur bene perpensis, auditaque sententia venerabilis Fratris Nostri S. R. E. Cardinalis Sacri Consilii pro Ecclesia Orientali a Secretis, appostolica Nostra potestate, qua universam regimus Ecclesiam, Te Tellicherriensis dioecesis Episcopum eligimus et nominamus, cuius regimen et administrationem Tibi tribuimus, sive religiosarum rerum sivei temporalium bonorum, ac omnia iura concedimus et onera imponimus,

quae hanc dignitatem consequi solent. Quod vero ad consecrationem tuam attinet, venerabili Fratri Nostro Eugenio Episcopo Ostiensiae Portuensi ac Sanctae Rufinae, S. R. E. Cardinali Tisserant, Sacri Collegii Decano eidemque S. Congregationis "Pro Ecclesia Orientali" a Secretis, sollemnem hanc caerimoniam peragendi mandatum damus, assistentibus eidem duobus catholicis cuiusvis ritus Episcopis, qui cum hac Romana Cathedra pacem habeant et communionem. Praecipimus vero ut, antequam consecreris et in tuae dioecesis venias possessionem, teste eodem venerabili Fratre Nostro Eugenio S. R. E. Cardinali Tisserant, quem supra diximus, ritualem catholicis fidei professionem facias et iuraiuranda sive fidelitatis erga Nos et Sanctam Sedem sive contra modernistarum errores, iures ad formulas Orientalis Ecclesiae Episcopis Praescriptas, quarum exempla, Tui eiusdemque Cardnalis nomine subscripto ac sigillo impresso, ad S. Consilium "pro Ecclesia Orientali" quam primum mittenda curabis. Cave autem ne quavis ratione aut fidei professionem aut eadem iuraiuranda omittas, quae iure danda iubentur, poenis statutis. Venerabilem vero Fratrem Archiepiscopum Ernakulamensem, cuius auctoritati Tellicherriensem Ecclesiam eiusque Episcopus uti suffraganeos subiecimus, enixe rogamus ut Te ea comitate ac bonitate, quibus nitet, recipiat, Tibique, cum id petieris, auxilium prompto ferat animo, Itidem dilectos Filios e tuae dioecesis clero populoque hortamur ut, qui tuam sollertiam ac sollicitudinem iam bene experti noverunt, Tibi, modo electo Episcopo suo, reverentiam praebeant atque fideliter pareant. Volumus insuper ut Tui ipsius cura et constituto more hae Litterae Nostrae in populi notitiam veniant cum primum fas erit post eas acceptas. His dictis, vota facimus ut in Te atque in commissum Tibi populum copia fluat supernae gratiae, ideoque maximum Tibi a Christo Jesu imploramus auxilium. Datum ex Arce Gandulfi, prope Romam, die decimo sexto mensis Octobris, anno Domini millesimo nongentesimo quinquagesimo quinto, Pontificatus Nostri septimo decimo.


S. R. E. Cancellarius

"തിരുസ്സഭയിൽ എല്ലാവരും–ഭരിക്കുന്നവരും ഭരണീയരും–വിശ്വാസിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു."


(മെത്രാന്മാർ, വത്തിക്കാൻ II)

പുതിയ രൂപത്തിൽ മഹാത്മാ
ഗാന്ധി വഞ്ചിയിൽ പരസ്യപ്പെടുത്തുന്നു

വലിയച്ചിറവാവ് കൊച്ചുപ്പിറന്നവരെ
സ്നാനപ്പിഴ്ചനങ്ങളിലിക്കുന്നു



പുതിയ ഇടയന്റെ പ്രഥമ ആശീർവാദം



പുതിയ നായകന് ഹാർദ്ദവമായ സ്വീകരണം.

മാർ ജോർജ് വലിയമഠം

മതബോധന ഡയറക്ടർ എന്ന നിലയിൽ ബ. ജോർജച്ചന്റെ പ്രവർത്തനങ്ങൾ സൺഡേ സ്കൂളിലോ മതാദ്ധ്യാപക പരിശീലനത്തിലോ ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. രൂപതയിലെ അജപാലന പ്രവർത്തനങ്ങൾക്കു നവീകരണവും കാര്യക്ഷമതയും കൈവരുത്തുക എന്ന ലക്ഷ്യത്തോടെ 1974 മുതൽ വൈദികർക്കു വേണ്ടി ഒരാഴ്ച നീണ്ടുനിൽക്കുന്ന റിഫ്രഷർ കോഴ്സുകൾ ആരംഭിച്ചതു് അദ്ദേഹമായിരുന്നു. തുടർന്നു് 1977 മുതൽ കുടുംബനാഥന്മാർക്കുവേണ്ടിയും കുടുംബനായികമാർക്കുവേണ്ടിയും നടത്തിവരുന്ന നവീകരണ സെമിനാറുകൾ രൂപതയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണു്. 1977–79 കാലഘട്ടത്തിൽത്തന്നെ 27200–ലധികം വിവാഹിതരായ സ്ത്രീപുരുഷന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 149 സെമിനാറുകൾ സംഘടിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. തലശ്ശേരി രൂപതയിലാരംഭിച്ച ഈ നവീകരണയജ്ഞം മറ്റു രൂപതകളിലേക്കും വ്യാപിച്ചു എന്നതും എടുത്തുപറയേണ്ട കാര്യമാണു്. 1981–ൽ അതിനു നേതൃത്വം നൽകാനുള്ള രൂപതാ ടീമുകൾക്കുവേണ്ടി ഒരു പ്രത്യേക പരിശീലന പരിപാടി പി. ഒ. സി. യിൽവച്ചു് തലശ്ശേരി ടീമിന്റെ സഹായത്തോടെ നടത്തപ്പെടുകയുണ്ടായി.

സ്കൂൾ അദ്ധ്യാപകർക്കുവേണ്ടിയുള്ള ക്രിസ്ത്വാനുഭവ സെമിനാറുകൾ, യുവജനങ്ങൾക്കു വേണ്ടിയുള്ള വിശ്വാസബോധവത്കരണ സെമിനാറുകൾ തുടങ്ങിയവയും തലശ്ശേരി രൂപതയിലാരംഭിച്ചതു ബ. ജോർജച്ചൻ മതബോധന ഡയറക്ടറായിരിക്കുമ്പോഴാണു്.

ആരാണ് ഒരു മെത്രാൻ ? രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് അത്യുന്നതാചാര്യനായ ക്രിസ്തുനാഥൻ തന്റെ വിശ്വാസികളുടെ മധ്യേ സന്നിഹിതനാകുന്നത് മെത്രാനിലൂടെയാണെന്നാണ്. മെത്രാന്റെ സേവനം-ദൈവവചനം മനുഷ്യർക്ക് സംലഭ്യമാകുവാനും വിശ്വാസികർമ്മങ്ങൾക്ക് ക്രമാശകം പരികർമ്മം ചെയ്യപ്പെടുവാനും വേണ്ടിയുള്ളതാണ്. അതെ, മെത്രാൻ ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പൂർണ്ണത നേടിയവനാണ്. ജനപദങ്ങളെ ഭക്തിയിൽ വളർത്തുന്ന, വിശ്വാസത്തിൽ ഉയർത്തുന്ന വ്യക്തിയാണ് മെത്രാൻ. മെത്രാന്മാർ വിശ്വാസത്തിന്റെ ആധികാരിക പ്രബോധകരാണ്. വിശ്വാസത്തിന്റെ ഭരണകർത്താക്കളാണവർ. മനുഷ്യരുടെ സാധാരണ പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം സഭയുടെ സിദ്ധാന്തങ്ങളെ ആനുകാലിക ആവശ്യങ്ങൾക്കൊത്ത് അവർ കൈകാര്യം ചെയ്യുന്നു.

വി. പൗലോസ് പറയുന്നതുപോലെ ''എല്ലാ നല്ല കാര്യങ്ങളും എന്നും ചെയ്യാൻ സന്നദ്ധരും എല്ലാം സഹിക്കാൻ തയ്യാറുള്ളവരുമാണ് മെത്രാന്മാർ.''

ഇന്നിവിടെ അത്യുന്നത കർദ്ദിനാൾ പടിയറ തിരുമേനിയുടെ കൈവയ്പ് വഴി മാർ ജോർജ് വലിയമറ്റം തലശ്ശേരി രൂപതയുടെ മെത്രാനായി മാറിയിരിക്കുന്നു. അദ്ദേഹം ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പൂർണ്ണത നേടിയിരിക്കുന്നു. തലശ്ശേരിയിലെ അജഗണത്തെ നയിക്കാൻ, അവരെ നല്ല മേച്ചിൽപുറത്തേയ്ക്ക് ആനയിക്കാൻ, അവരുടെ ആത്മീയ ദാഹത്തിന് നീർച്ചാൽ നല്കാൻ ഇന്നദ്ദേഹം നിയുക്തനായിരിക്കുന്നു.

അദ്ദേഹത്തിന്റെ മാതാപിതാക്കളെ, ഇടവകക്കാരെ, അദ്ദേഹത്തിന്റെ രൂപതാദ്ധ്യക്ഷനായ മങ്കുഴിക്കരിപ്പിതാവിനെ, ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു.

എന്നെ വളരെ ആകർഷിച്ചിട്ടുള്ള രൂപതയാണ് തലശ്ശേരി. കർഷകരുടെ പിതാവായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ 35 വർഷം നീണ്ടുനിന്ന അജപാലനം അനുഭവിച്ചറിഞ്ഞ ധന്യരൂപതയാണ് തലശ്ശേരി.

തലശ്ശേരിയുടെ രൂപവൽക്കരണത്തിനുമുമ്പ് ആദ്യകുടിയേറ്റക്കാരുടെ ആത്മീയ കാര്യങ്ങൾ നടത്തിയ കോഴിക്കോട് രൂപത

യിലെ മെത്രാന്മാരേയും വൈദികരേയും മറക്കാൻ വയ്യ. ലിയോ തിരുമേനിയും പത്രോണി തിരുമേനിയും കൂടിയേറ ജനതയെ സ്നേഹിച്ച് അവരുടെ ആത്മീയോന്നതിക്കുവേണ്ടി യത്നിച്ചവരാണ്. ആദ്യ കുടിയേറക്കാക്ക് ആത്മീയ വെളിച്ചം പകർന്ന വൈദികരും കുറവല്ല. അവരുടെ സാഹസിക കൃത്യങ്ങളും തലശ്ശേരി രൂപതയുടെ ചരിത്രത്തിന്റെ ആമുഖമത്രേ.

തലശ്ശേരി രൂപതയെ ദീർഘകാലം നയിച്ച മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മലബാറിൽ ഐതിഹാസികമായ വിജയം നേടി. അദ്ദേഹം നേതൃത്വം കൊടുത്ത കഷ്കാഭ്യാനത്തിന്റെ നേട്ടമാണ് ഇന്നു കാണുന്ന ദേവാലയങ്ങളും വിദ്യാനികേതനങ്ങളും ആതുരാലയങ്ങളും മറ്റും. കഷ്കക്രിസ്ത്യാനികളും അവരുടെ പ്രശ്നങ്ങളും തന്റേതാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചതാണ് വള്ളോപ്പിള്ളി പിതാവിന്റെ നേട്ടം. ഇന്ന് മലബാർ സമൃദ്ധിയിൽ മറ്റാരുടേയും പിന്നിലല്ല.

കുടിയേറ്റം വർദ്ധിച്ചപ്പോൾ ഇവിടെ മലമ്പനിയും മാരകരോഗങ്ങളും കീഴടങ്ങി. അല്ല, അതിനെ കുടിയേറ്റ ജനത കീഴടക്കി. തലശ്ശേരി രൂപത വിജോച്ച് ആദ്യം മാനന്തവാടിയും പിന്നെ താമരശ്ശേരിയും ജന്മമെടുത്തു. ഇന്ന് തലശ്ശേരി മാതൃസഹജമായ വാത്സല്യത്തോടെ കുടിയേറ്റ സംരക്ഷണത്തിൽ തല ഉയർത്തി നിലകൊള്ളുന്നു.

ഇന്ന് ഒരു നേതൃത്വ മാറ്റമാണ് നടക്കുന്നത്. വള്ളോപ്പിള്ളി പിതാവ് തന്റെ ധീരമായ നേതൃത്വം അനന്തരഗാമിയ്ക്ക് കൈമാറുന്നു. സങ്കീർത്തകനെപ്പോലെ മലബാർ ജനത ഒന്നടങ്കം ഇന്ന് പാടുകയാണ്.

''കർത്താവ് ഞങ്ങൾക്ക്
വള്ളോപ്പിള്ളിപിതാവിലൂടെ
വൻ കാര്യങ്ങൾ ചെയ്തതുന്നു.''

അപ്പോൾ സ്നേഹനിധിയായ ആ പിതാവ് മന്ത്രിക്കുകയാവും ''കർത്താവാണ് എന്റെ ഇടയൻ. അവിടുന്ന് എന്നെ കൈപിടിച്ച് നടത്തുന്നു.''

വള്ളോപ്പിള്ളി പിതാവ് സംതൃപ്തിയോടെ, ചാരിതാർത്ഥ്യത്തോടെ, ഇന്ന് രൂപതാഭരണം കൈമാറുന്നു. മോൺസിഞ്ഞോർ ജോർജ് വലിയമറ്റത്തിനു ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും സമൃദ്ധമായി ഉണ്ടാകട്ടെ. അദ്ദേഹത്തിനു ദൈവം ശക്തി പകരാൻ നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം.

മാർ ജോർജ്ജ് വലിയമഠം

സന്ദേശഭവന്റെ ശില്പി

ബ. ജോർജച്ചൻ ഡയറക്ടറായി ചാർജെടുക്കുമ്പോഠം ശ്രുപതാ മതബോധനകേന്ദ്രം പ്രവത്തിച്ചിരുന്നതു ബിഷപ് പ്സ് ഹൗസിലെ ഒരു കൊച്ചുമുറിയിലായിരുന്നു. വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ ഒരു ഓഫീസും ടെയിനിംഗ് സെൻറും ഉണ്ടാകേണ്ടതാവശ്യമാണെന്നു് എല്ലാവക്കും ബോദ്ധ്യമായി. മറു പ്രവത്തനങ്ങളോടൊപ്പം, തൻമൂലം, 1977-ൽ തന്നെ ബ. ജോർജച്ചൻ അതിനുള്ള ശ്രമവും ആരംഭിച്ചു. അതിന്റെ ഫലമാണു് ഇന്നു തലശ്ശരിയുടെ അഭിമാനമായി നിലകൊള്ളുന്ന മതബോധന-അജപാലനകേന്ദ്രം (സന്ദേശഭവൻ). അഭിവന്ദ്യ പിതാവിന്റെ പ്രോത്സാഹനം വേണ്ടുവോളമുണ്ടായിരുന്നെങ്കിലും ബ. ജോർജച്ചന്റെ അശ്രാന്ത പരിശ്രമഫലമാണു് സന്ദേശഭവൻ എന്നതിൽ സംശയമില്ല.

★★★

''പൗരോഹിത്യത്തിന്റെ പൂണ്ണതയിലേക്കാണല്ലോ മെത്രാന്മാർ വിളിക്കപ്പെട്ടിരിക്കുന്നത്. അവർ തങ്ങളുടെ ആടുകൾക്കുവേണ്ടി ജീവൻപോലും നിർഭയം അപ്പിക്കുവാൻ ശക്തരായി ഭവിക്കുന്നു. തങ്ങളുടെ അജഗണത്തിനു മാതൃകയായിക്കൊണ്ടു് സഭയെ ഉപരി വിശുദ്ധിയിലേക്കു് നയിക്കാൻ അവക്കു് സാധിക്കേണ്ടതാണു്''

(മെത്രാന്മാർ, വത്തിക്കാൻ II)



ഭാവുകങ്ങൾ

മാർ ജേക്കബ് തൂങ്കുഴി

കഴിഞ്ഞ 35 സംവത്സരങ്ങൾ കൂടിയേറ്റ ജനതയുടെ എല്ലാ ജീവിത പ്രശ്നങ്ങളിലും സാഹസികമായി പ്രതികരിച്ചുകൊണ്ട് പഴയനിയമത്തിലെ മോശയെപ്പോലെ വള്ളോപ്പിള്ളി പിതാവ് അവരെ സുസ്ഥിതിയുടെ കാനാൻദേശത്തേയ്ക്കു നയിച്ചു. കുടിലിൽ നിന്നു കൊട്ടാരത്തോളം പെട്ടെന്നുയർന്ന മാതൃരൂപതയായ തലശ്ശേരിയിൽനിന്നു കൂടുതൽ വളർച്ചയ്ക്കായി 1973-ൽ മാനന്തവാടിയേയും 1986-ൽ താമരശ്ശേരിയേയും വീടുവച്ചു മാറ്റിയപ്പോഴും വള്ളോപ്പിള്ളി പിതാവിനെ രൂപതകളുടെ പിതാവെന്നും ജനങ്ങൾ വിളിച്ചുതുടങ്ങി. ഇന്നിതാ, ആ വത്സല പിതാവ് വിടവാങ്ങുന്നു, ഭരണസാരഥ്യത്തിൽ നിന്നു മാത്രം. പിതൃത്വം നഷ്ടപ്പെടുന്ന ഒന്നല്ലാത്തതുകൊണ്ട് അദ്ദേഹം എന്നെന്നും മലബാർ ജനതയുടെ പിതാവുതന്നെ.

വള്ളോപ്പിള്ളി പിതാവിൽനിന്നു രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുക്കുന്ന ഡോ. ജോർജ് വലിയമറ്റം അദ്ദേഹത്തിന്റെ ഊർജസ്വലനായ പിൻഗാമിയാണ്. ദൈവം അദ്ദേഹത്തെ വേണ്ടപോലെ ഒരുക്കിയാണ് ഈ വലിയ ഉത്തരവാദിത്വത്തിലേക്കു നയിച്ചതു്. രൂപതയുടെ എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും പരിചയമുള്ള ഡോ. വലിയമറ്റത്തിന്റെ ത്യാഗപൂർണ്ണമായ പ്രവർത്തനം കൊണ്ടു തന്നെ തലശ്ശേരി രൂപത മതബോധന രംഗത്തു കേരളത്തിലെ ഏറ്റവും നല്ല രൂപതയായി ഉയർന്നതു്.

ലാളിത്യം, വിനയം, സേവനസന്നദ്ധത, വിശുദ്ധി എന്നിവ ഒത്തിണങ്ങിയ ഒരു നല്ല ഇടയനെ പിൻഗാമിയായി ലഭിച്ചതിൽ രൂപതയോടും വള്ളോപ്പിള്ളി പിതാവിനോടുമൊത്തു മാനന്തവാടി രൂപതയും സന്തോഷിക്കുന്നു.

★★

തലശ്ശേരി രൂപത ഒരവലോകനം

മലബാർ കുടിയേറ്റത്തിന്റെ ചരിത്രം ഒരു പുറപ്പാടിന്റെ ചരിത്രമാണ്. ശാദ്വലഭൂമികംതേടി മദ്ധ്യതിരുവിതാംകൂറിൽനിന്നു വന്നവർ കൊട്ടംകാടിനോടും മലമ്പനിയോടും മദയാനയോടും പൊരുതി ജയിച്ച സാഹസികതയുടെ ചരിത്രം. ഈജിപ്തിൽനിന്നു പുറപ്പെട്ട ഇസ്രായേൽജനം നാല്പതു സംവത്സരത്തോളം മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടിവന്നു. അതിനുശേഷമാണ് അവർ കാനാൻ ദേശത്തു് എത്തിയതു്. ഏതാണ്ടു് അതുപോലെയാണ് മലബാറിലെ കുടിയേറ്റക്കാരുടെ കഥയും. ഏറെക്കുറെ നാല്പതു കൊല്ലംതന്നെ വേണ്ടിവന്നു മലബാറിലെ കുടിയേറ്റ ജനതയുടെ കഷ്ടപ്പാടുകളും ദുരന്തങ്ങളും കുറഞ്ഞു സമാധാനത്തിന്റേയും സമൃദ്ധിയുടേയും അവസ്ഥ സംജാതമാകുവാൻ.

മലബാർ കുടിയേറ്റം 1928-ൽ ആരംഭിച്ചുവെന്നു വിചാരിക്കാം. ഒറ്റക്കും പെട്ടക്കും കൂട്ടമായും തുടർച്ചയായി ആളുകൾ വന്നുകൊണ്ടിരുന്നു. 1935 മുതൽ വിപുലമായ രീതിയിൽ കുടിയേറ്റം നടന്നു. 1945 മുതൽ 60 വരെയുള്ള കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ ആളുകൾ മലബാറിലെ വനഭൂമികൾ കീഴടക്കുവാനെത്തിയതു്. വന്നവരിൽ ഏറെയും സുറിയാനി കത്തോലിക്കരായിരുന്നു. ആദ്യകാലഘട്ടങ്ങളിൽ അനുഭവിച്ച ത്യാഗത്തിന്റേയും യാതനയുടേയും കഥകൾ കേട്ടാൽ അവിശ്വസനീയമാണ്. ദുർഗമങ്ങളായ വനഭൂമികൾ, പേടിപ്പെടുത്തുന്ന വന്യമൃഗങ്ങൾ, ഇരുകരകളും കവിഞ്ഞൊഴുകുന്ന പുഴകൾ, മലമ്പനിയുടെ തേർവാഴ്ച, കുടിയിറക്കു ഭീഷണികൾ

—പ്രതിബന്ധങ്ങളുടെ പത്മവ്യൂഹത്തെയാണ് അവർക്ക് നേരിടേണ്ടി വന്നത്. കണ്ണുനീരിന്റേയും കഷ്ടപ്പാടിന്റേയും കഥയാണ് ആദ്യ കാല കുടിയേറ്റക്കാർക്ക് പറയുവാനുള്ളത്. കൊടുംപട്ടിണിയുടെ ഭീകരമുഖം കണ്ട് അവർ പിന്തിരിഞ്ഞില്ല. എത്രയോ കുടുംബങ്ങളിലെ മുഴുവൻ അംഗങ്ങളുംതന്നെ മലമ്പനി എന്ന രക്തരക്ഷസ്സിനു ബലിയപ്പിക്കപ്പെടേണ്ടിവന്നു. വിധിയോട് അവർ ധീരമായി പൊരുതി നിന്നു. പ്രാഥമികസൗകര്യങ്ങളും പോലുമില്ലാതിരുന്ന മലമടക്കുകളിൽ അവർ നഗരങ്ങളും പണിതു. കൊടുംകാടിനെ അവർ വിളഭൂമിയാക്കി. ഇന്നു മലബാറിന്റെ മലയോരങ്ങളും സമ്പൽസമൃദ്ധമാണ്. വന്യമൃഗങ്ങളുടെ വിഹാരഭൂമികളും ആധുനിക ജീവിതസൗകര്യങ്ങളെല്ലാമുള്ള ടൗണുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഏറ്റമാടങ്ങളും കെട്ടിരാപാത്തിരുന്ന പ്രദേശങ്ങളിൽ ആധുനികരീതിയിൽ നിർമ്മിക്കപ്പെട്ട മണിസൗധങ്ങളും ബ്രഹ്മാണ്ഡങ്ങളായ ദേവാലയങ്ങളും തലയുയർത്തി നില്ക്കുന്നു. വിയർപ്പും രക്തവും ഒഴുകിവീണ ഭൂമിയിൽ സമൃദ്ധിയുടെ വസന്തോത്സവം.

കുടിയേറ്റക്കാരായ സുറിയാനി കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങളും ആദ്യകാലത്തു നിർവ്വഹിച്ചിരുന്നതു കോഴിക്കോട്ടു രൂപതയുടെ മെത്രാനും വൈദികരുമായിരുന്നു. ആ കാലഘട്ടത്തിൽ മലയോരങ്ങളിൽ ദേവാലയങ്ങളോ സ്കൂളുകളോ റോഡുകളോ ആസ്പത്രികളോ ഒന്നും ഉണ്ടായിരുന്നില്ല. അനേകം മൈലുകളും നടന്നു മലയോരങ്ങളിലെ വിശ്വാസികളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്ത കോഴിക്കോട് രൂപതയിലെ ത്യാഗധനരായ വൈദികരെ വിസ്മരിക്കുവാൻ മലബാറിനു സാധിക്കുകയില്ല.

കാലം കഴിഞ്ഞതോടെ കുടിയേറ്റം വർദ്ധിച്ചു. മലബാറിന്റെ കിഴക്കൻ പ്രദേശങ്ങളെല്ലാം കുടിയേറ്റക്കാർ കീഴടക്കി. 1953 ഡിസംബർ 31 നു കുടിയേറ്റക്കാരായ സുറിയാനി കത്തോലിക്കർക്കു വേണ്ടി ഒരു രൂപത സ്ഥാപിതമായി—തലശ്ശേരി രൂപത. സീറോ മലബാർ സഭയെ ജീവനു തുല്യം സ്നേഹിക്കുകയും അവളുടെ ചരിത്രം നന്നായി പഠിക്കുകയും ചെയ്ത കർദ്ദിനാൾ ടിസറൻറാണ് രൂപതാ സ്ഥാപനത്തിന്റെ സൂത്രധാരൻ. ഇന്നത്തെ തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകളും പാലക്കാട് രൂപതയുടെ ഏതാനും ഭാഗങ്ങളും ഉൾക്കൊള്ളുന്ന വളരെ വിശാലമായ ഒരു രൂപതയായിരുന്നു അതു്. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ രൂപതാദ്ധ്യ

ക്ഷനായി നിയമിച്ചു. പുതിയ ശ്രപാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ മലബാറിലെ കുടിയേറ്റ ജനത വികസനത്തിന്റേയും പുരോഗതിയുടേയും പുതിയ ഇതിഹാസങ്ങൾ വിരചിച്ചു. ശ്രപതയുടെ സാരഥിയായി നിയമിക്കപ്പെട്ട വള്ളോപ്പിള്ളി പിതാവിന്റെ കൈകളിൽ ശക്തി പകർന്ന കൊട്ടുത്ത ആദ്യകാല വൈദികരുടെ സേവനം വിസ്മരിക്കുക വയ്യ.

വള്ളോപ്പിള്ളി പിതാവ് എല്ലാ അർത്ഥത്തിലും കുടിയേറ്റ ജനതയുടെ പിതാവാണ്. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ അവരേക്കാൾ മനസ്സിലാക്കി അവരുടെ വേദനയിലും കണ്ണീരിലും ആശങ്കയിലും സന്തോഷത്തിലും അവരോടൊപ്പവും അവർക്കുവേണ്ടിയും അദ്ദേഹം നിലകൊണ്ടു. ഷിമോഗായിലും പുൽപ്പള്ളിയിലും കൊട്ടിയൂരും ഗ്രഡല്ലൂരും കുടിയിറക്കു ഭീഷണി ഉണ്ടായപ്പോൾ അദ്ദേഹം അവർക്കുവേണ്ടി പടപൊരുതി. ഷിമോഗായിൽ കുടിയിറക്കപ്പെട്ട പാവപ്പെട്ട കർഷകരുടെയിടയിൽ കൂടാരമടിച്ചു താമസിച്ചുകൊണ്ട് അവരുടെ വേദനയിൽ പങ്കുകൊള്ളുകയും അവരുടെ പുനരധിവാസത്തിനുവേണ്ടി കാര്യങ്ങളെല്ലാം നടത്തുകയും ചെയ്തു. സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും മൂർത്തീമദ്ഭാവമായ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം ആകാശം മുട്ടിനിൽക്കുന്ന ഔന്നത്യം ഉൾക്കൊള്ളുന്നു. ആരേയും ആകർഷിക്കുന്ന പെരുമാറ്റം, ഗാന്ധിയൻ ആദർശങ്ങളിൽ ശ്രപ്പെട്ട ജീവിതശൈലി, അപാരമായ ക്രാന്ത ദർശിത്വം, പതറാത്ത വിശ്വാസം, നിരന്തരമായ പ്രാർത്ഥനാജീവിതം, അസൂയാർഹമായ ഭരണപാടവം, കർക്കശ്യമായ കൃത്യനിഷ്ഠ—ആ വ്യക്തിത്വത്തിന്റെ തിളക്കമാർന്ന വശങ്ങളിൽ ഏതാനും ചിലതു മാത്രമാണിവ.

35 വർഷത്തെ സമർത്ഥമായ ഭരണത്തിനുശേഷം വള്ളോപ്പിള്ളി പിതാവു സ്ഥാനമൊഴിയുമ്പോഴേക്കും ശ്രപത കൈവരിച്ച നേട്ടങ്ങൾ വിവരിക്കുവാൻ ഒരു കൊച്ചുലേഖനം അപര്യാപ്തമാണ്. തലശ്ശേരി ശ്രപത വളർന്നു മൂന്നു ശ്രപതകളായി തീർന്നിരിക്കുന്നു. 1973-ൽ മാനന്തവാടി ശ്രപതയും 1986-ൽ താമരശ്ശേരി ശ്രപതയുമുണ്ടായി. പാലക്കാട് ശ്രപതയിലും അവിഭക്ത തലശ്ശേരി ശ്രപതയിലെ ഏതാനും ഭാഗങ്ങൾ ചേർക്കപ്പെടുകയുണ്ടായി. ഇന്നു തലശ്ശേരിയിൽ 121 ഇടവകകളും 72 അൽമ ഇടവകകളും 63 കുരിശുപള്ളികളും ഉണ്ട്. 159 ശ്രപതാ വൈദികരും 9 സന്യാസ വൈദികരും ഇടവകകളുടെ അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നു. തലശ്ശേരി ശ്രപതക്കാരാ

യ 124 വൈദികർ സന്യാസസഭാംഗങ്ങളായും മിഷനറിമാരായും മറ്റു സ്ഥലങ്ങളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ത്രുപതയുടെ എല്ലാ ക്രൈസ്തവകേന്ദ്രങ്ങളും പരിതഗതിയിൽ വികസിച്ചു. എല്ലായിടത്തും റോഡുകളും മികച്ച പുഴകടക്കുവാൻ പാലങ്ങളും നിർമ്മിക്കപ്പെട്ടു. മലബാറിന്റെ മലയോരങ്ങളിലെല്ലാംതന്നെ വൈദ്യുതിയും ഫോണും മറ്റു ജീവിത സൗകര്യങ്ങളുമായി. ആധുനികശൈലിയിൽ ത്രുപകല്പനചെയ്ത പണിതീർത്ത ദേവാലയങ്ങളും മലമടക്കുകളിൽ ശിരസ്സുയർത്തി നിൽക്കുന്നു. മിക്കവാറും എല്ലാ ഇടവകകളുംതന്നെ സ്വയംപര്യാപ്തമായിത്തീർന്നിരിക്കുന്നു.

കുടിയേറ്റത്തിന്റെ ആദ്യവർഷങ്ങളിൽ യാതൊരു വിദ്യാഭ്യാസ സൗകര്യവുമില്ലാതിരുന്ന മലയോരങ്ങളിലെല്ലാം പ്രശസ്തങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടായി. ഇന്നു തലശ്ശേരി ത്രുപതയുടെ വകയായി ഒരു കോളേജും 25 ഹൈസ്കൂളുകളും 29 യു. പി. സ്കൂളുകളും 25 എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

ആതുരരംഗത്തും നിരവധി സ്ഥാപനങ്ങൾ ത്രുപതയിൽ ഉയർന്നുവന്നിട്ടുണ്ട്. ചെറുതും വലുതുമായി 14 ഹോസ്പിറ്റലുകൾ ത്രുപതയിൽ പ്രവർത്തിക്കുന്നു. അനാഥ ബാലികാബാലന്മാർക്കുവേണ്ടി ഏഴു സ്ഥാപനങ്ങളും വൃദ്ധജനങ്ങളെ പരിരക്ഷിക്കുന്ന നാലു സ്ഥാപനങ്ങളും വികലാംഗരായ കുട്ടികൾക്കുവേണ്ടി ഒരു സ്ഥാപനവും ത്രുപതയ്ക്കുള്ളിൽ സന്യാസസഭാംഗങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. മാനസിക പക്വത പ്രാപിക്കാത്ത കുട്ടികളെ സമൂഹജീവിതത്തിലേക്കു പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 14 പരിശീലന കേന്ദ്രങ്ങളും ത്രുപതയിൽ ആരംഭിച്ചിട്ടുണ്ട്. അജപാലന ശ്രുശ്രൂഷയിൽനിന്നു വിരമിക്കുകയോ രോഗാതുരരായി തീരുകയോ ചെയ്യുന്ന വൈദികർക്കു വിശ്രമജീവിതം നയിക്കാൻ ഒരു വൈദിക മന്ദിരവും ത്രുപതയുടെ വകയായിട്ടുണ്ട്.

വിവിധ ഇടവകകളിൽ ജോലി ചെയ്യുന്ന വൈദികരുടെ നേതൃത്വത്തിൽ അജപാലന പ്രവർത്തനങ്ങൾ സജീവവും കാര്യക്ഷമവുമായി നടക്കുന്നു. തുടിച്ചുനിൽക്കുന്ന ക്രിസ്തീയജീവിതത്തിന്റെ അന്തരീക്ഷം ഇടവകകളെ ചൈതന്യവത്താക്കുന്നു. അജപാലന പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്നതിനും മതബോധന പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കുന്നതിനും ഒരു മതബോധനകേന്ദ്രം ത്രുപതയിൽ പ്രവർത്തിക്കുന്നുണ്ട്.

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപതയിൽ വിപുലമായ രീതിയിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. റോഡുകൾ, കൾവർട്ടുകൾ, പാലങ്ങൾ, വീടുകൾ എന്നിവയുടെ നിർമ്മാണം, കുടിവെള്ളം സംലഭ്യമാക്കുന്ന പദ്ധതികൾ, കാർഷിക വികസനം, വളർത്തുമൃഗങ്ങളുടെ വിതരണം തുടങ്ങി നിരവധി മേഖലകളിലായി പ്രവർത്തിച്ചു തുടങ്ങിയ സാമൂഹ്യ സേവനവിഭാഗത്തിന്റെ പ്രവർത്തനം ഇന്ന് കുടുംബാരോഗ്യം, പോഷകാഹാരം, മിച്ചനിക്ഷേപം, രോഗപ്രതിരോധ മരുന്നുകളുടെ വിതരണം, സ്വയം തൊഴിൽ കണ്ടെത്തൽപദ്ധതികൾ എന്നിവയിലേക്കുകൂടി വ്യാപിപ്പിച്ചിരിക്കുന്നു. ജാതിമതഭേദമില്ലാതെ എല്ലാവർക്കും പ്രയോജനം ലഭിക്കത്തക്കവിധമാണ് പ്രവർത്തനങ്ങളും പരിശീലന പരിപാടികളും ആവിഷ്കരിച്ചിരിക്കുന്നത്. സാമൂഹ്യസേവന വിഭാഗത്തിന്റെ തലശ്ശേരിയിലുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിൽ 60 പേരോളം (അതിൽ ഭൂരിഭാഗവും അൾട്രാസ്പീഡുകാരാണ്) പ്രവർത്തിക്കുന്നുണ്ട്. രൂപതാ കേന്ദ്രത്തിലെ പ്രവർത്തകരെ കൂടാതെ വിവിധസ്ഥലങ്ങളിലായി (56 യൂണിറ്റുകൾ) 65 അല്മായർ സാമൂഹ്യരംഗത്തു മുഴുവൻസമയ പ്രവർത്തകരായുണ്ട്.

ക്രൈസ്തവജീവിതം ചൈതന്യവും ശക്തിയും ഉൾക്കൊള്ളേണ്ടതു ബൈബിളിൽനിന്നാണ്. ഇതു മനസ്സിലാക്കി ആരംഭിച്ച വചന പ്രഘോഷണവിഭാഗം കുറഞ്ഞകാലംകൊണ്ടു വളരെയേറെ കാര്യങ്ങൾ ചെയ്യുകയുണ്ടായി. ഇടവകകളിൽ ബൈബിൾ കൺവെൻഷനുകൾ സംഘടിപ്പിക്കുക, സെമിനാറുകൾ നടത്തുക, ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുക തുടങ്ങിയ പരിപാടികൾ നടത്തുന്നതോടൊപ്പം പ്രധാനമായും കുട്ടികളെ ഉദ്ദേശിച്ച് ഒരു ബൈബിൾ ചിത്രകഥ പരമ്പര പ്രസിദ്ധീകരിക്കുന്നുണ്ട്. മലയാളം, ഇംഗ്ലീഷ്, മിസ്സോ, തെലുങ്ക് തുടങ്ങിയ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന ഈ ചിത്രകഥാപരമ്പര ബൈബിൾ പ്രഘോഷണരംഗത്തു് ഇന്ത്യയിലെതന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമാണ്.

മദ്യപാനമെന്ന സാമൂഹ്യതിന്മയെ ഉൻമൂലനം ചെയ്യുവാൻ 1978-ൽ ആരംഭിച്ച മദ്യവർജ്ജന പ്രസ്ഥാനം കേരള മദ്യവർജ്ജനപ്രസ്ഥാനചരിത്രത്തിൽത്തന്നെ നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി.

പുരുഷന്മാർക്കുവേണ്ടിയുള്ള എട്ട് സന്യാസസമൂഹങ്ങളുടെ 15 ഭവനങ്ങളിലായി 37 പേർ ശ്രുപതയിൽ സേവനമനുഷ്ഠിക്കുന്നു. സ്ത്രീ കുലംകുത്തുവേണ്ടിയുള്ള 10 സന്യാസസമൂഹങ്ങളുടെ 86 ശാഖകളിലായി 714 സഹോദരികളും സേവനരംഗത്തുണ്ട്.


18,000 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള തലശ്ശേരി ശ്രുപത സൗത്തു് കാനാറായുടെ അതിർത്തികളെവരെ വ്യാപിച്ചു കിടക്കുന്നു. വിശാലമായ ഈ ശ്രുപത ഇനിയും വിഭജിക്കപ്പെടേണ്ടതു് ആവശ്യമാണു്. ഭാഷയിലും സംസ്കാരത്തിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന ഒരു പുതിയ തലമുറയാണു സൗത്തു് കാനറായിലെ കുടിയേറ്റ മേഖലയിൽ വളർന്നു വരുന്നതു്. അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വികസനത്തെ ത്വരിതപ്പെടുത്തുവാൻ ഒരു പുതിയ ശ്രുപത ഉണ്ടാകേണ്ടതിന്റെ ആവശ്യം മനസ്സിലാക്കി സൗത്തു് കാനറായിൽ ഒരു മൈനർ സെമിനാരി ആരംഭിച്ചുകഴിഞ്ഞു. പുതിയ ശ്രുപത അനുവദിച്ചുകിട്ടുവാനുള്ള പ്രാഥമികനീക്കങ്ങൾക്കു തുടക്കം കുറിച്ചിട്ടാണു് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു സ്ഥാനമൊഴിയുന്നതു്.

ശൂന്യതയിൽനിന്നു് അത്ഭുതകരമായ വണ്ണപ്രപഞ്ചത്തെ സൃഷ്ടിക്കുന്ന മാന്ത്രികനെപ്പോലെ ഒന്നുമില്ലായ്മയിൽനിന്നു് ഒരു മഹത്തായ ശ്രുപതയെ പടുത്തുയർത്തിയ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു കുടിയേറ്റ ജനതയുടെ ഹൃദയത്തിൽ എന്നെന്നും സുവർണ്ണപീഠത്തിൽ പ്രതിഷ്ഠിക്കപ്പെടും. ഇത്രയും കുറഞ്ഞ കാലംകൊണ്ടു് ഇത്രയേറെ വികാസം പ്രാപിച്ച ഒരു ശ്രുപതയും കേരളത്തിലെന്നല്ല, ലോകത്തിൽ ഒരിടത്തും ഉണ്ടായിരിക്കുകയില്ല.

''പവിത്രീകരണ ധർമ്മനിർവഹണത്തിൽ മെത്രാന്മാർ സൂക്ഷിക്കേണ്ട ഒരു വസ്തുതയുണ്ടു്. മനുഷ്യരുടെ മദ്ധ്യത്തിൽനിന്നും അവർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതും ജനങ്ങളുടെ പ്രതിനിധിയായി ദൈവസമക്ഷം നിയുക്തരായിരിക്കുന്നതും പാപപരിഹാരാർത്ഥം കാഴ്ചകളും ബലികളും സമർപ്പിക്കാൻ വേണ്ടിയാകുന്നു.''

(മെത്രാന്മാർ, വത്തിക്കാൻ II)

സമ്മേളനത്തിൽനിന്ന്...



ഫാ. ജിയോ പുളിക്കൽ

കുടിയേറ്റക്കാരുടെ പിതാവായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഔദ്യോഗിക കൃത്യനിർവഹണത്തിൽനിന്നും വിരമിക്കുന്ന ഈ നിമിഷം വികാരനിർഭരമാണ്. അഗാധമായ ക്രാന്തദർശിത്വവും ലാളിത്യവും വിനയവും ഒന്നുചേർന്ന ഒരു വ്യക്തിത്വമാണ് വള്ളോപ്പിള്ളി പിതാവിനേറ്തത്. അടിപതറാത്ത ഈശ്വരവിശ്വാസവും ഗാന്ധിയൻ ആദർശസംഹിതകളും നിരന്തരമായ പ്രാർത്ഥനാജീവിതവുമാണ് അദ്ദേഹത്തെ ഈ 35 വർഷങ്ങളിലൂടെ അടിപതറാതെ നയിച്ചത്.

മലബാറിന്റെ സാംസ്കാരിക രംഗങ്ങളിൽ നമ്മുടെ പിതാവ് നിറഞ്ഞു നില്ക്കുന്നു. അതേ, അദ്ദേഹം 'നമ്മുടെ പിതാവാണെന്ന്' എല്ലാവരും പറയുന്നു. എന്നും കുടിയേറ്റക്കാർക്കു വേണ്ടി നിലകൊണ്ട സ്നേഹപിതാവാണ് അദ്ദേഹം. വിശ്രമിച്ചിട്ടില്ലാത്ത, വിശ്രമിക്കാനറിയാത്ത വന്ദ്യപിതാവിന് ഇനി നന്മകൾ നിറഞ്ഞ ഒരു വിശ്രമ ജീവിതം നേരുന്നു.

മാർ ജോർജ് വലിയമറ്റത്തേക്കുറിച്ചോർക്കുമ്പോൾ 'എല്ലാം ചെയ്തിട്ട് ഞാൻ പ്രയോജനമില്ലാത്ത ദാസനാണെ'ന്ന ബൈബിൾ ചിന്തയാണ് കടന്നു വരിക. കഠിനാദ്ധ്വാനവും ഹൃദ്യമായ പെരുമാറ്റവും വിനയവും ഒന്നുചേർന്ന അദ്ദേഹത്തിന് പുതിയ പാതയിൽ ഭാവുകങ്ങൾ നേരുന്നു.

അത്യുന്നത കർദ്ദിനാൾ പടിയറ പിതാവ് ഒരു കുടിയേറ്റക്കാരനാണ്., ചങ്ങനാശ്ശേരിയിൽനിന്ന് ഊട്ടിയിലേയ്ക്കും ഊട്ടിയിൽനിന്ന് വീണ്ടും ചങ്ങനാശ്ശേരിയിലേയ്ക്കും അവിടെനിന്ന് എറണാകുളത്തേയ്ക്കും കുടിയേറിയ വ്യക്തിയാണദ്ദേഹം. വന്ദ്യപിതാവിന് അഭിനന്ദനങ്ങൾ !

★★

രണ്ടായിരം വർഷങ്ങളിലെ പ്രവർത്തന ചരിത്രമുള്ള ഭാരതത്തിലെ കത്തോലിക്കാസഭയിൽ 122 രൂപതകളും നിലവിലുണ്ട്. ഈ രൂപതകളിൽ 98 എണ്ണം ലത്തീൻ റീത്തിലും 21 എണ്ണം സീറോ-മലബാർ റീത്തിലും 3 എണ്ണം സീറോ മലങ്കരറീത്തിലുമാണ്. ഏറ്റവും കൂടുതൽ രൂപതകളുള്ള നാലാമത്തെ രാജ്യമാണ് ഇന്ത്യ.

കേരള സംസ്ഥാനമാണ് രൂപതകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത്- 24 രൂപതകളും. തമിഴ്നാട്ടിൽ 13ഉം മധ്യപ്രദേശിൽ 11ഉം ഉണ്ട്. ഉത്തർപ്രദേശിൽ 9ഉം മഹാരാഷ്ട്രയിലും കർണാടകത്തിലും 8 വീതവും ബീഹാറിൽ 7ഉം പശ്ചിമബംഗാളിൽ 6ഉം രൂപതകളുള്ളപ്പോൾ ഗോവയിൽ ഒന്നു മാത്രമേ ഉള്ളൂ. ഭാരതത്തിലെ ആദ്യത്തെ രൂപതയും ഇതു തന്നെ.

ഇൻഡ്യയിൽ ആകെ 122 രൂപതകൾ

രൂപതകളും സ്ഥാപനവർഷവും

ഗോവ (1534), കൊച്ചി (1557), മദ്രാസ്-മൈലാപ്പൂർ (1606), വരാപ്പൊളി (1709), ബോംബെ (1720), ആഗ്ര (1820), പട്ന (1827), കൽക്കത്ത (1834), പോണ്ടിച്ചേരി (1836), കൊല്ലം (1845), വിശാഖപട്ടണം (1850), ഹൈദരബാദ് (1851), പൂനെ (1854), കോയമ്പത്തൂർ (1854), കൃഷ്ണനഗർ (1870), അലാഹാബാദ് (1886), ബാംഗ്ലൂർ (1886), മൈസൂർ (1886), തൃച്ചിറപ്പള്ളി (1886), കോട്ടയം (1887), തൃശ്ശൂർ (1887), മംഗലാപുരം (1887), നാഗ്പൂർ (1887), അജ്മീർ-ജയ്പൂർ (1891), ചങ്ങനാശ്ശേരി (1896), എറണാകുളം (1896), കുംഭകോണം (1899), തിരുത്ത്യകോണം (1923), കോഴിക്കോട് (1923), റാഞ്ചി (1927), നെല്ലൂർ (1928), കോട്ടാർ (1930), സേലം (1930), വിജയപുരം (1930), തിരുവനന്തപുരം (1932), ജബൽപൂർ (1932), തിരുവല്ല (1933), ഷില്ലോംഗ് (1934), ഇൻഡോർ (1935), മധുര (1936), കട്ടക്ക് (ഭുവനേശ്വർ) (1937), ഡാർജിലിങ്ങ് (1937), വിജയവാഡ (1937),

തിരുവനന്തപുരം (1937), ലക്നോ (1940), ജാൻസി (1940), ഗുണ്ടൂർ (1940), വരാണസി (1947), അഹമ്മദാബാദ് (1949), ബെല്ലാരി (1949), പാല (1950), ഡിബ്രുഗാർ (1951), സാമ്പൽപൂർ (1951), റായിഗർ (1951), ജലന്ധർ (1952), ജാൽപായ്ഗുരി (1952), ജമ്മു-ശ്രീനഗർ (1952), സിൽച്ചാർ (1952), ആലപ്പുഴ (1952), തഞ്ചാവൂർ (1952), വാറങ്കൽ (1952), ബലഗാം (1953), തലശ്ശേരി (1953), അമരാവതി (1955), ഊട്ടി (1955), ഭഗൽപൂർ (1956), മേററാ (1956),കോതമംഗലം (1956), ദൽഹി (1959), ഛാന്ദാ (1962), ജാംഷെഡ്പൂർ (1962), ഡുൻക (1962), ഭോപ്പാൽ (1963), ചിക്കമാഗലൂർ (1963), റായിപ്പൂർ (1964), ബറോഡ (1966), കർണ്ണൂൽ (1967), ബാലേശ്വർ (1968), സാഗർ (1968), സത്ന (1968), ഉജ്ജ്യിൻ (1968), സിംല-ഛാന്ദ് (1969), വെല്ലൂർ (1969), ഡാൽത്തോൻഗാജ് (1971), ജഗദ്പൂർ (1971), കൊഹീമ (1973), മാനന്തവാടി (1973), തൂറാ (1973), പാളയംകോട്ട (1973), ബർഹാംപൂർ (1974), പാലക്കാട് (1974), തേസ്പൂർ (1975), കാർവാർ (1976), നൽഗോണ്ട (1976), കഡപ്പ (1976), എൽറൂ (1976), കണ്ട്വ (1977), രാജ്കോട്ട് (1977), ബിജ്നോർ (1977), കാഞ്ഞിരപ്പള്ളി (1977), ബാരിയപ്പൂർ (1977), അംബികാപ്പൂർ (1977), ഔറംഗബാദ് (1977), റായിഗഞ്ച് (1978), ഇരിഞ്ഞാലക്കുട (1978), ബത്തേരി (1978), റൂർക്കല (1979), ഇംഫാൽ (1980), മുസാഫർപൂർ (1980), ഡിഫു (1983), പോർട്ട്ബ്ലെയർ (1984), ഗോരഖ്പൂർ (1984), ഉദയ്പൂർ (1984), പുനലൂർ (1986), താമരശ്ശേരി (1986), നാസിക് (1987), കോട്ടപ്പുറം (1987), ശിവഗംഗ (1987), ഖമ്മാം (1988), കല്യാൺ (1988), ഷിമോഗ (1988), ബാറേയ്ലി (1989).

ഭാരതത്തിൽ ആദ്യത്തെ കത്തോലിക്കാ രൂപത നിലവിൽ വരുന്നത് 1534-ലാണ്. സ്വാതന്ത്ര്യം ലഭിക്കുന്ന 1947ൽ ഇന്ത്യയിലുണ്ടായിരുന്നത് 48 രൂപതകളാണ്.



''സഹജീവികളോടുള്ള സ്നേഹമാണ് യഥാർത്ഥ മതവിശ്വാസം''

(വില്യം സ്റ്റെൻ)

മാർ ജോർജ് വലിയമഠം

1983 മെയ് മാസത്തിൽ ബ. ജോർജച്ചൻ മതബോധന ഡയറക്ടർ സ്ഥാനത്തുനിന്നു വിരമിച്ചതു ശ്രുപതയിലെ മൈനർ സെമിനാരിറെക്ടറും വൊക്കേഷൻ ഡയറക്ടറുമായി ചാർജെടുക്കാനായിരുന്നു. 70-നും 80-നും മദ്ധ്യേ വൈദികവിദ്യാർത്ഥികൾ പരിശീലനം നേടുന്ന മൈനർ സെമിനാരിയുടെ റെക്ടർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിസ്തുലമായിരുന്നു. ഭാവിവൈദികർ ആരായിരിക്കണമെന്നും എങ്ങനെയായിരിക്കണമെന്നും അവരുടെ ആദ്ധ്യാത്മികതയും അജപാലനശൈലിയും എന്തായിരിക്കണമെന്നും

പ്രഗത്ഭനായ സെമിനാരി റെക്ടർ


വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്ന അദ്ദേഹം അതിനുതകുന്ന ഒരു പരിശീലനപരിപാടിക്കാണു തുടക്കം കുറിച്ചതു്. സെമിനാരി വിദ്യാർത്ഥികൾക്കുമാത്രമല്ല, സഹാദ്ധ്യാപകർക്കും അടുക്കളജോലിക്കാർക്കുപോലും അവിസ്മരണീയമായിരുന്നു അദ്ദേഹത്തിന്റെ അവിടത്തെ സേവനകാലം.

വൊക്കേഷൻ ഡയറക്ടർ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും വലിയ വിജയമായിരുന്നു. വൈദിക-സന്യാസ ദൈവവിളികളുടെ കാര്യത്തിൽ പ്രഥമസ്ഥാനത്തേക്കു ഉയരാൻ തലശ്ശേരി ശ്രുപതയ്ക്കു സാധിച്ചതു് ഇതിനൊരു തെളിവാണു്.

''മനുഷ്യസേവനമാകുന്ന ഉരകല്ലിൽ ശുദ്ധനാകുമ്പോൾ മാത്രമേ നിങ്ങൾക്കു് ഈശ്വരനെ കാണാൻ കഴിയൂ''

(ശ്രീരാമകൃഷ്ണ പരമഹംസർ)

സമ്മേളനത്തിൽനിന്ന്...



ശ്രീ. മൂർക്കോത്ത് രാമുണ്ണി
I. A. S.
(Ex-High Commissioner)

അഭിവന്ദ്യ വള്ളോപ്പിള്ളി തിരുമേനി വിനയത്തിന്റേയും അനുകമ്പയുടേയും ത്യാഗത്തിന്റേയും വക്താവാണ്. പൂരാതന നിവാസികളേയും കുടിയേറക്കാരേയും അദ്ദേഹം ഒരുപോലെ കണ്ട് സ്നേഹിച്ചു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ മാഹാത്മ്യം. ഇവിടെ തലശ്ശേരിയിലെ ഒട്ടുമിക്ക നല്ല പ്രവത്തനങ്ങളുടേയും രക്ഷാധികാരിയായി ഞങ്ങൾ കണ്ടെത്തുന്നത് വന്ദ്യനായ വള്ളോപ്പിള്ളി പിതാവിനെയാണ്. മനുഷ്യരുടെ ഉയർച്ചക്കുവേണ്ടി, നന്മയ്ക്കുവേണ്ടി അദ്ദേഹം നിലകൊള്ളുന്നു. മദ്യവർജ്ജനത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ ഒരു ഉദാഹരണം മാത്രം.

അദ്ദേഹത്തിന്റെ അനുഗ്രഹവും നന്മയും ഇവിടെ എല്ലാ ജനവിഭാഗങ്ങൾക്കും ദീർഘനാളായി ലഭിക്കുന്നു. അതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, നന്ദിയുണ്ട്.

പുതിയ പിതാവിനെയും ഞങ്ങൾക്കറിയാം. അദ്ദേഹം പരിചയസമ്പന്നനാണ്. അദ്ദേഹത്തിനു് എല്ലാ ആശംസകളും നേരുന്നു. വള്ളോപ്പിള്ളി പിതാവ് ദീർഘകാലം ജീവിക്കട്ടെ. ★★

നന്ദിയോടെ,

ആശംസകളോടെ

വന്ദ്യസഹോദരരേ, പ്രിയമക്കളേ,

മുപ്പത്തിയഞ്ചു വർഷത്തെ സ്തുത്യർഹമായ ശുപതാ ഭരണത്തിനു ശേഷം, കൂടിയേറ്റക്കാരുടെ പിതാവെന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി ഈ മെയ് ഒന്നിന് സ്ഥാനമൊഴിയുകയും തലശ്ശേരി ശുപതയിൽ അദ്ദേഹത്തിന്റെ പിൻഗാമിയായി മാർ ജോർജ്ജ് വലിയമറ്റം ഭരണമേല്ക്കുകയും ചെയ്തിരിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥശക്തിയിൽ പൂർണ്ണമായി ആശ്രയിക്കുന്ന പിതാവ് 1954 മാർച്ച് മാസം 19-ാം തീയതി വി. യൗസേപ്പിന്റെ തിരുനാൾ ദിനത്തിൽ ശുപതാ അഡ്മിനിസ്ട്രേറ്റർ ആയി ഉത്തരവാദിത്വം ഏല്ക്കുകയും 1956 ജനുവരി 8-ാം തീയതി മെത്രാനായി അഭിഷിക്തനാകുകയും ചെയ്തു. അന്ന് എഴുപതിനായിരത്തോളം വരുന്ന കൂടിയേറ്റ സുറിയാനി കത്തോലിക്കാ കർഷകരുടെ ഇടയിൽ വെറും 12 വൈദികരോടൊപ്പം വന്ദ്യപിതാവ് ആരംഭിച്ച തലശ്ശേരി ശുപതയ്ക്ക് ഇക്കഴിഞ്ഞ മൂന്നരപതിറ്റാണ്ട് കാലത്തിനിടയിൽ ഉണ്ടായ വളർച്ച അത്ഭുതാവഹമാണ്.

1973-ൽ മാനന്തവാടി ശുപതയും 1986-ൽ താമരശ്ശേരി ശുപതയും ജന്മമെടുത്തു. മൂന്നു ശുപതകളിലായി അഞ്ചുലക്ഷത്തിലധികം കത്തോലിക്കരും മുന്നൂറിലധികം പള്ളികളും അത്രതന്നെ വൈദികരും 2000ത്തിലേറെ സന്യാസികളും എഴുപതോളം ഹൈസ്കൂളുകളും ഉൾപ്പെടെ ഇരുന്നൂറിൽപരം വിദ്യാലയങ്ങളും നിരവധി ആതുരാലയങ്ങളും ഉണ്ടെന്നറിയുമ്പോൾ ഈ വളർച്ചയുടെ ഏകദേശ രൂപം മനസ്സിലാകും. അതിവേഗം വളർന്നു വികസിച്ച അതിവിശാലമായ തന്റെ ശുപതയെ ദൈവാനുഗ്രഹത്തോടെ സമർത്ഥമായി നയിച്ച ചാരിതാർത്ഥ്യത്തോടെയാണ് അദ്ദേഹം വിടവാങ്ങുന്നത്. അദ്ദേഹ

ത്തിന്റെ തന്നെ വാക്കുകളം ഇവിടെ ഉദ്ധരിക്കട്ടെ. ''തുറമുഖത്തോട് അടുത്ത ഞാൻ തിരിഞ്ഞുനോക്കുമ്പോളം എന്റെ കഴിവിനൊത്തു് ഉത്തരവാദിത്വങ്ങളം നിറവേറ്റി എന്ന ആശ്വാസമുണ്ടു്''. ''ഞാൻ ആരിലാണു് വിശ്വാസമർപ്പിച്ചിരിക്കുന്നതു് എന്നു് എനിക്കറിയാം'' എന്ന വി. പൗലോസ്ശ്ലീഹായുടെ വാക്കുകളം ആദർശവാക്യമായി സ്വീകരിച്ചുകൊണ്ടു് അടിയുറച്ച വിശ്വാസത്തിലും തീക്ഷ്ണമായ പ്രാർത്ഥനയിലും ഊന്നിനിന്നുകൊണ്ടു് അദ്ദേഹം വളർച്ചയുടെ വേദനകളും പ്രശ്നങ്ങളും നേരിട്ട മലബാർ സഭയെ ആഴമായി സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ പ്രകൃതിയുടെ പ്രതികൂലസാഹചര്യങ്ങളോടു് ഏറ്റുമുട്ടി മരിച്ചുവീണ കർഷകരേയും നാനാമുഖമായ വികസനത്തിനുവേണ്ടി അവരോടൊപ്പം അത്യദ്ധ്വാനം ചെയ്തു് അകാലമൃത്യുവരിച്ച സഹപ്രവർത്തകരായ വൈദികരേയും സ്മരിക്കുമ്പോഴൊക്കെ അദ്ദേഹം നിയന്ത്രണമാകാറുണ്ടു്. ഷിമോഗയിലും പുല്പള്ളിയിലും കൊട്ടിയൂരുമെല്ലാം കർഷകർ കുടിയിറക്കു് ഭീഷണി നേരിട്ടപ്പോഴം കാക്കടവിൽ ഒഴിപ്പിക്കൽ ശ്രമം നടന്നപ്പോഴം മറ്റു പല സ്ഥലങ്ങളിലും പലപ്പോഴായി പ്രകൃതിക്ഷോഭങ്ങളം ഉണ്ടായി ആളകളം മരിച്ചപ്പോഴം അദ്ദേഹത്തിന്റെ സ്നേഹം അണപൊട്ടിയൊഴുകുന്നതും കരുത്തുറ്റ നേതൃത്വം നല്കി പ്രശ്നങ്ങളം പരിഹരിച്ചതുമെല്ലാം നമ്മളം കണ്ടിട്ടുള്ളതാണു്. കുടിയേറ്റ കർഷകരുടെ ആദ്ധ്യാത്മികവും ശാരീരികവുമായ സാമ്പത്തികവുമായ ഭദ്രതയെ കാൻതിനുകൊണ്ടിരിക്കുന്ന മദ്യാസക്തിയെന്ന അർബുദത്തിനെതിരേ പത്തു വർഷത്തിലേറെയായി അദ്ദേഹം നടത്തുന്ന ഐതിഹാസികമായ ധർമ്മസമരം–മദ്യവർജ്ജന പ്രസ്ഥാനം തന്റെ അജഗണത്തിന്റെ സമഗ്രമായ വളർച്ചയും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഹൃദയത്തുടിപ്പുകളാണു് വിളിച്ചറിയിക്കുന്നതു്.

'കർത്താവാണു് ഭവനം പണിയുന്നതു്, നമ്മളം വേലക്കാർ മാത്രം' എന്നു പറഞ്ഞുകൊണ്ടു് വിദഗ്ധനായ ഒരു ശില്പിയേപ്പോലെ പണിപൂർത്തിയാക്കി വിശ്രമത്തിനണയുന്ന ഈ നല്ലയിടയനെ ഇവിടത്തെ ദൈവജനത്തിനു് ഒരിക്കലും മറക്കാനാവില്ല. താമരശ്ശേരി രൂപതക്കു് പിതാവിനോടു് വലിയ കടപ്പാടാണുള്ളതു്. നമ്മുടെ രൂപതയുടെ സ്ഥാപനത്തിനു് മുൻകൈയെടുത്തുപ്രവർത്തിച്ചുകൊണ്ടു് അതിനാവശ്യമായ സ്ഥലവും മറ്റും കണ്ടെത്തി. പത്രമേനിക്കും മറ്റുമായി സാമ്പത്തിക സഹായം നല്കി. ഇപ്രകാരം പ്രാരംഭപ്രവർത്തനങ്ങളം എളുപ്പമാക്കിയതും മറ്റും അദ്ദേഹം തന്നെയാണു്.

അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടായിരിക്കണം നാമദ്ദേഹത്തിനു് നന്ദി പ്രകാശിപ്പിക്കുക. അദ്ദേഹത്തിന്റെ ലളിതമായ ജീവിതവും ഉറച്ച ദൈവവിശ്വാസവും ത്യാഗോജ്വലമായ സേവനവും നമുക്കു് മാതൃകയാക്കാം. സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതം ദൈവം അദ്ദേഹത്തിനു് പ്രദാനം ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിൽനിന്നു് അജപാലന ദൗത്യം ഏറ്റെടുത്തിരിക്കുന്ന മാർ ജോജ്ജു് വലിയമറ്റത്തിനും എല്ലാവിധ നന്മയും വിജയവും നേരുവാൻ ഈയവസരം ഉപയോഗിക്കുന്നു. 'ഞാൻ നല്ല ഇടയനാണു്' എന്ന കർത്താവിന്റെ വാക്കുകളും ആദർശവാക്യമായി സ്വീകരിച്ചിരിക്കുന്ന അദ്ദേഹത്തെ നല്ല ഇടയനായ യേശു നയിക്കട്ടെ എന്നു് നമുക്കു് പ്രാർത്ഥിക്കാം.

കാരുണ്യവാനായ കർത്താവു് നമ്മെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിങ്ങളെ എവരേയും ആശീർവ്വദിക്കുന്നു.

നിങ്ങളുടെ വത്സലപിതാവു്

മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി

(സർക്കുലർ നമ്പർ 5/89, താമരശ്ശേരി രൂപത)

ഇന്നു മലബാറിനു് ഒരു കാനാൻ നാടിന്റെ ശോഭയുണ്ടെങ്കിൽ അതിന്റെ പിതൃത്വത്തിനു് ഒരു അവകാശിയേയുള്ളൂ—മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി. തികഞ്ഞ സായൂജ്യത്തോടെ അദ്ദേഹം വിടവാങ്ങുന്നു, സ്വന്തം അജപാലന നേതൃത്വത്തിന്റെ അങ്കി കുടിയേറ്റക്കാരുടെ ഒരു വീരപുത്രനെ ഏല്പിച്ചുകൊണ്ടു്. ഗാന്ധിസത്തിന്റെ ഖദറിൽ പൊതിഞ്ഞ ഒരു ക്രൈസ്തവ ഇടയൻ. ത്യാഗവും ലാളിത്യവും തന്റെ ജനങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠയും മാത്രം കൈമുതലായുള്ള പുരോഹിതശ്രേഷ്ഠൻ.


(സത്യദീപം)

മാർ ജോർജ് വലിയമറ്റം

1986 ഏപ്രിൽ 28-ന് താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ ബ. ജോർജച്ചന്റെ വീട് ആ രൂപതാതിർത്തിക്കുള്ളിലായിരുന്നതിനാൽ അദ്ദേഹം തന്റെ പ്രവർത്തനരംഗം അവിടേക്ക് മാറ്റി. 1986 ജൂൺ 25-നാണ് മൈനർ സെമിനാരി റെക്ടർ സ്ഥാനത്തുനിന്ന് വിരമിച്ച് അദ്ദേഹം താമരശ്ശേരിക്ക് പോയത്. ജൂലൈ 3-ാം തീയതി പുതിയ രൂപതയുടെ ഭരണസാരഥ്യം കയ്യേറ്റ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി തന്റെ പ്രേഷ്ശിഷ്യൻ കൂടിയായ ബ. ജോർജച്ചനെ ആദ്യം രൂപതാ ചാൻസലറും സെക്രട്ടറിയുമായി നിയമിച്ചു. എന്നാൽ, ഏറെ താമസിയാതെ മതബോധനരംഗത്താണ് തന്റെ ശിഷ്യന്റെ സേവനം അപരിത്യാജ്യമായിരിക്കുന്നതെന്ന മനസ്സിലാക്കിയ അഭിവന്ദ്യ മങ്കുഴിക്കരി പിതാവ് അദ്ദേഹത്തെ താമരശ്ശേരിയുടെ പ്രഥമ മതബോധന ഡയറക്ടറായി നിയമിച്ചു. തലശ്ശേരിയിൽ പണ്ട് ചെയ്തതുപോലെ ഇടവക സന്ദർശനത്തിലൂടെ മതബോധന പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുവാനും ഫലപ്രദമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനുമാണദ്ദേഹം ആദ്യം ശ്രമിച്ചത്. തൻമൂലം വളരെ ചുരുങ്ങിയ കാലംകൊണ്ട് രൂപതയിലെ മിക്കവാറും എല്ലാ സൺഡേസ്കൂളുകളും തന്നെ സന്ദർശിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഒപ്പം തലശ്ശേരി രൂപതാ ടീമിന്റെ സഹായത്തോടെ ചതുർദ്ദിന സെമിനാറുകളും ഏകദിന സെമിനാറുകളും മറ്റും സംഘടിപ്പിച്ചു മതാദ്ധ്യാപക പരിശീലനപരിപാടികളും തുടർന്നു കൊണ്ടുപോകുവാനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. താമരശ്ശേരി രൂപതയിലും രൂപതാ മതബോധന കമ്മറ്റി, സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്, സൺഡേസ്കൂൾ ഡിപ്ലോമാ, രൂപതാ സ്കോളർഷിപ്പുകൾ തുടങ്ങിയവയ്ക്കു രൂപം നൽകുവാനും ഈ കാലയളവിൽ അദ്ദേഹത്തിനു സാധിച്ചു.

താമരശ്ശേരി രൂപതയിൽ


★★




"മംഗളം ഭവിക്കട്ടെ"
വളെളാപ്പിളളി പിതാവിന്റെ ആശംസകൾ



മാതാപിതാക്കൾ അനുഗ്രഹിച്ചയക്കുന്നു



പുതിയ ഇടയന്
മെത്രാഭിഷേക നഗരിയിലേക്ക് സ്വാഗതം



കാർഡിനൽ ആൻറണിപടിയറയ്ക്ക്
മലബാറിൻെറ ഊഷ്മളവരവേൽപ്പ്

വന്ദ്യപിതാക്കൻമാർ വിശിഷ്ടാതിഥികളോടൊപ്പം

പുതിയ ഇടയനെ കാത്ത് ദൈവജനം


മെത്രാൻപദവിയിലെ സഹോദരരുമൊന്നിച്ച്

മലബാറിലെ വൈദികഗണത്തിന്റെ


അകമ്പടിയോടെ




നിയമന ബൂളാ
രൂപതാ ചാൻസലർ വായിക്കുന്നു



അഭിഷേകകർമ്മത്തിൽ ലയിച്ച
ഭക്തിലീനമായ ഒരു രംഗം



മെത്രാഭിഷേക വേദി



ഏത്ര സമുന്നതമിന്നു .....
ഗായകസംഘത്തിന്റെ ശ്രുതികളിൽ

തലശ്ശേരി രൂപത ഒറ്റനോട്ടത്തിൽ

1953-ൽ രൂപം കൊണ്ട തലശ്ശേരി രൂപത 1973ൽ വിഭജിച്ച് മാനന്തവാടി രൂപതയുണ്ടായി. 1974ൽ തലശ്ശേരി രൂപതയുടെ ഏതാനും ഭാഗങ്ങൾ കൂട്ടിച്ചേർത്ത് പാലക്കാട് രൂപത ആരംഭിച്ചു. 1986ൽ തലശ്ശേരി രൂപതയെ വീണ്ടും വിഭജിച്ച് താമരശ്ശേരി രൂപത സ്ഥാപിതമായി. ഇപ്പോഴത്തെ തലശ്ശേരി രൂപതയുടെ സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

വിസ്തീർണ്ണം	18000 ച. കി. മീ.
കത്തോലിക്കാ ജനസംഖ്യ	244042
ഫൊറോനാപള്ളികൾ	7
ഇടവകപള്ളികൾ	121
കുരിശുപള്ളികൾ	72
രൂപതാ വൈദികർ	159
രൂപതയിൽനിന്നുള്ള മിഷനറി / സന്യാസവൈദികർ	124
വൈദിക വിദ്യാർത്ഥികൾ	138
സന്യാസാശ്രമങ്ങൾ	15
മഠങ്ങൾ	91
മൈനർ സെമിനാരി	2
കോളേജ്	1
ഹൈസ്കൂൾ	25
യു. പി. സ്കൂൾ	29
എൽ. പി. സ്കൂൾ	25
നഴ്സറി സ്കൂൾ	59
ആശുപത്രി	14
ബാലമന്ദിരങ്ങൾ	7
വൃദ്ധമന്ദിരങ്ങൾ	5
മന്ദബുദ്ധി പരിശീലന കേന്ദ്രങ്ങൾ	14
സോ. സർവ്വീസ് യൂനിറ്റുകൾ	57

മാർ ജോർജ് വലിയമറ്റം

ലാളിത്യവും വിനയവും സൗഹൃദവും നിറഞ്ഞ പെരുമാറ്റ രീതി മാർ ജോർജ് വലിയമറ്റത്തിന്റെ ഒരു പ്രത്യേകതയാണ്. സ്വന്തം കഴിവുകളേയും സ്ഥാനമാനങ്ങളേയും നേട്ടങ്ങളേയും കുറിച്ച് അജ്ഞനാണോ എന്നുപോലും അദ്ദേഹത്തിന്റെ പെരുമാറ്റം കണ്ടാൽ തോന്നും. സ്വയം നിസ്സാരനായി കണക്കാക്കുകയും മറ്റുള്ളവരെയെല്ലാം തന്നേക്കാൾ ശ്രേഷ്ഠരായി കാണുകയും ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ സ്വഭാവരീതി. തത്വങ്ങളിലും ആദർശങ്ങളിലും ഉറച്ചുനിൽക്കുമെങ്കിലും പൊരുത്തപ്പെടാവുന്ന കാര്യങ്ങളിലെല്ലാം വിട്ടുവീഴ്ചയോടെ മറ്റുള്ളവരുടെ ആശയഗതികൾക്കും അഭിപ്രായങ്ങൾക്കും മു�ൻതൂക്കം നൽകാൻ അദ്ദേഹം എന്നും തയ്യാറാണ്. സ്വന്തം ബോദ്ധ്യങ്ങൾ വച്ചുപുലർത്തിക്കൊണ്ടുതന്നെ മറ്റുള്ളവരുടെ കാഴ്ചപ്പാടുകൾ മനസ്സിലാക്കാനും അവയെ ആദരിക്കാനും സ്വന്തം അഭിപ്രായങ്ങൾ ആരുടെമേലും അടിച്ചേല്പിക്കാതിരിക്കാനുമുള്ള ഈ ഹൃദയവിശാലത മൂലം സഹപ്രവർത്തകർക്കെല്ലാം അദ്ദേഹത്തോടൊത്തു പ്രവർത്തിക്കുവാൻ ഇഷ്ടമാണ്. 'ഇന്നതുചെയ്യണം' എന്നദ്ദേഹം ഒരിക്കലും കല്പിക്കാറില്ല. പക്ഷേ അദ്ദേഹവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്നവർക്ക് ആ വലിയ മനസ്സിന്റെ പലപ്പോഴും വേണ്ടത്ര പ്രകടിപ്പിക്കപ്പെടാത്ത ആശയങ്ങൾപോലും സ്വീകരിക്കാതിരിക്കാൻ കഴിയാറില്ല.

സവിശേഷ വ്യക്തിത്വത്തിന്റെ ഉടമ

പിന്നിൽനിന്നു പ്രവർത്തിക്കുന്നതായിരുന്നു ബ. ജോർജച്ചനു് എന്നും ഇഷ്ടം. സഹപ്രവർത്തകരെയെല്ലാം മുമ്പോട്ടു നയിച്ചിട്ട് അദ്ദേഹം പിന്നിൽനിന്നു് അവരെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കും. സൂത്രധാരനായി നിന്നുകൊണ്ട് അംഗീകാരവും നേട്ടങ്ങളും കൊയ്യാൻ സഹപ്രവർത്തകരെ സഹായിക്കുക,

അതേസമയം എന്തെങ്കിലും പോരായ്മകൾ ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുക— ഇതാണ് അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. അധികാരത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി നെട്ടോട്ടമോടുന്ന ഇന്നത്തെ ലോകത്തിൽ ബ. ജോർജച്ചൻ ഒരു അപവാദമാണ്. സ്ഥാനമാനങ്ങൾ അദ്ദേഹത്തെ തേടിച്ചെന്നിട്ടുള്ളതല്ലാതെ അവയ്ക്കുവേണ്ടി അദ്ദേഹം ഒരിക്കലും ദാഹിച്ചിട്ടില്ല.

പ്രതിബന്ധങ്ങളിലും പ്രതിസന്ധികളിലും പതറാതെ നില്ക്കാനുള്ള ബ. ജോർജച്ചന്റെ കഴിവും അനുകരണീയമാണ്. എതിർപ്പുകളിലും പ്രതികൂലസാഹചര്യങ്ങളിലുംപെട്ട് ഹൃദയം മുറിവേറ്റു പിടയുമ്പോഴും പൊട്ടിത്തെറിക്കുകയോ പൊട്ടിക്കരയുകയോ പരാതിപ്പെടുകയോ ചെയ്യാത്ത മനുഷ്യൻ. വൻ പ്രതീക്ഷകളോടെ പ്ലാൻചെയ്തു രംഭിച്ച പ്രവർത്തനപദ്ധതികളും അപ്രതീക്ഷിതമായ കാരണങ്ങളാൽ പരാജയപ്പെടുമ്പോഴും സഹപ്രവർത്തകരെല്ലാം നിരാശയിലും നഷ്ടബോധത്തിലും നിപതിച്ചാലും പരാജയത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തുകൊണ്ട് അവരെ തട്ടിയുണർത്തി വീണ്ടും പ്രവർത്തനോൻമുഖരാക്കാൻ ബ. ജോർജച്ചനുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. ഏതു സാഹചര്യത്തിലും ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് ഒരിക്കലും പതറാത്ത ശ്രദ്ധേയവിശ്വാസം പുലർത്താനും ദൈവഹിതത്തിനു സ്വയം വിട്ടുകൊടുക്കുവാനുമുള്ള ഈ ശക്തി അദ്ദേഹം ആർജ്ജിക്കുന്നതു പ്രാർത്ഥനയിലൂടെയാണ്. എല്ലാ വിഷമങ്ങളും വേദനകളും തിരുസന്നിധിയിൽ അർപ്പിച്ച് വി. കുർബാനയുടെ മുമ്പിൽ പ്രാർത്ഥനാനിരതനായിരിക്കുന്ന ബ. ജോർജച്ചൻ സഹപ്രവർത്തകർക്കെല്ലാം എന്നും പ്രചോദനവും മാതൃകയുമാണ്.

പുതിയ നായകന് മംഗളങ്ങൾ!!

(മാത്യു ജെ. കൊച്ചുപറമ്പിൽ)

''സൗഹൃത്തുക്കൾ തണ്ണീർമത്തങ്ങപോലെയാണ്. നല്ലത് ഒന്നു കിട്ടണമെങ്കിൽ നൂറ് എണ്ണമെങ്കിലും തുരന്നുനോക്കണം.''

(ക്ലോഡ് മർമെറ്റ്)

X X X X

''സത്പ്രവർത്തികളുടെ തുടക്കം സദ്വിചാരത്തിൽനിന്നാണ്.''

(സോക്രട്ടീസ്)

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

അദ്ധ്വാനികളായ കുടിയേറ്റ കർഷകരെ മലബാറിന്റെ കന്നിമണ്ണിൽ സമൃദ്ധിയുടെ പാതയിലേക്കു നയിച്ച തലശ്ശേരി രൂപതാദ്ധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി രൂപതാഭരണത്തിൽ നിന്നു വിരമിക്കുന്നു. മുപ്പത്തഞ്ചു വർഷമായി കുടിയേറ്റകർഷകരുടെ ജീവിതത്തിന്റെ കുതിപ്പിലും കിതപ്പിലും സജീവപങ്കാളിത്തം വഹിച്ച ഡോ. വള്ളോപ്പിള്ളിക്ക് ഇതാ നിറഞ്ഞ സംതൃപ്തിയോടെ വിശ്രമം.

മലബാർ കുടിയേറ്റം എന്ന അസാധാരണ മുന്നേറ്റത്തിന്റെ അപൂർവസാരഥി തലശ്ശേരി രൂപതയുടെ ഭരണസാരഥ്യം ഒഴിയുന്നു– ഇസ്രായേൽ ജനതയെ ചെങ്കടൽ കടത്തി വാഗ്ദത്തനാടിന്റെ പടിവാതിലിൽ എത്തിച്ച മോശയുടെ തലയെടുപ്പോടെ.

ബിഷപ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ആദ്യമായി തലശ്ശേരിയിലെത്തുമ്പോൾ മലബാർ എന്നു കേട്ടിട്ടേയുള്ളൂ. 35 വർഷം കഴിഞ്ഞു. ഇന്ന് അദ്ദേഹം മധ്യതിരുവിതാംകൂറിൽനിന്നുള്ള ഈ മഹാനിഷ്ക്രമണത്തിന്റെ ആരാധ്യനായ നേതാവാണ്. കേരളത്തിന്റെ രണ്ടിരട്ടി വലിപ്പമുള്ള ഒരു മേഖലയിലെ ജനതയുമായി സമഗ്രബാന്ധവത്തിലാണ് ഈ കുടക്കച്ചിറക്കാരൻ.

സഫലസ്മരണകളോടെ

രൂപതാഭരണം ഏറ്റെടുക്കുവാൻ തലശ്ശേരിയിൽ കാലുകുത്തിയ ആ ദിവസം അദ്ദേഹം വ്യക്തമായി ഓർക്കുന്നു. 1954 മാർച്ച് 19– വിശുദ്ധ യൗസേപ്പിന്റെ തിരുനാൾദിനം. ക്രിസ്തുവിന്റെ വളർത്തുപിതാവെങ്കിലും അത്രയൊന്നും അനുസ്മരിക്കപ്പെടാത്ത വിശുദ്ധൻ. ഒരു വെറും തച്ചനായിരുന്നല്ലോ അദ്ദേഹം. അവഗണിക്കപ്പെട്ട കുടി

യേറ്റ ജനതയ്ക്കുവേണ്ടി കമ്മ്രംഗത്തിറങ്ങാൻ, അവഗണിക്കപ്പെട്ട വിശ്രുദ്ധന്റെ തിരുനാൾ ദിനം. ''കുടിയേറ്റ കേന്ദ്രങ്ങളിൽനിന്നെല്ലാം ഒരുപാട് ആളുകൾ എത്തി ഞങ്ങളെ സ്വീകരിക്കാൻ. കുടിയേറ്റക്കാരുടെ കരുത്ത് കാണിക്കാൻ തലശ്ശേരിക്കാക്ക് അവസരമായി'' അദ്ദേഹം അനുസ്മരിക്കുന്നു.

തലശ്ശേരി ഹോളി റോസറി ലത്തീൻപള്ളിയിലെ ഒരു മുറിയായിരുന്നു ആദ്യത്തെ 'അരമന'. ഒരു കൊല്ലം അവിടെ താമസിച്ചു. സൗകര്യം പോരാതായപ്പോൾ ഹോളോവേ റോഡിലുള്ള കുഞ്ഞുമായൻ ഹാജിയുടെ വീട്ടിലേക്കു മാറി. വാടക 250 രൂപാ. ഒരു മുറി കുർബാന ചൊല്ലാൻ സൗകര്യപ്പെടുത്തി. രണ്ടു കൊല്ലം അവിടെ കഴിഞ്ഞു.

കൂടുതൽ സൗകര്യമായ സ്ഥലത്തിനുവേണ്ടി അന്വേഷണം തുടരുന്നതിനിടയിൽ വോൾക്കാട്ട് കമ്പനിയുടെ ഒരു പറമ്പും വലിയ കെട്ടിടവും വിൽപ്പനയ്ക്കുണ്ടെന്നറിഞ്ഞു. അതു വാങ്ങാൻ തീരുമാനമായി. അവകാശത്തർക്കങ്ങളൊന്നുമില്ലാത്ത സ്ഥലം. കെട്ടിടത്തിൽ ജില്ലാ ജഡ്ജി വാടകയ്ക്ക് താമസിക്കയാണ്. നിശ്ചിത തിയതിക്കകം ഒഴിഞ്ഞുതരണമെന്ന് കാണിച്ച കമ്പനി ജഡ്ജിക്കു നോട്ടീസു നൽകി. പക്ഷേ ജഡ്ജി വിട്ടില്ല. അദ്ദേഹം മദ്രാസ് ഗവൺമെൻറിനു് എഴുതി. സ്ഥലവും കെട്ടിടവും ജഡ്ജിക്കു താമസിക്കാൻ ഗവൺമെൻറ് ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ ആ സ്ഥലം കൈവിട്ടു.

ഒരു ദിവസം അയൽവാസിയും സുഹൃത്തുമായ അഡ്വ. വി. ആർ. കൃഷ്ണയ്യരുടെ (ഇന്നു് റിട്ട. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ) ഒരു ഫോൺ. ബിഷപ്പിനെ ഒന്നു കാണണം. വീട്ടിൽ വരണം. ''ഞാൻ ഇ. എം. എസ്-ന്റെ മന്ത്രിസഭയിൽ ചേരുകയാണ്. തിരുവനന്തപുരത്തേക്കു താമസം മാറുന്നു. വൃത്തിയായി സൂക്ഷിക്കുന്ന ഒരാൾക്കു് എന്റെ വീട് വാടകയ്ക്കു കൊടുക്കാനുദ്ദേശിക്കുന്നു. പുതിയ വീടല്ലേ, നിങ്ങൾക്കു നന്നായി നോക്കാനറിയാം.

ബിഷപ്പ് ചെന്നുകണ്ടു. സ്ഥലവും വീടും ഇഷ്ടമായി. പക്ഷേ വാടകയ്ക്കു വേണ്ട. വിലയ്ക്കാണെങ്കിൽ വാങ്ങാം. ആദ്യം കൃഷ്ണയ്യക്ക് വിസമ്മതം. പിന്നെ നല്ല വില കിട്ടിയാൽ വിൽക്കാമെന്നായി.

ഏഴേക്കർ സ്ഥലവും ഫർണിച്ചർ ഉൾപ്പെടെ വീടും 1.83 ലക്ഷം രൂപയ്ക്കു കച്ചവടം ഉറപ്പിച്ചു. മെയ് ഒന്നിനു പുതിയ കെട്ടിടത്തിൽ താമസമാക്കി. തൊഴിലാളിയായ വിശുദ്ധയൗസേപ്പിന്റെ തിരുനാൾ ദിനത്തിൽ, വിശുദ്ധന്റെ പ്രതിമ മുൻവശത്തു പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു ഗൃഹപ്രവേശം.

അറബിക്കടൽ തൊട്ടുരുമ്മുന്ന ആ വീട് വികസിപ്പിച്ചതാണ് തലശ്ശേരി രൂപതയുടെ ഇന്നു കാണുന്ന പ്രശാന്തസുന്ദരമായ ആസ്ഥാനമന്ദിരം. ''വോൾക്കാട്ടുകാരുടെ വീട് ഉറപ്പിച്ചതാണ്. അതുപോരെന്നു കണ്ടിട്ടു ദൈവം അതു തട്ടിത്തെറിപ്പിച്ചു. എന്നിട്ടു കൃഷ്ണയ്യരെ പറഞ്ഞയച്ചു.'' ബിഷപ്പ് വള്ളോപ്പിള്ളി എന്തിലും ദൈവപരിപാലനയുടെ അദൃശ്യകരങ്ങൾ ദർശിക്കുന്നു.

''ഇവിടെയുള്ള നല്ല ഫർണിച്ചറെല്ലാം കൃഷ്ണയ്യരുടേതാണ്. അദ്ദേഹം ഒന്നും കൊണ്ടുപോയില്ല. ബെഡ്റൂം എയർകണ്ടീഷൻ ചെയ്തതായിരുന്നു. അതു ഞങ്ങൾ പൊളിച്ചുവിറ്റു. 2500 രൂപാ കിട്ടി.''

ബിഷപ് കച്ചവടവർണ്ണന നീട്ടിക്കൊണ്ടുപോയി– ദൈവപരിപാലനയുടെ മറെറാരു കഥപറയാൻ. വാങ്ങിയ ഏഴേക്കർ സ്ഥലത്ത് അഞ്ചു കുടികിടപ്പുകാരുണ്ട്. പ്രഗൽഭ നിയമജ്ഞനായ കൃഷ്ണയ്യർപോലും അവരോടു തോറ്റതാണ്. കുടിയിറക്കാൻ കഴിഞ്ഞില്ല. ബിഷപ് അവരെ ഇറക്കാനൊന്നും പോയില്ല. അവർ താനെ ഇറങ്ങി അഞ്ചുപേരും.

ആ കഥ പറയുമ്പോൾ ദൈവനന്മയിലല്ല, മനുഷ്യനന്മയിലും അദ്ദേഹത്തിനു ജ്വലിക്കുന്ന വിശ്വാസം. ''താമസം തുടങ്ങി ഏതാനുംനാൾ കഴിഞ്ഞ് ഒരു കനത്ത മഴ, അഞ്ചുപേരിൽ നേതാവിന്റെ മൺവീടു നിലംപൊത്തി. സങ്കടം പറയാൻ വന്ന അയാളോടു ഞാൻ പറഞ്ഞു. വീടുവയ്ക്കാൻ പുതിയ സ്ഥലം അന്വേഷിക്കൂ. രണ്ടായിരം രൂപ കൊടുത്താൽ സ്ഥലം കിട്ടുമെന്ന മറുപടിയുമായി അയാൾ മടങ്ങിവന്നു. രണ്ടായിരവും കൊടുത്തു. ഇതറിഞ്ഞപ്പോൾ രണ്ടാമനും വന്നു രണ്ടായിരം ചോദിച്ചു. കൊടുത്തു. പേര് ഗോപാലൻ. ഇന്ന് ഗോപാലൻ സുഖമായി കഴിയുന്നു. രണ്ടു മക്കൾ ദുബായിലാണ്. പിറേറക്കൊല്ലം നാലായിരം വീതം വാങ്ങി മറു രണ്ടു പേരും ഒഴിഞ്ഞുതന്നു. 19 അംഗങ്ങളുള്ള ഒരു മുസ്ലീം കുടുംബം ബാക്കിയായി. അവർ 9000 രൂപാ ചോദിച്ചു. അതും കൊടുത്തു.''

പാലാസ്സ് സമീപം കടനാട് ഹൈസ്സ്കൂളിൽ ഹെഡ്മാസ്റ്ററായിരിക്കുമ്പോഴാണ് കുടിയേറ്റ ജനതയെ നയിക്കാൻ കഷ്കപുത്രനായ വള്ളോപ്പിള്ളിയെ വത്തിക്കാനിൽനിന്നു നിയമിച്ചതു്.'' ''ഞാൻ അന്നു കൊച്ചച്ചനാണ്. പരിചയക്കുറവു്, പരിഭ്രമം. ധൈര്യം തന്നതു് പാലാബിഷപ്പു് വയലിൽ പിതാവാണ്. പിതാവു് എന്നെ ഒരുപാടു് സഹായിച്ചു. മലബാറിനു വരാൻ മനസ്സുള്ള അച്ചന്മാരെ കൊണ്ടുപൊയ്ക്കൊള്ളാൻ പറഞ്ഞു. 25,000 രൂപയും തന്നു. അന്നു് അതൊരു വലിയ സംഖ്യയാ. രൂപ രൂപയായിരുന്ന കാലം. ഇന്നത്തെ രൂപ 12 പൈസയല്ലേ''.

എഴുപത്തേഴാം വയസ്സിലും ചുറുചുറുക്കായ എടുപ്പും നടപ്പും. കോണിപ്പടി കയറാൻ താങ്ങു വേണ്ട. ജര തീരെയില്ല. 77-ന്റെ നരയുമില്ല. ഇന്നേവരെ രോഗമൊന്നും ബാധിച്ചിട്ടില്ല.— ഹെർണിയാസ്സു് ഓപ്പറേഷൻ വേണ്ടിവന്നതൊഴിച്ചാൽ. അതിനു കാരണം നിരന്തരമായ ജീപ്പുയാത്ര. കുടിയേറ്റമേഖലയിലെ റോഡല്ലാത്ത റോഡിലൂടെ കുലുങ്ങിക്കുലുങ്ങിയുള്ള ദീർഘമായ ജീപ്പുയാത്ര.

''എന്താണീ ആരോഗ്യത്തിന്റെ രഹസ്യം? തൊട്ടതിനൊക്കെ മരുന്നു വാങ്ങി വിഴുങ്ങരുതു്. ദിവസവും എട്ടുപത്തു ഗ്ലാസ് വെള്ളം കുടിക്കണം.''

എന്നിട്ടു് മാക്കു് ടയിനിന്റെ ഒരു തമാശ. "I consult the doctor and pay him so that he may live. I buy the medicine so that the shop keeper may live. And I throw away the medicine so that I may live."

ഡോക്ടർമാർ കോപിക്കില്ലെന്ന പ്രത്യാശയോടെ ഒരു സംസ്കൃത ശ്ലോകം കൂടി ഉദ്ധരിച്ചു.

വൈദ്യരാജ നമസ്ത്യഭ്യ:
യമരാജ സഹോദര
യമസത്യ ഹരതി പ്രാണൻ
വൈദ്യൻ പ്രാണൻ ധനാനിച''

(വൈദ്യരാജാ, അങ്ങു് യമരാജന്റെ സഹോദരനാണു്. യമരാജൻ പ്രാണനെ അപഹരിക്കുന്നു. അങ്ങു് പ്രാണനും ധനവും അപഹരിക്കുന്നു.)

താഴെ ഉച്ചക്ഷേണത്തിനിരിക്കുമ്പോഴും ഒരു പ്രദേശം. ''മുക ളിൽ വച്ചുപറഞ്ഞില്ലേ ധാരാളം വെള്ളം കുടിക്കണമെന്നു്. ഭക്ഷ ണം കഴിക്കുമ്പോഴും വെള്ളം കുടിക്കരുതു്. നന്നായി ചവച്ചിറക്കി യാൽമതി.''

സമയനിഷ്ഠയിൽ അതികർക്കശനാണു് വള്ളോപ്പിള്ളി. തിര ക്കിട്ട പരിപാടികൾക്കിടയിൽപോലും എല്ലായിടത്തും കൃത്യസമയ ത്തെത്തും. ''എനിക്കുവേണ്ടി ആരും കാത്തുനില്ക്കുന്നതു ശരിയല്ല. ഉദാഹരണം പറയട്ടെ. ഇടവകകളിൽ ഔദ്യോഗിക സന്ദർശനം നട ത്തുമ്പോഴും കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണം ഉണ്ടാകും. 200ഉം 300 ഉം കുട്ടികൾ ഉടുത്തൊരുങ്ങി എന്നെ സ്വീകരിക്കുവാൻ കാത്തു നിൽക്കും. ഞാൻ വൈകിയാൽ ആ പിഞ്ചുകുട്ടികളുടെ സ്ഥിതി യെന്താകും.''

ഗാന്ധിക്ഷേത്രിയുടെ സാക്ഷിപത്രവുമായി ഖദർധാരികുന്ന കേരളത്തിലെ ഏക ബിഷപ്പിനെ ഖദറിന്റെ ഗുണഗണങ്ങൾ ഏറെ വർണ്ണിക്കാനുണ്ടു്. ''ഇപ്പോഴത്തെ ടെർലിനും ടെറികോട്ടണു മൊക്കെ കാറുകടക്കുമോ ? വിയർത്തു കഴിഞ്ഞാൽ വീണ വായി ക്കാൻ തുടങ്ങും'' (ചൊറിയുമെന്നർത്ഥം).

''ഒരു വൈദികൻ തെറ്റുചെയ്താൽ ബിഷപ്പു് എന്നനിലയിൽ എങ്ങനെയാണു് പ്രതികരിക്കുക ?'' ''വൈദികനും മനുഷ്യനാണു്. പരമാവധി ക്ഷമിക്കുക എന്നതാണു് എന്റെ ശൈലി. മുന്നറിയി പ്പു നല്കിയിട്ടുപോലും തന്നെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോ സിനെ ക്രിസ്തു സഭയുടെ തലവനാക്കിയില്ലേ ? പാപിനിയായ സ്ത്രീയെ കല്ലെറിഞ്ഞുകൊല്ലാൻ തിടുക്കം കൂട്ടിയവരോടു പാപം ചെയ്യാ ത്തവർ അവളെ കല്ലെറിയട്ടെ എന്നല്ലേ ക്രിസ്തു പറഞ്ഞതു് ? ഇത്രയും കാലത്തിനിടയിൽ ഒരു വൈദികനെ മാത്രമേ ശിക്ഷിക്കേണ്ടി വന്നി ട്ടുള്ളു. അദ്ദേഹത്തെ പൗരോഹിത്യ പദവിയുടേതായ ജോലികളിൽ നിന്നു മുടക്കി. അങ്ങേയറ്റം ക്ഷമിച്ചിട്ടും നേരെയാകാഞ്ഞിട്ടു്.''

മദ്യത്തിന്റെ ബദ്ധവൈരിയാണു വള്ളോപ്പിള്ളി. കേരള ത്തിലെ മദ്യവർജന പ്രസ്ഥാനത്തിന്റെ കരുത്തനായ വക്താവു്. നൂറുകണക്കിനു കുടുംബങ്ങളിൽ ഇതൊന്നുകൊണ്ടു മാത്രം അദ്ദേഹം ആ രാധ്യനായി. കടിയേറ്റത്തിന്റെ സുവർണ്ണജൂബിലി 1978–ൽ ആഘോ ഷിച്ചപ്പോഴും അതു മദ്യവർജന വർഷമായിക്കൂടി ആചരിച്ചു. അ ക്കൊല്ലം മുന്നൂറോളം ഷാപ്പുകൾ അടപ്പിച്ചു. നെല്ലിക്കാംപോയിൽ

എന്ന കടിയേറ്റ കേന്ദ്രത്തിൽ 11 ഉപഷാപ്പുകൾ ഉണ്ടായിരുന്നു. 11ഉം പൂട്ടിച്ചു.വ്യക്തികളെയും കുടുംബങ്ങളെയും നശിപ്പിക്കുന്ന മദ്യപാനാസക്തിയെ സമൂഹത്തിൽനിന്നു തുടച്ചുനീക്കുമെന്നു് പ്രതിജ്ഞയെടുക്കുന്നതും ഈ ദുശീലത്തിനു് അടിമകളായവരെ മോചിപ്പിക്കണമെന്നു് അപേക്ഷിക്കുന്നതുമായ ഒരു പ്രാത്ഥന രൂപതയിലെ എല്ലാ കുടുംബങ്ങളിലും ചൊല്ലാൻ വേണ്ടി അദ്ദേഹം അച്ചടിച്ചു വിതരണം ചെയ്തു. എരുമകളെ വാങ്ങികൊടുത്തു് വ്യാജവാറുകാരെ അദ്ദേഹം പുനരധിവസിപ്പിക്കുന്നു.

ജീവിതം സഫലമായിഎന്ന സംതൃപ്തിയോടെ വള്ളോപ്പിള്ളി എന്ന ഇടയൻ വിടവാങ്ങുന്നു. തന്റെ ജനതയ്ക്കുവേണ്ടി എത്രയെത്ര സമരമുഖങ്ങളിൽ അദ്ദേഹം പോരാടി ? കൊട്ടിയൂർ, അമ്പലവയൽ, പുൽപ്പള്ളി, ഗൂഡല്ലൂർ, ഷിമോഗ, കാക്കടവു്.....

''എല്ലായിടത്തും ഞങ്ങൾ ജയിച്ചു. ഷിമോഗായിൽമാത്രം ഞങ്ങൾക്കു പിടിച്ചുനിൽക്കാനായില്ല. നിജലിംഗപ്പ കാലുമാറി. 720 കുടുംബങ്ങളെ നിർദ്ദയമായി ഇറക്കിവിട്ടു. പക്ഷേ ദൈവം അവർക്കു ചന്ദനക്കാംപാറ നൽകി.''

''ഞാൻ സ്ഥാനമൊഴിഞ്ഞാൽ കാക്കടവിൽ കുടിയൊഴിപ്പിക്കാൻ തരപ്പെട്ടമെന്നു ചിലർ സ്വപ്നം കാണുന്നതായി കേട്ടു. അതു നടപ്പില്ല.'' ആ സ്വരത്തിനു കരുത്തുറപ്പിന്റെ മുഴക്കം.

(മാത്യു മണിമല, മനോരമ)

XXXX

ഞാൻ വിരമിച്ചിട്ടു് എന്തു ചെയ്യണമെന്നു നിശ്ചയിച്ചിട്ടില്ല. എനിക്കു് എവിടെ വേണമെങ്കിലും താമസിക്കാം. വൈദിക ഭവനത്തിൽ മെത്രാനു് ഒരു മുറിയുണ്ടു്. കുന്നോത്തു് എസ്റ്റേറ്റിൽ ഒരു പുതിയ കെട്ടിടം പണിതിട്ടുണ്ടു്. ബിഷപ്സ് ഹൗസിൽ താമസിക്കാം. കോളയാടു് ഇടവകക്കാർ ഞാൻ റിട്ടയർ ചെയ്യുമ്പോൾ അവിടെത്താമസിക്കണമെന്നു" ആവശ്യപ്പെട്ടിട്ടുണ്ടു്.

എനിക്കു പ്രത്യേക സൗകര്യങ്ങളൊന്നും വേണ്ട. ആഹാരത്തിനും പ്രത്യേകതകളില്ല. ഞാൻ ഏതു സാഹചര്യത്തിലും ജീവിച്ചിട്ടുണ്ടു്. ആദ്യകാലങ്ങളിൽ തുറന്ന ഷെഡ്ഡിൽ കിടന്നു് ഉറങ്ങിയിട്ടുണ്ടു്. പരുപരുത്ത ജീവിതവുമായി ഞാൻ തഴകിയിട്ടുണ്ടു്. അതുകൊണ്ടു് എനിക്കു് ആകാംക്ഷകളില്ല.

(മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി)

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

''നിങ്ങൾക്കു ഞാനൊരു മെത്രാനാണു്. എന്നാൽ നിങ്ങളോടൊപ്പം ഞാനൊരു ക്രിസ്ത്യാനി. ആദ്യത്തേതു ഞാൻ സ്വീകരിച്ച ഒരുദ്യോഗമാണു്. രണ്ടാമത്തേതു് എനിക്കു നൽകപ്പെട്ട അനുഗ്രഹം. ഒന്നു്, ഒരപകടം, മറ്റതു് ഒരു രക്ഷ. ആകയാൽ നിങ്ങളുടെ മേൽ ഭരണം നടത്തുന്നവൻ എന്നതിനെക്കാൾ നിങ്ങളിൽ ഒരാളായി തീരുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ഞാൻ നമ്മുടെ കർത്താവിന്റെ കല്പനയനുസരിച്ചു് നിങ്ങൾക്കുവേണ്ടിയുള്ള സേവനത്തിൽ മുഴുകി...'' നാലാം നൂറ്റാണ്ടിൽ ഹിപ്പോയിലെ സഭയിൽ അത്യുജ്ജ്വല പ്രഭാവവാനായി ശോഭിച്ചിരുന്ന മെത്രാനായ സെന്റ് അഗസ്റ്റിൻ തന്റെ അധികാരം എങ്ങനെ വ്യാഖ്യാനിച്ചിരുന്നുവെന്നതിന്റെ കുറിപ്പാണിതു്. ഈ ഹൃദയഹാരിയായ സന്ദേശത്തെ സ്വന്തം ആത്മാവിലേക്കു് പകർത്തിയ മഹാനായ ഒരു പുരോഹിതനാണു് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി. നീണ്ട മുപ്പത്തഞ്ചുവർഷം ലക്ഷക്കണക്കിനു് ക്രിസ്ത്യാനികളുടെ ഇടയനായി സ്വയം ജീവിതം അർപ്പിച്ച അദ്ദേഹം മെയ് 1നു് രൂപതാ ഭരണത്തിൽനിന്നും വിരമിക്കുന്നു.

ഒരിടയൻ യാത്രപറയുന്നു

നന്മനിറഞ്ഞ ഈ സാമൂഹ്യ സേവകനെ തലശ്ശേരിയുടെ മണ്ണിനറിയാം. ആടയാഭരണങ്ങളണിയാത്ത, അലങ്കാര ഭ്രഷ്കളൊന്നുമില്ലാത്ത ഒരു സാധാരണ മനുഷ്യൻ, കഴിഞ്ഞ 35 വർഷക്കാലം അനേകം വൈദികരുടെ മേലധ്യക്ഷനായി, വിശ്വാസികളുടെ ഇടയനായി, സാംസ്കാരിക രംഗങ്ങളിലെ ആദരണീയനായി മലബാറിന്റെ മണ്ണിൽ കഴിയുകയായിരുന്നു. മനുഷ്യ ഹൃദയങ്ങളെ സ്നേഹത്തിന്റെ ഒലിവു് നൽകി ആകർഷിക്കുക എന്ന മഹൽ തത്വത്തെ സ്വജീവിതത്തിലേക്കു് അദ്ദേഹം പകർത്തി. ''ഗുണവാനും വിശ്വസ്തനുമായ

ഭൃത്യാ, അല്പത്തിൽ നീ വിശ്വസ്തനായിരുന്നു, അധികത്തിൽ നിന്നെ ഞാൻ നിയമിച്ചിരിക്കുന്നു'' എന്ന വേദവാക്യം അക്ഷരാർത്ഥത്തിൽ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ജീവിതത്തിൽ പ്രകടമായിരുന്നു. അതായത്, അജ്ഞാതമായ കടനാട് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയാണ് അതിവിസ്തൃതമായ മലബാർ മലയോരങ്ങളുടെ പ്രഥമ ഇടയനായി തിരഞ്ഞെടുക്കപ്പെട്ടത് !

ഇനി, ഈ ക്രിസ്ത്യൻ പുരോഹിതൻ എങ്ങനെയാണ് സമാദരണീയനായി മാറിയത്? അസാധാരണ സ്ഥാനത്തുനിന്നും സാധാരണക്കാരനായി മാറുക എന്ന അപൂർവ്വസിദ്ധി ഈ ഇടയനിൽ അനുഗ്രഹിക്കപ്പെട്ടിരുന്നു. അതിഥിമര്യാദക്ക് അദ്ദേഹം പ്രശസ്തനായിരുന്നു. തന്നെ കാണാൻ എത്തുന്നവൻ ഏതു മതജാതിക്കാരനായാലും വലുപ്പ ചെറുപ്പം കൂടാതെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുക. മെത്രാൻ കുപ്പുസ് മുറികം സ്വയം വൃത്തിയാക്കുന്നതു കാണാനിടയായ ഒരു ശിഷ്യൻ ആ സംഭവം ഒരത്ഭുതമായി ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു. ആശ്രമത്തിലെ മഹാത്മാഗാന്ധിയുടെ മാതൃക അപ്പടി അനുകരിച്ച ബിഷപ്പ് ഇങ്ങനെ ലളിതവും മാതൃകാപരവുമായ ജീവിതം നയിക്കുകയായിരുന്നു. അതിശയോക്തിയല്ല, സൂനഹദോസിനു എത്രയോ മുമ്പുതന്നെ അദ്ദേഹം ഒരു സൂനഹദോസൻ പിതാവായി മാറിക്കഴിഞ്ഞിരുന്നു. ഫാദർ കുന്നേൽ ഒരിക്കൽ എഴുതി: ''വെള്ളപ്പോഹയും ധരിച്ച് തിരക്കിട്ട ജോലിചെയ്യുന്ന ഒരച്ചനേയാണ് കൈമുത്തി ജോലി ഏറെറടുക്കുവാൻ ചെന്ന ഞാൻ ആദ്യമായി അദ്ദേഹത്തിൽ കണ്ടതു. കൂടെയുണ്ടായിരുന്ന എന്റെ പിതാവ് അന്ന് ആ കൈകൾ ചുംബിച്ചപോലുമില്ല. കാരണം, മെത്രാനാണ് മുന്നിൽ നില്ക്കുന്നതെന്നു മനസ്സിലായിരുന്നില്ല ! എങ്ങനെ മനസിലാക്കും. കുരിശും മാലയുമുണ്ടോ? ചുവന്ന ബട്ടൻ പിടിപ്പിച്ച ഉടുപ്പുണ്ടോ ?...''

അപരിചിതരെ സ്നേഹിതരുടെ നിലയിലേക്കുയർത്താനുള്ള മാന്ത്രികശക്തി അദ്ദേഹത്തിൽ എപ്പോഴുമുണ്ടായിരുന്നു. ആരെയും കുറ്റപ്പെടുത്തി സംസാരിക്കുകയില്ല. കുറ്റപ്പെടുത്താനുള്ള പ്രലോഭനം അങ്കുരിച്ചാൽത്തന്നെ വലതു കൈവിരൽകൊണ്ട് ചുണ്ടുകൾക്കു സ്വയം വിലക്കു കല്പിക്കുന്നതുകാണാം. ആരെയും കുറ്റപ്പെടുത്തി സംസാരിക്കുന്നതു അദ്ദേഹത്തിനു ഇഷ്ടമായിരുന്നില്ല.

മലബാർ ഒരു 'വിഷകന്യക'യായിരുന്ന നാളുകളിൽ നിബിഡവനങ്ങളെ കീഴ്പ്പെടുത്തി മഹാരോഗങ്ങളെ വെല്ലുവിളിച്ച് പുതി

യൊരു കാനാൻ ദേശം പട്ടത്തുയത്താൻ മദ്ധ്യതിരുവിതാംകൂറിൽനി ന്നെത്തിയ കുടിയേറ്റക്കാരുടെ ആദ്ധ്യാത്മിക നേതാവായി 1954-ൽ കടന്നുവന്നു. കുടിയേറ്റ ജനതയുടെ വിയർപ്പും വേദനയും ഗദ്ഗ ദവും പ്രയാസങ്ങളും അദ്ദേഹത്തിനേറ്റതായി മാറി. അന്നു് കുടിയേറ്റ മേഖല മറ്റൊരു മദ്ധ്യതിരുവിതാംകൂറാക്കി മാറ്റുന്നതിൽ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ടു്.

നീണ്ട 35 വർഷത്തെ വിശ്രമരഹിതമായ കഠിനാദ്ധ്വാന ത്തിന്റെ സദ്ഫലങ്ങൾക്കു മുമ്പിൽ, തലശ്ശേരി രൂപത ജന്മമേകിയ മാനന്തവാടി, താമരശ്ശേരി രൂപതകൾക്കു മുമ്പിൽ, ഇവിടെയാകെ കൈവന്ന അസൂയാർഹമായ നേട്ടങ്ങളുടെ മുമ്പിൽ ഈ ഇടയൻ ദൈവത്തിനു് നന്ദി പറയുന്നു.

1911 ഓഗസ്റ്റു് 4നു് വിശുദ്ധ ജോൺ മരിയവിയാനിയുടെ തിരുനാൾ ദിനത്തിൽ പാലായിലെ കുടക്കച്ചിറ ഇടവകയിൽ പുരാ തനമായ വള്ളോപ്പിള്ളി കുടുംബത്തിൽ പൗലോസു് റോസ ദമ്പതി മാരുടെ ഇളയ പുത്രനായി ജനിച്ചു. കുറിച്ചിത്താനം, ഉഴവൂർ എന്നി വിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം ചെയ്തു. 1945 ആഗസ്റ്റു് 24നു് വൈദികപട്ടസ്വീകരണം, പിന്നീടു് ഭരണങ്ങാനം ഹൈ സ്കൂൾ അദ്ധ്യാപകനായി പ്രഥമ നിയമനം. ഇക്കാലത്തു് വാഴ്ത്ത പ്പെട്ട അൽഫോൻസാമ്മയെ കാണുവാനും പരിചയപ്പെടാനും അവ സരം കൈവന്നു. കടനാട്ടു് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിക്കുമ്പോഴായിരുന്നു തലശ്ശേരി രൂപതയുടെ അദ്ധ്യക്ഷനാ യി തിരഞ്ഞെടുക്കപ്പെട്ടതു്.

1954 മാർച്ചു് 19-നു് രൂപതാ ഭരണസാരഥ്യം ഏറ്റെടുത്തു. 1956 ജനുവരി 8-നു് റോമിൽവച്ചു് കാർഡിനൽ ടിസറാന്റിന്റെ പ്ര ധാന കാർമ്മികത്വത്തിൽ മെത്രാഭിഷേകം നടന്നു. 1970-ൽ പൗരോ ഹിത്യ രജത ജൂബിലിയും 1981-ൽ മെത്രാഭിഷേക രജതജൂബിലി യും ആഘോഷിച്ചു.

ആദ്ധ്യാത്മിക പിതാവിന്റെ നീണ്ട മൂന്നര പതിറ്റാണ്ടു കാല ത്തെ സേവനം കുടിയേറ്റഭൂമി എക്കാലത്തും നന്ദിയോടെ അനുസ്മ രിക്കും. കാരണം, കുടിയേറ്റ കർഷകരുടെ ധർമ്മസങ്കടങ്ങൾക്കു മു മ്പിൽ ഒരു പിതാവിന്റെ ആത്മീയ നേതൃത്വം നൽകാൻ എന്നും മു

ന്നിൽ ഉണ്ടായിരുന്നു. ഷിമോഗ കടിയിറക്കു പ്രശ്നത്തിൽ വള്ളോപ്പിള്ളി പിതാവ് അനുഷ്ഠിച്ച കർമ്മധീരമായ നേതൃത്വം ആ സ്ഥലത്തെ ക്രിസ്ത്യാനികൾക്കു മറക്കാനാവില്ല.

പക്ഷേ, ചിലപ്പോഴെങ്കിലും മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി വിവാദപുരുഷനായി മാറിയിട്ടുണ്ട്. കാക്കടവ് പദ്ധതിയെ എതിർത്തപ്പോഴും കശുവണ്ടി പ്രശ്നത്തിൽ ബിഷപ്പ് ഹൗസിൽ അനുഭാവ നിരാഹാരം അനുഷ്ഠിച്ചപ്പോഴും വള്ളോപ്പിള്ളി പിതാവിനെ സ്നേഹിച്ചവർ അസ്വസ്ഥരായി. എങ്കിലും മദ്യനിരോധന പ്രക്ഷോഭങ്ങളിൽ ബിഷപ്പിന്റെ അകം തുറന്നുള്ള പ്രവർത്തനം പൊതുജനങ്ങൾക്കിടയിൽ സ്വീകാര്യത സൃഷ്ടിച്ചിരുന്നു.

അതുപോലെ തലശ്ശേരി രൂപതയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്കു മുഴവനും തുടക്കം കുറിച്ചതു് വള്ളോപ്പിള്ളി പിതാവായിരുന്നു. ഇന്നത്തെ അതിവിശാലമായ മെത്രാസന മന്ദിരം നിയമമന്ത്രിയും സുപ്രീം കോടതി ജസ്റ്റിസുമായിരുന്ന വി. ആർ. കൃഷ്ണയ്യരിൽ നിന്നും വിലക്കു വാങ്ങിയതു വള്ളോപ്പിള്ളി മെത്രാന്റെ നയതന്ത്രജ്ഞത വെളിപ്പെടുത്തുന്ന സംഭവമാണു്. ഇതിന്റെ നിദാനമാണു് സൗത്ത് കാനറായിലെ ധർമ്മസ്ഥലത്തുവച്ചു് ഹൈന്ദവരായ ജനസഹസ്രങ്ങളെ അദ്ദേഹത്തിനു നൽകിയ ആവേശകരമായ സ്വീകരണം.

'ഗോതമ്പുമണി നിലത്തു വീണു് അഴിയുമ്പോഴാണു് അതു് ഫലങ്ങളെ നൽകുക' എന്ന യേശുക്രിസ്തുവിന്റെ വാക്കുകളെ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ പൗരോഹിത്യ ജീവിതം അനുവർത്തമാക്കി. തന്റെ ശിഷ്യനായ മോൺ. ജോർജ് വലിയമഠം പുതിയ മെത്രാനായി അധികാരമേൽക്കുമ്പോൾ, യേശുവിന്റെ ഈ വചനം സ്വാത്മീകരിച്ച ആ ഇടയന്റെ ജീവിതം മാതൃകയായി പിന്തുടരട്ടെ എന്നു നമുക്കാശംസിക്കാം.

(ഇ. എം. അഷ്റഫ്, മാതൃഭൂമി)

''വിവേകിയായ സ്നേഹിതൻ ഈശ്വരന്റെ പ്രതിനിധിയാണു്''

(യൂറിപ്പിഡീസ്)

★★

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി


1928-ൽ ഹൈസ്കൂളിൽ പഠിക്കുമ്പോഴാണു ഞാൻ ഖദർ ധരിക്കാൻ തുടങ്ങിയതു്. സിലോണിൽ കാൻഡിയിൽ പഠിച്ച കാലമൊഴിച്ചു് ഇന്നുവരെ ഞാൻ ഖദറേ ധരിച്ചിട്ടുള്ളൂ. പാലായിലെ കോൺഗ്രസ്സുകാരനും ഗാന്ധിയനുമായ ഡേവിഡ് മഹാപിള്ള എന്ന വക്കീലിലൂടെയാണു ഞാൻ ഖദറിൽ ആകൃഷ്ടനായതു്. എന്നാൽ ഖദർ ധരിക്കുന്നവർ വഴിതെറ്റിയവരാണെന്ന ധാരണ നമ്മുടെ ഇടയിൽ അന്നുണ്ടായിരുന്നു. രാജ്യസ്നേഹത്തിന്റേയും ഗാന്ധിയൻ ആദർശങ്ങളോടുള്ള പ്രതിബദ്ധതയുടേയും പ്രതീകമായിട്ടാണു ഞാൻ ഖദർ ധരിക്കുന്നതു്. എന്റെ ക്ലാസിലെ എല്ലാ കുട്ടികളേയും ഖദറിന്റെ ഓരോ മുണ്ടും ഷർട്ടും ഉണ്ടാക്കാൻ ഞാൻ പ്രേരിപ്പിച്ചതു് ഓർമ്മിക്കുന്നു. ചങ്ങനാശ്ശേരിയിൽ ബെർക്കുമാൻസ് കോളേജിൽ ബഹു. പുരയ്ക്കൽ അച്ചൻ

ഖദറിനെ സ്നേഹിക്കുന്ന പിതാവ്

പ്രിൻസിപ്പലായിരുന്നു. നല്ലൊരു അച്ചനായിരുന്നു അദ്ദേഹം. പക്ഷേ, അദ്ദേഹം ഖദർ വിരോധിയായിരുന്നു. 1933-ൽ മോത്തിലാൽ നെഹ്രു മരിച്ചു. ഞാൻ പ്രിൻസിപ്പലിനെ കണ്ടു് ഒരു ദിവസം കോളേജിനു് അവധി തരണമെന്നു് അഭ്യർത്ഥിച്ചു. അച്ചൻ അരിശപ്പെട്ടുകൊണ്ടു ചോദിച്ചു ''നെഹ്രു നിന്റെ ആരാടാ..... ?''

ഗാന്ധിജിയുടെ ആദർശങ്ങളും അനുസരിച്ചു ജീവിക്കാൻ ഞാൻ എന്നും ശ്രമിച്ചിട്ടുണ്ടു്. റോസപ്പൂ കാണുമ്പോഴൊക്കെ ഗാന്ധിജി തന്നെ കാണാൻ വന്ന ക്രൈസ്തവ മിഷനറിമാരോടു പറഞ്ഞതു ഞാനോർമ്മിക്കുന്നു. അദ്ദേഹം മിഷനറിമാരോടു ചോദിച്ചു. ''റോസപുഷ്പം സ്വന്തം സൗന്ദര്യത്തെക്കുറിച്ചോ സൗരഭ്യത്തെക്കുറിച്ചോ പ്രസംഗിക്കുന്നുണ്ടോ ? ക്രിസ്തുമതം നല്ലതാണു്, ക്രിസ്തു ദൈവമാണു് എന്നൊക്കെ നിങ്ങളും ഓടിനടന്നു പ്രസംഗിക്കുന്നതെന്തിനു് ? ക്രിസ്തു പറഞ്ഞതുപോലെ ജീവിക്കുക. ക്രിസ്തു പറഞ്ഞില്ലേ ഒരു ചെകിട്ടത്തു് അടികൊണ്ടാൽ മറേതുകൂടി കാണിച്ചുകൊടുക്കാൻ. നിങ്ങളും അതു ചെയ്യുന്നുണ്ടോ ? ഞാൻ അതു ചെയ്യുന്നു. റോസപ്പൂവിന്റെ സുവിശേഷം കണ്ടുപഠിക്കുക''. ഗാന്ധി പറഞ്ഞതു് എത്രയോ ശരിയാണു്. ജീവിതംകൊണ്ടാണു നാം പ്രസംഗിക്കേണ്ടതു്.

★★



വിശ്വാസപ്രഖ്യാപനം



മുഖ്യകാർമ്മികൻ നിയുക്ത മെത്രാന്റെ ചുമലിൽ
വി. ഗ്രന്ഥം വച്ച് സുവിശേഷം വായിക്കുന്നു

ദിവ്യബലിയർപ്പിക്കുന്നു

ദിവ്യകാരുണ്യ പ്രദക്ഷിണം



അംശവടി ഏൾപ്പിക്കുന്നു



കുരിശും മാലയും മോതിരവും നൽകുന്നു



മാർ ജോർജ് വലിയമറ്റം
സ്ഥാനചിഹ്നങ്ങളോടെ



സ്നേഹാശ്ലേഷണം .....
വല്ലേലാക്ഷിളളിപിതാവ് പുതിയ ഇടയനു




ദൈവജനത്തെ ആശീർവദിക്കുന്നു



അജഗണങ്ങളെ അഭിവാദനം ചെയ്യുന്നു



പൊതുസമ്മേളന അദ്ധ്യക്ഷവേദി



കുടുംബാംഗങ്ങളിൽ ചിലരുമൊത്ത്

റോമിൽനിന്നും ആശംസകൾ

SECRETARIAT OF STATE
FIRST SECTION - GENERAL AFFAIRS
No, 241207

VATICAN CITY
24th MaY, 1989

My Lord Bishop,

The Holy Father duly received your message on the occasion of your retirement from the pastoral government of the Diocese of Tellicherry after thirty-five years. His Holiness is aware that during this time the grace of God has brought forth fruits of holiness and justice among the faithful entrusted to your care.

His Holiness prays that your example of ecclesial service will be an inspiration in the years to come, and he wishes you grace, peace and good health in retirement. He cordially imparts the Apostolic Blessing to yourself, to your successor Bishop George Valiamattam, and to the priests, religious and people of the Diocese.

I am happy to have the occasion to send my own good wishes and greetings. I thank you for your fraternal support and encouragement throughout my assignment in india and I assure you of remembrance in my prayers.

Yours sincerely in Christ,

(Sd.)

†E. Cassidy
Substitute

The Most Reverend Sebastian Valloppilly
Bishop Emeritus of Tellicherry
Bishop's House
P. O. Box 70
Tellicherry 670 101
Kerala

നന്ദിയോടെ, ആശംസകളോടെ

കത്താവിൽ പ്രിയപ്പെട്ടവരേ,

തലശ്ശേരി രൂപതയ്ക്ക് ഒരു പുതിയ മെത്രാനെ ലഭിച്ച വിവരം ഇതിനകം നിങ്ങളറിഞ്ഞിട്ടുണ്ടാകുമല്ലോ. കണ്ണാടകത്തിലെ ഷീരാടി ഫൊറോനാപ്പള്ളി വികാരിയായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന റവ. ഡോ. ജോർജ് വലിയമറ്റം അച്ചനെയാണ് തലശ്ശേരി രൂപതയുടെ രണ്ടാമത്തെ മെത്രാനായി പരിശുദ്ധ പിതാവ് നിയമിച്ചിട്ടുള്ളത്. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിനു 75 വയസ്സു പൂർത്തിയായപ്പോൾ പുതിയൊരു മെത്രാനെ നിയമിക്കണമെന്നു പരിശുദ്ധ പിതാവിനോടു ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചാണു ഈ പുതിയ നിയമനം ഉണ്ടായിരിക്കുന്നതു. 1989 മാച്ച് 20നു ഉച്ചകഴിഞ്ഞു 4-30നാണു പുതിയ മെത്രാനെ സംബന്ധിച്ച പ്രഖ്യാപനമുണ്ടായതു. ഇക്കാര്യം പ്രസിദ്ധപ്പെടുത്തിയ ഉടനെതന്നെ തലശ്ശേരി കത്തീഡ്രൽ ദേവാലയത്തിൽ ഒരുമിച്ചു കൂടിയിരുന്ന ദൈവജനത്തിന്റെ സാന്നിദ്ധ്യത്തിൽ വള്ളോപ്പിള്ളി പിതാവു നിയുക്തമെത്രാനെ സ്ഥാനിക ചിഹ്നങ്ങളും അണിയിക്കുകയുണ്ടായി. പുതിയ മെത്രാനു നമുക്കു ഒന്നുചേർന്നു അഭിനന്ദനങ്ങളും അർപ്പിക്കുകയും പ്രാർത്ഥന നേരുകയും ചെയ്യാം.

ചങ്ങനാശ്ശേരി രൂപതയിലെ പുന്നത്തുറ ഇടവകയിൽ വലിയമറ്റത്തിൽ തോമസ്, അന്ന എന്നീ ദമ്പതികളുടെ മൂന്നാമത്തെ പുത്രനായി 1938 സെപ്തംബർ 16നാണു ജോർജ് വലിയമറ്റം ജനിച്ചതു. ഇപ്പോൾ താമരശ്ശേരി രൂപതയിലെ കോടഞ്ചേരി ഇടവകയിലാണു അദ്ദേഹത്തിന്റെ കുടുംബം. 1955-ൽ തലശ്ശേരി രൂപത

സ്സുവേണ്ടി മൈനർ സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിച്ച അദ്ദേഹം റോമിലെ പ്രൊപ്പഗാന്ത യൂണിവേഴ്സിറ്റിയിലാണ് പഠനം പൂർത്തിയാക്കിയത്. 1963 നവംബർ 30ന് വൈദികപട്ടം സ്വീകരിച്ചശേഷം റോമിൽത്തന്നെ ഉപരിപഠനം നടത്തുകയും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം നേടുകയും ചെയ്തു. റോമിൽനിന്നും തിരിച്ചെത്തി കുറേനാൾ ഇടവക വികാരിയായും അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി, ചാൻസലർ, മിഷൻലീഗിന്റേയും മതബോധനത്തിന്റേയും രൂപതാ ഡയറക്ടർ എന്നീ നിലകളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വള്ളോപ്പിള്ളി പിതാവിന്റെ പിൻഗാമി എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വമാണ് അഭിവന്ദ്യ ജോർജ് വലിയമറ്റത്തിനു വഹിക്കാനുള്ളതു. പുതിയ മെത്രാനു തന്റെ അജപാലക ദൗത്യത്തിൽ എല്ലാ വിജയവും ദൈവാനുഗ്രഹവും ആശംസിക്കുന്നു.

1989 മയ് 1നു പുതിയ മെത്രാന്റെ സ്ഥാനാരോഹണദിനത്തിൽത്തന്നെ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു് രൂപതയുടെ ഭരണദൗത്യത്തിൽനിന്നും വിരമിക്കുകയാണു്. സ്നേഹവും നന്ദിയും നിറഞ്ഞ ഹൃദയത്തോടെയാണു് വള്ളോപ്പിള്ളി പിതാവിന്റെ കഴിഞ്ഞ 35 വർഷത്തെ സേവനം നമ്മൾ ഓർക്കുന്നതു്. കുടിയേറ്റ ജനതയുടെ ജീവിത പരിതോവസ്ഥകളിൽ പങ്കുചേർന്നുകൊണ്ടു് ഒരു കുടിയേറ്റക്കാരനേപ്പോലെ ഒരു വാടക വീട്ടിൽ താമസിച്ചുകൊണ്ടാണു് 1954 മാർച്ചു് 19നു് പിതാവു് തലശ്ശേരി രൂപതയുടെ ഭരണഭാരം ഏറ്റെടുക്കുന്നതു്. മലമ്പനിയും വന്യമൃഗങ്ങളും പട്ടിണിയും കുടിയിറക്കും കുടിയേറ്റ ജനതയെ ഭീഷണിപ്പെടുത്തിയപ്പോൾ ഒരു നല്ല ഇടയനേപ്പോലെ അദ്ദേഹം ഓടിയെത്തി അവരെ ആശ്വസിപ്പിക്കുകയും അവർക്കു ശക്തി പകരുകയും ചെയ്തിരുന്നു. യാത്രാസൗകര്യങ്ങളും തീരെ ഇല്ലാതിരുന്ന ആദ്യകാലങ്ങളിൽ മലബാറിന്റെ മലയോരങ്ങളിലെല്ലായിടത്തും ചെന്നെത്തുന്നതിനു് പിതാവിനു് വളരെയേറെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. മലബാറിൽ നേരത്തേതന്നെ കുടിയേറിയ മുതിർന്നവർക്കെല്ലാം ഇക്കാര്യങ്ങൾ നേരിട്ടറിയാവുന്നതാണല്ലോ. ജാതിമതഭേദമെന്യേ എല്ലാ മനുഷ്യരേയും ദൈവമക്കളായി കണ്ടു് അവർക്കു് ആവശ്യമായ സഹായസഹകരണം ചെയ്തു കൊടുത്ത അദ്ദേഹത്തെ ''കുടിയേറ്റ ജനതയുടെ പിതാവു്'' എന്നു് വിളിക്കുന്നതു് തികച്ചും ഉചിതമാണു്.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ത്യാഗോജ്വലമായ സേവനം വഴി തലശ്ശേരി രൂപതയ്ക്കു് അത്ഭുതാവഹമായ അഭിവൃദ്ധി

യാണു്. ഉണ്ടായിട്ടുള്ളതു് 12 വൈദികരോടൊപ്പം ആരംഭിച്ച രൂപത യിൽ ഇന്നു് സമർപ്പിത ജീവിതത്തിലൂടെ സേവനമനുഷ്ഠിക്കുന്ന നിര വധി വൈദികരും സന്യാസിനി സന്യാസികളുമുണ്ടു്. നമ്മുടെ രൂപതയ്ക്കും താമരശ്ശേരി രൂപതയ്ക്കും ജന്മം നല്കിയതു് മാതൃരൂപതയായ തലശ്ശേരിയാണെന്ന കാര്യം വളരെ സന്തോഷത്തോടെ നമ്മം അനുസ്മരിക്കുന്നു. കൂടാതെ അനേകം ഇടവകകളും ആതുരാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തലശ്ശേരി രൂപതയ്ക്കുതന്നെയുണ്ടു്. തലശ്ശേരി രൂപതയുടെ അഭിവൃദ്ധിക്കെല്ലാം പ്രധാന കാരണം രൂപ യുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവിന്റെ അനുഗ്രഹമാണു് എന്നു് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവു് അനുസ്മരിക്കാറുണ്ടു്. ഇതു യും നീണ്ട വഷ്ങ്ങം വി. പൗലോസു് അപ്പസ്തോലന്റെ തീക്ഷ്ണതയോടെ രൂപതയെ ആത്മികവും ഭൗതികവുമായ അഭിവൃദ്ധിയിലേയ്ക്കു നയിക്കുന്നതിനു് നേതൃത്വം നല്കിയ വള്ളോപ്പിള്ളി പിതാവിനു് ദൈവം നല്കിയ അനുഗ്രഹങ്ങംക്കു് പിതാവിനോടൊപ്പം നമുക്കും ദൈവത്തിനു് നന്ദിപറയാം. പിതൃസഹജമായ സ്നേഹത്തോടെ പിതാവു് നമ്മുടെ രൂപതയുടെ പുരോഗതിക്കായി എല്ലാ സഹായസഹകരണങ്ങളും നല്കിയിട്ടുണ്ടു്. ഇനിയും അതു തുടരുമെന്നു് നമുക്കു പ്രത്യാശിക്കാം. ഇനിയും ദൈവത്തെ കൂടുതൽ മഹത്വപ്പെടുത്തുന്നതിനു് അദ്ദേഹത്തിനു് ദൈവം ആരോഗ്യവും ദീർഘായുസ്സും നല്കട്ടെയെന്നു പ്രാർത്ഥിക്കാം.

അഭിവന്ദ്യ ജോർജു് വലിയമറ്റം മെത്രാനായി അഭിഷിക്തനാകുന്ന മെയു് 1-ാം തീയതി കഴിയുന്നിടത്തോളം വൈദികരും സന്യാസിനി സന്യാസികളും അത്മായ സഹോദരരും നമ്മുടെ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും പ്രകടനമായി ആ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. അതിനുവേണ്ടി ഓരോ ഇടവകയിൽനിന്നും സാധിക്കുന്നത്ര ദൈവജനത്തെ സംഘടിപ്പിക്കുന്നതിനു് ബ. വികാരിയച്ചന്മാർ നേതൃത്വം നൽകേണ്ടതാണു്. പുതിയ മെത്രാനും തലശ്ശേരി രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ടു്,

സ്നേഹപൂർവ്വം,

മാർ ജേക്കബ് തൂങ്കുഴി

(സർക്കുലർ നമ്പർ 8 / 89, മാനന്തവാടി രൂപതാ ബുള്ളറ്റിൻ)

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

മദ്യത്തിനെതിരെ സന്ധിയില്ലാസമരം

മലബാറിന്റെ മലയോരങ്ങളിൽ മദ്യവർജ്ജന സമരച്ചൂടിൽ എരിയുന്ന കാലം. തലശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന മദ്യഷാപ്പ് സമരങ്ങൾ അബ്കാരി മുതലാളിമാരെ പരിഭ്രാന്തരാക്കി. കള്ളക്കേസുകളും ഭീഷണികളും പ്രയോജനപ്പെടുന്നില്ലെന്നുകണ്ട അവർ സമരനായകനായ ബിഷപ് വള്ളോപ്പിള്ളിയെ സ്വാധീനിക്കുവാൻ ഒരുശ്രമം നടത്തി. ബിഷപ്പിന്റെ ആത്മസുഹൃത്തും സഹപാഠിയുമായ ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ അവർ അരമനയിലെത്തി.

''ഞങ്ങൾ ആരംഭിച്ചിരിക്കുന്ന ഈ പ്രസ്ഥാനം നിറുത്തുന്ന പ്രശ്നമേയില്ല. ഞങ്ങളുടെ പാവപ്പെട്ട ചേട്ടന്മാരെ കുടിപ്പിച്ച് കാശു വിഴുങ്ങുന്ന ഈ ബിസിനസ് നിങ്ങൾ നിർത്തണം.'' അദ്ധ്യാപക സുഹൃത്തിന്റെ നേതൃത്വത്തിലെത്തിയ ഷാപ്പു കോൺട്രാക്ടർമാരോട് ബിഷപ് പറഞ്ഞു. സൗമ്യമായ ഉപദേശങ്ങൾക്കൊപ്പം വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ഓരോ പടവും കുടിയേറ്റ ജൂബിലി പ്രാർത്ഥനയുടെ കോപ്പിയും നല്കി അവരെ പറഞ്ഞയച്ചു.

അധർമ്മത്തിനും അനീതിയ്ക്കും ചൂഷണത്തിനും എതിരായുള്ള എല്ലാ സമരങ്ങൾക്കും പിതാവിന്റെ അകമഴിഞ്ഞ പ്രോൽസാഹനമുണ്ടായിരുന്നു. മട്ടാഞ്ചേരി, പാളയം, ഊരമന, ആലക്കോട്, അഴിമാവ് മദ്യവിരുദ്ധ സമരങ്ങൾക്കെല്ലാം അദ്ദേഹം സമ്പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

കേരളത്തിലെ മദ്യവർജന പ്രസ്ഥാനത്തിനു് ഊർജസ്വലത കൈവന്നതു് ബിഷപ് വള്ളോപ്പിള്ളി മലബാറിൽ ആരംഭിച്ച മദ്യവർജന പോരാട്ടങ്ങളിലൂടെയാണു്. 1978 സെപ്റ്റംബറിൽ ഉളിക്കൽ മദ്യഷാപ്പു സമരത്തോടനുബന്ധിച്ചു് നടന്ന പൊതുസമ്മേളനത്തിൽ പിതാവു പ്രഖ്യാപിച്ചു. ''വേണ്ടിവന്നാൽ ജയിലിൽ പോകുവാനും ഞാൻ മടിക്കില്ല.''

''മദ്യരഹിത മാനവ സമൂഹം'' എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി വള്ളോപ്പിള്ളി പിതാവു് ഇന്നും പരിശ്രമിക്കുന്നു.

★ ★

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

''മദ്യമോ ? അയ്യോ ! അതുമാത്രം നൽകാൻ വയ്യ.''

മദ്യവിരോധിയായ പുരോഹിത ശ്രേഷ്ഠനും മദ്യപ്രേമിയായ പ്രശസ്ത പത്രപ്രവർത്തകനും അടുത്തകാലത്ത് കണ്ടുമുട്ടിയപ്പോഴുണ്ടായ സംഭാഷണ ശകലമാണിത്.

രംഗം തലശ്ശേരി. ശാരദാ കൃഷ്ണയ്യർ സ്മാരക ഫൈൻ ആർട്സ് സൊസൈറ്റി സംഘടിപ്പിച്ച ചടങ്ങിൽ പങ്കെടുക്കാനെത്തിയതായിരുന്നു വിഖ്യാത പത്രപ്രവർത്തകനായ ഖുഷ്വന്ത് സിംഗ്. സർദാർജിയുടെ മദ്യപ്രേമം സുവിദിതമാണല്ലോ.

ചടങ്ങിൽ പങ്കെടുക്കാൻ മുഖ്യാതിഥികളിലൊരാളായി തലശ്ശേരി ബിഷപ് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുമുണ്ടായിരുന്നു.

വൈകിട്ട് ചടങ്ങു കഴിഞ്ഞപ്പോഴേ 'താങ്കളെന്റെ അരമന സന്ദർശിക്കണം, ബിഷപ്പ് സിംഗിനെ ക്ഷണിച്ചു. നഗരത്തിനടുത്തുതന്നെയാണല്ലോ അരമന.

ക്ഷമിക്കണം, മദ്യം നൽകാനാവില്ല

''ഓ ആവാമല്ലോ'' എന്നായി സർദാർജി 'പക്ഷേ ഒരു നിബന്ധന മാത്രം, വൈകുന്നേരമായാൽ എനിക്കല്പം മദ്യപിക്കണം. പതിവു തെറ്റിച്ചുകൂടാ''–സിംഗ് തന്റെ ദൗർബല്യം തുറന്നു കാട്ടി.

''അതു മാത്രം പറ്റില്ല'' എന്നു ബിഷപ് ഉടൻതന്നെ തീർത്തു പറഞ്ഞു. ''അരമനയിൽ ഞാൻ ആർക്കും മദ്യം വിളമ്പാറില്ല. ആ സമ്പ്രദായമേ അവിടെയില്ല''–കനത്ത മദ്യവിരോധിയായ ബിഷപ് തികഞ്ഞ മര്യാദയോടെ തന്നെ പ്രതികരിച്ചു.

ആ വിഷയത്തിനു് അതോടെ വിരാമമായി. ഇരുവരും മറ്റു കാര്യങ്ങളിലേക്കു കടന്നു. അൽപ്പം കഴിഞ്ഞപ്പോഴേ തന്റെ പതിവു സായാഹ്നപരിപാടിയിലായി സർദാർജി ഒരു പ്രാദേശിക പത്രപ്രവർത്തകനോടൊപ്പം കണ്ണൂരിലേക്കു തിരിക്കുകയും ചെയ്തു.

(പി. ഗോപി, മനോരമ)

മാനന്തവാടി രൂപതയുടെ സ്ഥാപനം സംബന്ധിച്ചുള്ള

മാർപ്പാപ്പയുടെ ബൂള

PAULUS EPISCOPUS SERVUS SERVORUM DEI

AD PERPETUAM REI MEMORIAM

Quanta gloria Ecclesiae Orientales usquequaque floruerint ac floreant, tum felix sanctorum Patrum abundantia et sanctitas ostendit, tum concilia, omnium celeberrima, ex universa christiana re publica ibi acta, in quibus praecipua sanctissimae religionis nostrae capita definita sunt, tum ubique constituta coenobia, ad virtutem colendam moresque conformandos aptissima, cetera. Quae sane causa est, cur haec Romana et Apostolica Sedes et summa semper admiratione ad easdem respexerit, et,quantum maxime potuit, earum rebus ac necessitatibus providere studuerit. Cum Sigitur acrae Congregationi pro Ecclesiis Orientalibus visum fuerit e territorio Eparchiae Tellicherriensis, nimis patentis, novam condi Eparchiam, Nos re bene considerata, haec quae sequuntur, decernimus atque iubemus. Ab Eparchia Tellicherriensi civiles districtus detrahimus, quibus sunt nomina vulgaria: Nord Wyanad, Sud Wyanad. Shimoga, Chigmagalur, Hassan, Mandya, Mysore, Nilgris, iisque novam Eparchiam Constituimus, cuius erit appellatio Manantoddyensis, ab urbe regionis principe Manantoddy. Huius Ecclesiae sedem atque Episcopi domicilium in hac eadem urbe ponimus, cathedramque docendae doctrinae in templo praecipuo loci, quod nempe iuribus debitis insignimus. Tum Eparchiam praeterea, tum eius Eparchum metropolitanae Sedi Ernakulamensi eiusque Metropolitae subicimus suffraganeos. Ad cetera quod attinet, scilicet regimen atque administrationem Eparchiae, iura cleri et populi, similia, id servandum statuimus, quod ius Orientale praescribit.

Ceterum hanc Constitutionem nunc et in posterum efficacem esse et fore volumus; ita quidem ut quae per eam decreta sunt ab iis quorum res est religiose serventur, atque igitur vim suam obtineant.

Datum Romae, apud S. Petrum, die primo mensis Martii, anno Domini millesimo nongentesimo septuaegsimo tertio, Pontificatus Nostri decimo.

IOANNES Card. VILLOT
Secretarius Status

Marius Brini
Archiep. tit. Algizen, a Secretis,
S. Congr. Pro Eccl. Orient.

സമ്മേളനത്തിൽനിന്ന്...



മാത്യു എം. കണ്ടം

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഈ കൂടിയേറ്റ ശ്രുപത യുടെ അദ്ധ്യക്ഷനായിരുന്നില്ലെങ്കിൽ ഇത്രിന്റെ ചരിത്രം മറെറാന്നാ കുമായിരുന്നെന്നു് എനിക്കു് തോന്നുന്നു. കാട്ടുകള്ളന്മാരെന്നും സാമൂ ഹ്യദ്രോഹികളെന്നും മലബാർ കൂടിയേറ്റനാട്ടുകളിൽ കൂടിയേറ്റ ജനതയെ മുദ്രകുത്തിയവരുടെ മുമ്പിൽ, ആ പേരു് മാറ്റിയെടുത്തു് ഈ മണ്ണിൽ കൂടിയേറ്റജനതയുടെ അസ്തിത്വമുറപ്പിച്ച, ഇവിടെ ഇതി ഹാസം രചിച്ച വ്യക്തിപ്രാഭവനാണു് മാർ സെബാസ്റ്റ്യൻ വള്ളോ പ്പിള്ളി.

കൂടിയേറ്റജനത വന്ദ്യപിതാവിനു് യാത്രയയപ്പു് നല്കുക അസാധ്യമാണു്, കൂടിയേറ്റക്കാരോടു് വിട പറയുക പിതാവിനും സാധ്യമല്ല. കൂടിയേറ്റക്കാരുടെ പിതാവു്, ഈ മണ്ണിൽ ആണ്ടുകിട ക്കുന്ന മദ്ധ്യാസക്തിയെ കുടിയിറക്കാനുള്ള തീവ്രയത്നത്തിലേയ്ക്കു് കട ന്നുവന്നപ്പോഴും കേളപ്പജിയ്ക്കുശേഷം കേരളം കണ്ട കരുത്തനായ നേതാ വായി മാറി. ഇടയൻ ആടുകളെ അറിഞ്ഞു് പ്രവർത്തിക്കണം. വള്ളോ പ്പിള്ളി പിതാവു് കൂടിയേറ്റക്കാരുടെ ആത്മാവിനെ കണ്ടെത്തി പ്ര വർത്തിച്ചു. കൊച്ചുപിതാവു് വിനയാന്വിതനാണു്. അദ്ദേഹത്തിനു് മംഗളങ്ങൾ. എല്ലാ പ്രവർത്തനങ്ങൾക്കും ദൈവം ശക്തി പകരട്ടെ. ★★

സമ്മേളനത്തിൽനിന്ന്...



കെ. എം. മാണി M. L. A.

35 വഷ്ത്തെ നിസ്തുലമായ അജപാലനദൗത്യത്തിനുശേഷം അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് വിരമിക്കുമ്പോൾ അദ്ദേഹത്തിനു് ഞാൻ എല്ലാ മംഗളങ്ങളും നേരുന്നു. പുതിയ പിതാവിനു് എല്ലാ പ്രവത്തനവിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

മലബാറിലെ പാവപ്പെട്ട കഷ്കർക്കുവേണ്ടി പടപൊരുതിയ ഒരു ധീരനായ നേതാവിന്റെ ചിത്രമാണു് വള്ളോപ്പിള്ളി പിതാവി നെക്കുറിച്ചോർക്കുമ്പോൾ മനസ്സിൽ ഉദിക്കുക. മലബാറിലെ കുടിയേറ്റ ചരിത്രം വള്ളോപ്പിള്ളി പിതാവിന്റെ ചരിത്രമാണു്. ഇല്ലായ്മയുടെ പഴയ മലബാറിനെ പുതുക്കിപ്പണിത ചരിത്രമാണു് അദ്ദേഹത്തിന്റെ ചരിത്രം. പിതാവിനെക്കുറിച്ചു് നമുക്കു് പറയാനാവും ഒരു മോശയെന്നു്. മലബാർ കുടിയേറ്റ ജനതയെ ഇന്നത്തെ ഈ കാനാൻ ദേശത്തു് എത്തിച്ച നായകനാണു് അദ്ദേഹം. സമരവേദികളിലെ പടയാളിയാണു് വള്ളോപ്പിള്ളി പിതാവു്. ഗ്രന്ഥശ്ശേരിലും ഷിമോഗായിലും പുൽപ്പള്ളിയിലും ഇതു് നാം ദർശിച്ചു. ഇന്നദ്ദേഹം വിരമിക്കുമ്പോൾ എല്ലാ മംഗളങ്ങളും വീണ്ടും നേരുകയാണു്. പുതിയ ഇടയനു് എല്ലാ ഭാവുകങ്ങളും നേരുന്നു; ഉത്തമനായ ഗുരുവിനു് ഉത്തമനായ ശിഷ്യനാണു് അദ്ദേഹം. ഇത്ര നല്ല ഒരു ഇടയനെ തന്നതിനു് ദൈവത്തിനു് നന്ദി പറഞ്ഞുകൊണ്ടു് ഞാൻ നിർത്തുന്നു. ★

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

കൊച്ചുകുട്ടികളും വൃദ്ധജനങ്ങളുമെല്ലാം അംഗങ്ങളായുള്ള അഞ്ഞൂറോളം കുടുംബങ്ങൾ. അവരെല്ലാം ഷിമോഗയിലെ (കർണാടക) ഒരു മൈതാനത്തു ഷെഡ്ഡുകെട്ടി താമസിക്കുകയാണു്. ഉടുതുണിയ്ക്കു മറുതുണിയില്ലാതെ കുടിയിറക്കപ്പെട്ട അവരുടെ പ്രതീക്ഷ സർക്കാർ ഓരോ കുടുംബത്തിനും വാഗ്ദാനം ചെയ്തിരിക്കുന്ന രണ്ടേക്കർ ഭൂമിയാണു്.

ഷെഡ്ഡിലെ സമൂഹജീവിതം രണ്ടരമാസം പിന്നിട്ടപ്പോൾ മഴക്കാലമായി. തോരാമഴയിൽ തണുത്തുവിറച്ചു കൂടിയ അവരെ കർണാടക സർക്കാർ ക്രൂരമായി വഞ്ചിക്കുകയായിരുന്നു. രണ്ടേക്കർ വീതം സ്ഥലം തരാൻ പറ്റില്ലെന്നു പറഞ്ഞു സർക്കാർ വാക്കു മാറിയപ്പോൾ അവരുടെ രക്ഷകനായിരുന്ന ബിഷപ് വള്ളോപ്പിള്ളി ഒട്ടും മടിച്ചില്ല. 12 ബസ്സുകളിൽ എല്ലാവരെയും ചന്ദനയ്ക്കാംപാറയ്ക്കു കൊണ്ടുവന്നു. 500 ഏക്കർ സ്ഥലം വിലയ്ക്കുവാങ്ങി ഓരോ കുടുംബത്തിനും അതു് വീതിച്ചു കൊടുത്തു് അവരെ അവിടെ കുടിയിരുത്തി.

കുടിയേറ്റക്കാരുടെ സമരനായകൻ

''കർണാടക മുഖ്യമന്ത്രി നിജലിംഗപ്പയെ ഞാനും ആർച്ച് ബിഷപ്പ് ഡൂർഡുസ്വാമിയും (ഇന്നു കർദ്ദിനാൾ) ചേർന്നാണു കണ്ടതു്. അർഹതപ്പെട്ടവരുടെ ലിസ്റ്റു് കൊടുക്കണമെന്നു പറഞ്ഞു. ഈ വിശ്വാസത്തിലാണു് ദാനമ്മ എന്ന സ്ത്രീ വിട്ടുതന്ന മൈതാനത്തു് എല്ലാവരെയും പാർപ്പിച്ചതു്. എന്നാൽ നിജലിംഗപ്പ അവസാനം കാലുമാറി.'' 1966-ൽ കോളിളക്കമുണ്ടാക്കിയ ഷിമോഗ കുടിയിറക്കിനെ പരാമർശിച്ചപ്പോൾ അന്നു നടത്തിയ സാഹസികശ്രമങ്ങൾ ബിഷപ്പ് വള്ളോപ്പിള്ളിയുടെ മനസ്സിൽ അലയടിച്ചു.

പല കുടിയിറക്കു രംഗങ്ങളിലും ബിഷപ്പ് സമരനായകനായിരുന്നു. ഭൂമി വിലയ്ക്കുവാങ്ങി അത്യധ്വാനം ചെയ്തു മണ്ണിനെ ഐശ്വര്യസമൃദ്ധമാക്കുമ്പോൾ കുടിയിറക്കാൻ ഓടിയെത്തുന്ന അധികാരകേന്ദ്രങ്ങളെ ബിഷപ്പ് ശക്തമായി എതിർത്തു. സ്വതവേ മിതഭാഷിയും സൗമ്യനുമായ അദ്ദേഹം അപ്പോൾ കർക്കശനിലപാട് സ്വീകരിക്കുവാൻ മടിക്കില്ല.

''കൊട്ടിയൂർ, അമ്പലവയൽ, പുൽപ്പള്ളി, ഗൂഡല്ലൂർ എന്നിവിടങ്ങളിലും കുടിയിറക്കു നീക്കമുണ്ടായെങ്കിലും ഷിമോഗയിൽ മാത്രമേ കർഷകർക്ക് എല്ലാം നഷ്ടപ്പെടുത്തി മടങ്ങേണ്ടി വന്നുള്ളൂ. ഷിമോഗയിൽ മഴക്കാലത്തു പാവങ്ങൾ അനുഭവിച്ച കഷ്ടപ്പാടുകൾ വിവരണാതീതമായിരുന്നു. എങ്കിലും ദൈവം അവിടെയും വഴികാണിച്ചുതന്നു'', ബിഷപ്പ് പറഞ്ഞു.

കൊട്ടിയൂരിൽ കുടിയിറക്കു നീക്കം വന്നപ്പോൾ ഫാ. വടക്കനും മുൻമന്ത്രി ബി. വെല്ലിംഗ്ടണുമെല്ലാം സമരരംഗത്തുണ്ടായിരുന്നു.

അമ്പലവയലിൽ വിമുക്തഭടന്മാർക്കു കേന്ദ്രസർക്കാർ നൽകിയ സ്ഥലം വാങ്ങിയവക്കെതിരായി ഉണ്ടായ കുടിയിറക്കു നീക്കവും ബിഷപ്പിന്റെ ഇടപെടൽ മൂലം പരാജയപ്പെട്ടു.

''പഴയ കാര്യങ്ങളൊന്നും പുൽപ്പള്ളിക്കാർ മറന്നിട്ടില്ല കേട്ടോ. മുള്ളൻകൊല്ലിയിൽ 35 ലക്ഷത്തിന്റെ പള്ളി പണിതപ്പോൾ തറക്കല്ലിടാൻ എന്നെ വിളിച്ചു. പണി കഴിഞ്ഞപ്പോൾ വെഞ്ചിരിപ്പുകർമ്മം നടത്തുവാനും നാട്ടുകാർ അഭ്യർത്ഥിച്ചു. ഞാൻ പറഞ്ഞു മാനന്തവാടി ബിഷപ്പല്ലേ വെഞ്ചിരിപ്പു നടത്തേണ്ടതു്. എന്നെ ഒഴിവാക്കണം. അവർ സമ്മതിച്ചില്ല. എന്നെക്കൊണ്ടുതന്നെ വെഞ്ചിരിപ്പിച്ചു''.—പൊട്ടിച്ചിരിച്ചുകൊണ്ടു ബിഷപ്പ് പറഞ്ഞു.

''കുടിയേറ്റക്കാരനെ നശിപ്പിക്കുവാൻ വേണ്ടിയാണു കാക്കടവ് ജലസേചനപദ്ധതിക്കു രൂപം നല്കിയതു്. ചെറുപുഴയിലും പാലാവയലിലും മറ്റുമുള്ള കാൽലക്ഷം പേരെ ഒഴിപ്പിക്കണം. ഫലഭൂയിഷ്ഠമായ മണ്ണെല്ലാം വെള്ളത്തിനടിയിലാകും. അപ്പോൾ ഞങ്ങൾ പറഞ്ഞു—പദ്ധതി പുനഃപരിശോധിക്കണം. നായനാർ സർക്കാർ സമ്മതിച്ചില്ല. കർഷകർക്കു പകരം സ്ഥലം നൽകാമെന്നായി. കഷണ്ടിക്കാരന്റെ തലയിലെ മുടിപോലെ ഓരോ കുറ്റിമാവ് അവിടവിടെ ഉയർന്നുനില്ക്കുന്ന ചീമേനിയിലെ വെറും ചൗക്കല്പ്രദേശം.''

കൃഷിസ്ഥലം കാര്യമായി നഷ്ടപ്പെടാതെ പദ്ധതി നടപ്പാക്കാൻ സാധിക്കുന്ന ബദൽപദ്ധതി റിട്ട. ചീഫ് എൻജിനീയർ മുഖേന സമർപ്പിച്ചു. എന്നിട്ടും അനക്കമില്ലെന്നു കണ്ടപ്പോഴാണ് കണ്ണൂർ കലക്ടറേറിനു മുമ്പിലും ചെറുപുഴയിലുമെല്ലാം പ്രകടനങ്ങളും പിക്കറ്റിംഗും നടന്നു. അവസാനം ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ കണ്ണൂർ കലക്ടറേറിനു മുമ്പിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം പ്രഖ്യാപിച്ചപ്പോഴാണ് സർക്കാർ പുനഃപരിശോധനയ്ക്കു വഴങ്ങി. പദ്ധതിക്കെതിരായുള്ള പ്രക്ഷോഭം ഇപ്പോഴും തുടരുകയാണ്.

കാലപ്രവാഹത്തിൽ തല മുഴുവൻ വെള്ളിക്കമ്പി നിരന്നെങ്കിലും അനീതിക്കെതിരായുള്ള പോരാട്ടം ബിഷപ് നിറുത്തിയിട്ടില്ല. ''അടുത്തയിടെ കശുവണ്ടി പ്രശ്നത്തിൽ നിരാഹാരം തുടങ്ങുന്നതിനുമുമ്പ് കോൺഗ്രസ് (ഐ) നേതാവ് കെ.പി. നൂറുദ്ദീൻ എന്നെ കണ്ടിരുന്നു. തങ്ങൾ നിരാഹാരം കിടക്കുവാൻ പോവുകയാണെന്നു നൂറുദ്ദീൻ പറഞ്ഞപ്പോഴാണ് ഞാൻ അറിയിച്ചു—ഞാൻ ഇവിടെ നിരാഹാരമിരിക്കാം''.

''ഞാൻ നിരാഹാരം പ്രഖ്യാപിച്ച വാർത്ത വന്നപ്പോഴാണ് ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ വിളിച്ച് അന്വേഷിച്ചു. അവർക്കറിയാം ബിഷപ്പ് രംഗത്തിറങ്ങിയാൽ സംഗതി ഗൗരവമാകുമെന്നു്. ഇന്നു് ഈ മലയോരത്തെ 'ചേട്ടന്മാരെ' മറന്നു് ആർക്കും ഭരിക്കാനാവില്ല'' മണ്ണിൽ വിയർപ്പു ചിന്തുവാൻ മാത്രം അറിയാവുന്ന ചേട്ടന്മാർക്കു മേൽവിലാസമുണ്ടാക്കിക്കൊടുത്ത ആ നല്ലയിടയൻ നിഷ്പ്രയാസമായി പൊട്ടിച്ചിരിച്ചു.

(കെ. രാഘവൻ, മനോരമ)

★ ★

ആധുനിക ലോകത്തിലെ തിന്മകളായ അധികാരം, സുഖലോലുപത്വം, മരണാനന്തരജീവിത വിസ്മൃതി എന്നിവയ്ക്ക് ഏറ്റവും ഫലപ്രദമായ പ്രതിവിധിയാണ് ജപമാലയിലെ രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം.

13-ാം ലിയോ മാർപ്പാപ്പ

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

തികഞ്ഞ അൽഫോൻസാ ഭക്തനാണു് ബിഷപ് വള്ളോപ്പിള്ളി. സിസ്റ്റർ അൽഫോൻസായെ നേരിട്ടു കണ്ടു് പരിചയമുള്ള മെത്രാന്മാരിൽ ജീവിച്ചിരിക്കുന്ന ഏക ബിഷപ്പാണദ്ദേഹം.

ശ്രീലങ്കയിലെ കാൻഡിയിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി പൗരോഹിത്യം സ്വീകരിച്ച മടങ്ങിയെത്തിയ ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിക്കു കിട്ടിയ ആദ്യത്തെ നിയമനം ഭരണങ്ങാനത്തായിരുന്നു, 1946-ൽ.

മൂന്നു മാസം അവിടെ ജോലിചെയ്തു. ഇക്കാലയളവിൽ അൽഫോൻസാമ്മ താമസിച്ചിരുന്ന ക്ലാരമഠത്തിൽ കുർബ്ബാന അർപ്പിച്ചിരുന്നതു ഫാദർ വള്ളോപ്പിള്ളിയായിരുന്നു. രോഗിണിയായി കഴിഞ്ഞിരുന്ന അൽഫോൻസാമ്മയെ മറ്റു സഹോദരിമാർ താങ്ങിപ്പിടിച്ചു സ്വീകരണമുറിയിൽ കൊണ്ടുവന്നു് കസേരയിലിരുത്തും. ഫാ. വള്ളോപ്പിള്ളി കുർബ്ബാന നൽകും. അങ്ങനെയാണു് ബിഷപ്പിന്റെ ജീവിതത്തിൽ അൽഫോൻസാമ്മയെ അടുത്തറിയാൻ ഇടവന്നതു്.

ബിഷപ്പു് വള്ളോപ്പിള്ളി ശുശ്രൂഷാഭരണത്തിലെ വിഷമം പിടിച്ച ഓരോ അവസരത്തിലും വി. യൗസേപ്പു് പിതാവിനോടും ഇപ്പോഴും അൽഫോൻസാമ്മയോടും പ്രാർത്ഥിക്കുന്നു. തന്റെ ദൗത്യയുടെ കീശയിൽനിന്നു് അൽഫോൻസാമ്മയുടെ പടം മറ്റുള്ളവർക്കു്

വിനീതനായ അൽഫോൻസാ ഭക്തൻ

നല്കി അദ്ദേഹം പറയുന്നു, ''പ്രത്യേകം പ്രാർത്ഥിക്കുക''. കല്ലോടിക്കാരനായ അബ്ദുള്ളയുടെ കാൽ സുഖപ്പെട്ടതു് അൽഫോൻസാമ്മയുടെ മാധ്യസ്ഥം വഴിയാണെന്ന കാര്യം പ്രസിദ്ധമാണല്ലോ. അതേ, ബിഷപ്പു് വള്ളോപ്പിള്ളി തികഞ്ഞ അൽഫോൻസാ ഭക്തൻ തന്നെ.

മെത്രാസനമന്ദിരത്തിലെ പൂന്തോട്ടത്തിൽ അദ്ദേഹം സ്ഥാപിച്ച സിസ്റ്റർ അൽഫോൻസാമ്മയുടെ മനോഹരമായ ശില്പം ആ ഭക്തിയുടെ നിദാനമായി നിശബ്ദം നിലകൊള്ളുന്നു.

വാഴ്ത്തപ്പെട്ട അൽഫോൻസായുടെ നാമത്തിലുള്ള ലോകത്തിലെ ആദ്യ ദേവാലയം തലശ്ശേരി രൂപതയിലെ കോളയാട് എന്ന സ്ഥലത്ത് വള്ളോപ്പിള്ളി പിതാവിന്റെ പ്രത്യേക താല്പര്യത്തിൽ നിർമ്മിച്ചതാണ്.

ഓർമ്മയിൽനിന്ന്

വിശാലമായ തലശ്ശേരി രൂപതയെ കഴിഞ്ഞ 35 വർഷങ്ങളായി നയിച്ചു വന്ന ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുമായി എനിക്ക് അല്പകാലത്തെ പരിചയമേ ഉള്ളൂ. ആദ്യസന്ദർശനത്തിൽ തന്നെ സ്നേഹസമ്പന്നനായ ഒരാരാധ്യപുരുഷനാണ് അദ്ദേഹമെന്ന് എനിക്കു മനസ്സിലായി. പിതൃതുല്യമായ ഒരാദരവാണ് അദ്ദേഹത്തെ കാണുമ്പോഴും തോന്നുക. സ്നേഹിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും തികച്ചും അർഹതയുള്ള വ്യക്തിത്വം ഉൾക്കൊള്ളുന്ന നല്ല മനുഷ്യൻ.

തലശ്ശേരിയിലെ സാമൂഹ്യ സാംസ്കാരികരംഗങ്ങളിൽ ജ്വലിച്ചുനില്ക്കുന്ന ഡോ. വള്ളോപ്പിള്ളി സാംസ്കാരിക തലശ്ശേരിയുടെ പ്രതീകം കൂടിയാണ്.

ബഹുമുഖവ്യക്തിത്വത്തിന്റെ ഉടമയായ ഡോക്ടർ വള്ളോപ്പിള്ളി ബിഷപ്പിന്റെ സ്ഥാനത്തുനിന്നു റിട്ടയർ ചെയ്യുന്നതിൽ ദുഃഖമുണ്ട്. എങ്കിലും സാമൂഹിക സാംസ്കാരിക രംഗങ്ങളിലുള്ള അദ്ദേഹത്തിന്റെ സേവനം ഇനിയും തുടരുവാൻ തക്കവണ്ണം ആരോഗ്യവും ദീർഘായുസ്സും ദൈവം അദ്ദേഹത്തിനു നൽകട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

സി. ടി. ഉമ്മർകുട്ടി

(തലശ്ശേരി നഗരസഭാ ചെയർമാൻ)

സമ്മേളനത്തിൽനിന്ന്...



പി. ജെ. ജോസഫ് M. L. A.

മാർ വള്ളോപ്പിള്ളി പിതാവിനു് കൃതജ്ഞത നേരാനും പുതിയ പിതാവിനു് മംഗളങ്ങളർപ്പിക്കുവാനുമാണു് നാമിവിടെസമ്മേളിച്ചിരിക്കുക.

വള്ളോപ്പിള്ളി പിതാവിന്റെ സാമീപ്യം നല്ല വെയിലത്തു് ഒരു തണൽവൃക്ഷത്തിന്റേതുപോലെയാണു്. അദ്ദേഹത്തിന്റെ സംസാരം ഒരു കുളിർക്കാറ്റുപോലെയാണു് അനുഭവപ്പെട്ടിട്ടുള്ളതു്. സ്നേഹസമ്പന്നനായ ഒരു പിതാവാണു് അദ്ദേഹം. മദ്യവർജ്ജനപ്രവർത്തനരംഗത്തു് ഒരു കൊടുങ്കാറ്റാണു് പിതാവു്. ഗാന്ധിയൻ ആദർശങ്ങളെ സ്നേഹിക്കുന്ന അദ്ദേഹം ഇനിയും മദ്യത്തിനെതിരെ ശക്തമായി പോരാടണം എന്ന അഭ്യർത്ഥന എനിക്കുണ്ടു്.

വലിയമഠം പിതാവു് ആദ്ധ്യാത്മിക പൈതൃകം ഏറ്റുവാങ്ങുമ്പോൾ ആ നല്ല പാരമ്പര്യങ്ങൾ തുടരട്ടെ എന്നു് അപേക്ഷിക്കുകയാണു്. നമ്മുടെ ക്രിസ്തീയ പ്രവർത്തനങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം നല്കുവാൻ നമുക്കു് കഴിയട്ടെ.

അത്യുന്നത കർത്താവു് വിനീതനാണു്, ലാളിത്യത്തിന്റെ മാതൃകയാണു്. അദ്ദേഹത്തിനും മംഗളങ്ങൾ നേരുന്നു. ★★

താമരശ്ശേരി രൂപത സ്ഥാപിച്ചുകൊണ്ടുള്ള മാർപ്പാപ്പയുടെ ബൂള

JOANNES PAULUS EPISCOPUS SERVUS SERVORUM DEI

AD PERPETUAM REI MEMORIAM

Constat non modo Eparchiam Tellicherriensem late parere sed ejus etiam fidelium numerum miro incremento nunc auctum jam esse necnon vel magis magisque augeri, quibus omnibus apte prospiciatur oportet. Audiendae igitur omnino videntur preces, quas Congregatio pro Ecclesiis Orientalibus, instante venerabili Episcopo Tellicherriensi eidemque rei favente venerabili fratre Augustino Cacciavillan Archiepiscopo titulo Amiternino atque Apostolico in India pro— Nuntio, Nobis ipsa hodie ad hoc adhibuit ut certis quibusdam a memorata Eparchia plagis separatis, iisdem ibi nova constituatur Eparchia. Quapropter Ipsi, qui de universa Ecclesia assiduam pastoris curam agimus, vi et potestate Nostra Apostolica harumque Litterarum virtute ab Eparchia Tellicherriensi, quam diximus, regiones Calicutensem ac Malappuramensem legitimo quidem jure distrahimus novamque ex iisdsm Eparchiam condimus nomine THAMARASSE-RRENSEM, ab urbe videlicet-Thamarasserry - nominandam, ubi et Sedes eparchialis et Ecclesia Cathedralis erit. Ouod reliquum est, hac ipsa die aliarumque tamen Litterarum Nostrarum vi Episcopus etiam eligetur, qui primus novae praesit Eparchiae eamque regat rite. Quibus ita hic statutis, Apostolicas has Litteras nunc et in posterum tempus ratas esse volumus, quibuslibet rebus contrariis haud obstantibus. Datum Romae, apud S. Petrum, die duodetricesimo mensis Aprilis, anno Domini millesimo nongentesimo octogesimo sexto, Pontificatus Nostri octavo.

Augustinus Card. Casaroli

a Publicis Eccl. negotiis




വളേളാപ്പിള്ളി പിതാവിന്റെ മെത്രാഭിഷേകം



ബിഷപ്പ് വളേളാപ്പിള്ളി
മാർ വയലിൽ തിരുമേനിയുമൊത്ത്

വത്തിക്കാൻ കൗൺസിലിൽ

ഉല്ലാസ വേളകളിലൊന്നു്



ശ്രീമതി ഇന്ദിരാഗാന്ധിയുടെ കൂടെ



പോപ്പ് പോൾ ആറാമന്
മലബാറിന്റെ സ്നേഹോപഹാരം



കുടിയേറ്റ നായകൻ
മലബാറിന്റെ പ്രശ്നങ്ങളിൽ



കാർഡിനൽ ലൂർദ്ദു സ്വാമിയെ സ്വീകരിക്കുന്നു

മാർ ജോർജ് വലിയമറ്റത്തിനെ തലശ്ശേരി രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ ബുള്ള

JOANNES PAULUS EPISCOPUS SERVUS SERVORUM DEI

Dilecto filio GEORGIO VALIAMATTAM, electo Episcopo Tellicherriensi, salutem et Apostolicam Benedictionem. Cum Venerabilis Frater Sebastianus Valloppilly, Episcopus Tellicherriensis ritus Syro-Malabarensis, septuaginta quinque expletis annis, regimen deposuerit Eparchiae nuper memoratae, quam laudabiliter ex quo constituta est plus triginta tres rexit annos, sitque ecclesiasticae circumscriptioni prospiciendum, nolumus aliud transire tempus, quin Praesulem eligamus illi praeficiendum. Nostrum namque est curare ut fideles, ad quemlibet pertinentes ritum, omnia habeant necessaria ad suam spiritualem salutem, imprimis, ut par est, sacros Pastores. Qua re, hoc officium implentes, audito Venerabili Fratre Nostro S.R.E. Cardinali Congregationis pro Ecclesiis Orientalibus Praefecto, ex plenitudine potestatis Apostolicae, qua fruimur, his Litteris te ad episcopalem dignitatem evehimus et Eparchiae TELLICHERRIENSI praeficimus, iura omnia tibi tribuentes et officia iniungentes, quae eparchiali muneri sunt adnexa. Cognitum enim habemus te virtutibus eminere et doctrina, pastorale ministerium expertum, industrium, prudentem. Quod vero ad tuam pertinet episcopalem ordinationem, ad fidei professionem atque ad ius iurandum fidelitatis ceteraque quae hanc rem contingunt, praescriptiones sequeris Ecclesiarum Orientalium proprias. Fac, dilecte fili, totus in evangelicum opus incumbas explicandum, ut magis magisque fructibus abundet ista quasi catholicae religionis oasis, eiusque transgressa fines Christi veritas uti pollen fecunditatis effundatur. Datum Romae, apud S. Petrum, die duodevicesimo mensis Februarii, anno Domini millesimo nongentesimo undenonagesimo, Pontificatus Nostri undecimo.

Joannes Paulus II

ബൂളായുടെ പരിഭാഷ

ദാസന്മാരുടെ ദാസനായ യോഹന്നാൻ പൗലോസ് മെത്രാൻ

തലശ്ശേരി രൂപതയുടെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ പ്രിയ പുത്രൻ ജോർജ് വലിയമറ്റത്തിന് അഭിവാദനവും ശ്ലൈഹികാശീർവാദവും

സീറോ മലബാർ റീത്തിൽപ്പെട്ട തലശ്ശേരി രൂപതയുടെ മെത്രാനും നമ്മുടെ വന്ദ്യസഹോദരനുമായ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി രൂപതാസ്ഥാപനം മുതൽ 33-ലേറെ വർഷക്കാലം സ്തുത്യർഹമായ ഭരണം നിർവഹിച്ചശേഷം 75 വയസ്സു പൂർത്തിയായതിനെത്തുടർന്ന് രൂപതാഭരണത്തിൽനിന്നും വിരമിച്ചിരിക്കുന്ന സാഹചര്യത്തിൽ ആ രൂപതയ്ക്ക് ഒരു പുതിയ മേലദ്ധ്യക്ഷനെ എത്രയും വേഗം നിയമിക്കേണ്ടതു് ആവശ്യമാണല്ലോ. എല്ലാ റീത്തുകളിലുംപെട്ട ദൈവജനത്തിനു് തങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കാവശ്യമായവ ചെയ്തുകൊടുക്കുവാനുള്ള കടമ നമുക്കുണ്ടു്. മെത്രാന്മാരെ നിയമിക്കുകയെന്നതു് ഇവയിൽ പ്രധാനപ്പെട്ട ഒന്നാണു്. ആയതിനാൽ, നമ്മുടെ വന്ദ്യസഹോദരനും പരി. റോമാ സഭയുടെ കർദ്ദിനാളുമായ പൗരസ്ത്യ സഭകളുടെ സംഘത്തിന്റെ പ്രീഫെക്ടുമായി ആലോചിച്ചശേഷം, നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ശ്ലൈഹികാധികാരമുപയോഗിച്ചു് താങ്കളെ ഈ കല്പന വഴി മെത്രാൻപദവിയിലേയ്ക്കുയർത്തുകയും രൂപതാദ്ധ്യക്ഷനായി എല്ലാ അധികാരങ്ങളോടും കടമകളോടുംകൂടി തലശ്ശേരി രൂപതയുടെ മേലദ്ധ്യക്ഷനായി നിയമിക്കുകയും ചെയ്യുന്നു. താങ്കളുടെ ജീവിതവിശുദ്ധി, വിജ്ഞാനം, അജപാലനരംഗത്തെ അനുഭവസമ്പത്തു്, ഉത്സാഹശീലം, വിവേകം എന്നിവയെക്കുറിച്ചു നമുക്കു ബോധ്യമുണ്ടു്. മെത്രാഭിഷേകകർമ്മവും അതിനോടു ബന്ധപ്പെട്ട വിശ്വാസ പ്രഖ്യാപനം, സത്യപ്രതിജ്ഞ തുടങ്ങിയവയും പൗരസ്ത്യ സഭകളുടെ നടപടിക്രമമനുസരിച്ചാണു് നടത്തേണ്ടതു്. പ്രിയ മകനേ, കത്തോലിക്കാസഭയുടെ ശാദ്വലഭൂമിയെന്നു് വിശേഷിപ്പിക്കപ്പെടാവുന്ന ആ രൂപത കൂടുതൽ കൂടുതൽ ഫലസമൃദ്ധമാകുന്നതിനും അതിന്റെ അതിത്തികൾക്കുമപ്പുറത്തു പോലും ക്രിസ്തുവിനെക്കുറിച്ചുള്ള അറിവു് വ്യാപകമാകുന്നതിനും പര്യാപ്തമായ വിധത്തിൽ താങ്കൾ പൂർണ്ണമായും സുവിശേഷപ്രഘോഷണത്തിൽ വ്യാപൃതനാകുക.

റോമിൽ വി. പത്രോസിന്റെ സിംഹാസനത്തിൽനിന്നു്, ക്രിസ്തുവർഷം 1989 ഫെബ്രുവരി മാസം 18-ാം തീയതി, നമ്മുടെ ഭരണത്തിന്റെ 11-ാം വർഷം നൽകപ്പെട്ടതു്.

യോഹന്നാൻ പൗലോസ് രണ്ടാമൻ

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

മൂന്നര ദശകക്കാലം മലബാർ നിറഞ്ഞുനിന്ന മെത്രാൻ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെയ് ഒന്നിന് വിരമിക്കുകയാണ്. വള്ളോപ്പിള്ളി എന്ന വലിയ മനുഷ്യൻ തലശ്ശേരി രൂപതയിലെ സുറിയാനി കത്തോലിക്കരുടെ മാത്രം ബിഷപ്പല്ല, മലബാറുകാരുടെ മുഴുവൻ ബിഷപ്പാണ്.

വിദേശികൾക്ക് ചരിത്രത്തിൽ വെളിച്ചം കുറിച്ചും അധ്യായങ്ങളെഴുതാൻ സാക്ഷിനിന്ന തലശ്ശേരി. അലമാലകളുടെ ആരവം കാതിൽ മുഴങ്ങുന്ന കടലോരത്തെ അരമന. ഹൃദയത്തിന്റെ സൂക്ഷ്മതാളുകളിൽ അത്ഭുതത്തിന്റെ ഐതിഹാസികതയും പേറി നില്ക്കുന്ന ആ വലിയ മനുഷ്യനെക്കാണാൻ അകലങ്ങളിൽ നിന്നെത്തുന്നവരിൽ എല്ലാ മതക്കാരുമുണ്ട്. ഏതു കുഴഞ്ഞ പ്രശ്നങ്ങൾക്കും ശാന്തവും സൗമ്യവുമായ രീതിയിൽ പരിഹാരം കണ്ടെത്തുന്ന അദ്ദേഹത്തിന്റെ വിശുദ്ധിയുടെ ഹൃദയത്തിൽനിന്നു നിഗ്ളിക്കുന്ന ആ തിരുമൊഴികൾ മാത്രം മതി ദുഃഖിതരുടേയും പീഡിതരുടേയും വേദനയൊഴിയാൻ.

സാധാരണക്കാരുടെ ബിഷപ്പ്

കുടിയേറ്റക്കാർക്കുവേണ്ടി ഒരു രൂപത—അതായിരുന്നു തലശ്ശേരി രൂപതയുടെ പിറവിക്കു പിന്നിൽ. 1953ൽ രൂപത നിലവിൽ വന്നപ്പോൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ വള്ളോപ്പിള്ളി രണ്ടു വർഷത്തിനകം ബിഷപ്പായി 89,000 ചതുരശ്ര കി. മീ. സ്ഥലത്ത് ചിതറിക്കിടക്കുന്ന 74,000 സുറിയാനി കത്തോലിക്കരുടെ ഇടയനായി. അരമനയിൽ ചെന്നാൽ മെത്രാനെ തിരിച്ചറിയാൻ പ്രയാസം. മാലയും കുരിശും സാഷുമൊക്കെ അഴിച്ചുവെച്ച് ഖദർളോഹ ധരിച്ച് ഒരു സാധാരണ വൈദികൻ. ഔപചാരികത തൊട്ടുതീണ്ടാത്ത സമീപനം. ഹൃദയത്തിൽ തട്ടുന്ന പെരു

മാറ്റം. 1928 ൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ വള്ളോപ്പിള്ളി ഖാദിയാണ് ധരിക്കുന്നത്. ലോഹയും പാൻറ്സും മാത്രമല്ല, കിടക്കവിരിപോലും ഖാദി. ഖദറിൻെറ പ്രവാചകൻ കൂടിയാണ് പിതാവ്. ഭക്ഷണക്രമങ്ങളിലുമുണ്ട് ഈ ലാളിത്യം. അരമനയിലേതുപോലെതന്നെ ലളിതമായിരിക്കണം പിതാവ് സന്ദർശനത്തിന് എത്തുമ്പോൾ ഇടവകക്കാർ കൊടുക്കുന്ന ഭക്ഷണവും.

ജീപ്പുയാത്ര ഹരമായിരുന്ന ബിഷപ്പിന്. കർണാടകത്തിൻേറയും തമിഴ്നാടിൻേറയും ഭാഗങ്ങൾ ഉൾപ്പെട്ടിരുന്ന തലശ്ശേരി രൂപതയുടെ സകല മുക്കിലും മൂലയിലും ബിഷപ്പ് ചെന്നിട്ടുണ്ട്. ലക്ഷക്കണക്കിന് മൈലുകൾ മലയോരങ്ങളിലൂടെ കുണ്ടുംകുഴിയും നിറഞ്ഞ പാതകൾവഴി യാത്ര ചെയ്തിട്ടുണ്ട്. ജീപ്പിലിരുന്നുള്ള പുസ്തകവായന അതിലേറെ ഹരം. മലബാറിലെ വിദ്യാഭ്യാസ മേഖലക്കാണ് വള്ളോപ്പിള്ളിയുടെ കനത്ത സംഭാവന. 200ൽ അധികം വിദ്യാലയങ്ങളാണ് അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ സ്ഥാപിച്ചത്. കത്തോലിക്കർ കൂടുതലുള്ള സ്ഥലങ്ങൾ മാത്രം തിരഞ്ഞെടുത്ത് വിദ്യാലയങ്ങൾ പണിയുന്ന രൂപതയായിരുന്നില്ല തലശ്ശേരി.

ആതുരാലയങ്ങൾ പണിത് മലബാറിൽ വൈദ്യശാസ്ത്രരംഗത്ത് കുതിക്കാൻ വള്ളോപ്പിള്ളിയുടെ സേവനം നിസ്തുലമായിരുന്നു.

എഴുപതുകളുടെ അന്ത്യത്തിൽ വള്ളോപ്പിള്ളി നേതൃത്വം നൽകിയ മദ്യവിരുദ്ധസമരം മലബാറിലെ ധർമ്മസമരമായിരുന്നു. 1978ൽ തലശ്ശേരി രൂപതയുടെ രജത ജൂബിലിയും മലബാർ കുടിയേറ്റത്തിൻെറ സുവർണ്ണ ജൂബിലിയും സംയുക്തമായി ആഘോഷിച്ചതിനുള്ള സ്മാരകമായിട്ടായിരുന്നു മദ്യവിരുദ്ധസമരം തുടങ്ങിയത്. പ്രൊഫ. മന്മഥനുമൊത്ത് വള്ളോപ്പിള്ളി ഒട്ടേറെ മദ്യഷാപ്പുകൾ പൂട്ടിച്ചു. മദ്യവിപത്തിനെതിരെ ജനരോഷം ഒരു കൊടുങ്കാറ്റു പോലെ ആഞ്ഞുവീശി. 22 കള്ളക്കേസുകളാണ് സമരം നടത്തിയവർക്കെതിരെ ചാർജ് ചെയ്തത്. മദ്യപാനം രോഗമായി മാറിയവരെ ചികിത്സിക്കാൻ തലശ്ശേരി ജോസ്ഗിരി, കുത്തുപറമ്പ് ക്രിസ്തുരാജാ, പെരുമ്പുന്ന അച്ചന, ചെറുപുഴ സെൻറ് സെബാസ്റ്റ്യൻസ് എന്നീ ആസ്പത്രികളിൽ സൗകര്യമേർപ്പെടുത്തിയത് ഒട്ടനവധിപേരെ മദ്യാസക്തിയിൽനിന്നു വിമുക്തരാക്കാൻ സഹായിച്ചു.

വിരലിലെണ്ണാൻ പോലും കത്തോലിക്കരില്ലാത്ത തലശ്ശേരി ടൗണിലെ എല്ലാ വിഭാഗം ആളുകളുടേയും വിശിഷ്ടാതിഥിയാണ്

വള്ളോപ്പിള്ളി. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യരും പി. പി. ഉമ്മർകോയയുമൊക്കെ ബിഷപ്പിന്റെ അടുത്ത സുഹൃത്തുക്കളിൽ പെടുന്നു. 1970-ൽ അദ്ദേഹത്തിന്റെ പൗരോഹിത്യരജതജൂബിലി ആഘോഷിച്ചപ്പോഴും 81-ൽ മെത്രാഭിഷേകജൂബിലി ആഘോഷിച്ചപ്പോഴും നാനാജാതിമതസ്ഥരടങ്ങുന്ന തലശ്ശേരിനിവാസികളുടെ മനസ്സിൽ ബിഷപ്പിനുള്ള സ്ഥാനമെന്തെന്നു നാം കണ്ടറിഞ്ഞതാണു്. ജാതിയും മതവും രാഷ്ട്രീയവും പലതവണ ചോരപ്പുഴ ഒഴുക്കിയിട്ടുള്ള തലശ്ശേരി ആ നഗരിയിലെ സ്നേഹദൂതന്റെ യാത്രാമൊഴികേട്ടു കണ്ണീരൊഴുക്കാതിരിക്കയില്ല.

പാലാ രൂപതയിലെ കുടക്കച്ചിറയിൽ വള്ളോപ്പിള്ളി പൗലോസിന്റേയും റോസയുടേയും ഇളയ പുത്രനായി 1911 ആഗസ്റ്റ് 4നു് ജനനം. ഉഴവൂരിലും കുറിച്ചിത്താനത്തും പാലായിലും സ്കൂൾ വിദ്യാഭ്യാസം. ചങ്ങനാശ്ശേരി എസ്. ബി., പാളയംകോട്ട സെൻറ് സേവിയേഴ്സ് എന്നിവിടങ്ങളിൽ കലാലയപഠനം. ധനതത്വശാസ്ത്രത്തിൽ ബി. എ. ബിരുദധാരി. വൈദികപഠനം ചങ്ങനാശ്ശേരിയിലും കാൻഡി പേപ്പൽ സെമിനാരിയിലുമായിരുന്നു. 1945 ആഗസ്റ്റ് 24-നാണ് വൈദികപട്ടം സ്വീകരിച്ചതു്. ഭരണങ്ങാനം ഹൈസ്കൂളിൽ അധ്യാപകനായും വലിയകുമാരമംഗലം യു. പി. സ്കൂൾ, കടനാട് ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്ററായും ജോലി നോക്കി. 1953 ഡിസംബർ 31നു് തലശ്ശേരി രൂപത നിലവിൽ വന്നതായി റോമിൽനിന്നു് പ്രഖ്യാപനമുണ്ടായപ്പോൾ അതിന്റെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടു. രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാവുന്നതു് 1955 ഒക്ടോബർ 16 നാണു്. റോമിലെ വിശുദ്ധ പത്രോസിന്റെ ബസ്ലിക്കയിൽ വച്ചു് കാർഡിനൽ ടിസ്സറാന്റിന്റെ പ്രധാന കാർമ്മികത്വത്തിൽ മെത്രാഭിഷേകം നടന്നു. 35 വർഷത്തെ ത്യാഗനിർഭരമായ സേവനത്തിലൂടെ മലബാറിനെ കുടിയേറ്റകർഷകരുടെ പുതിയൊരു കാനാൻദേശമാക്കി മാറ്റിയ അദ്ദേഹം ഈ മെയ് 1-നു് ഭരണസാരഥ്യം തന്റെ പിൻഗാമിയെ ഏൽപ്പിക്കുന്നു.

(യു. പി. അബ്ദുൾ മജീദ്, മാതൃഭൂമി)

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

തലശ്ശേരിയിൽ ഞാൻ അഭിഭാഷകവൃത്തി നടത്തിവന്ന കാലം. അല്പം രാഷ്ട്രീയവും ഏറെ പ്രാക്ടീസുമായി കഴിഞ്ഞ അക്കാലത്ത് അറബിക്കടലിന്റെ വക്കത്ത് ഞാൻ കുറെ സ്ഥലം വാങ്ങുകയും വളരെ പണം ചെലവിട്ടും ഏറെ അദ്ധ്വാനിച്ചും സുന്ദരമായ ഒരു മന്ദിരം പണിയുകയും ചെയ്തു.

പ്രഗത്ഭനായ ഒരു ആർക്കിടെക്ടിനെക്കൊണ്ട് പ്ലാൻ വരപ്പിച്ച് ഏറെ ശ്രദ്ധയോടെ പടുത്തുയർത്തിയ മന്ദിരം. ഒരു ഭാഗത്ത് കടൽ, മറെറാരു ഭാഗം റോഡിനു് അഭിമുഖം, ചുററും മരങ്ങളും.

കോമളമായ ആ ഭവനത്തിൽ കുറച്ചു കൊല്ലങ്ങൾ മാത്രമേ താമസിക്കുവാൻ സാധിച്ചുള്ളൂ. അതു് എന്റെയും സഹധർമ്മിണിയുടെയും ഏററവും സുഖസമൃദ്ധമായ കാലമായിരുന്നു.

ഒരു സൗഹൃദത്തിന്റെ കഥ

ഞാൻ തലശ്ശേരി നിയോജകമണ്ഡലത്തിൽനിന്നു് തെരഞ്ഞെടുക്കപ്പെട്ട് മന്ത്രിയായി തിരുവനന്തപുരത്തേയ്ക്കു മാറാൻ ഇടയായ കാലം. പലരും എന്റെ അതിമനോഹര ഭവനം വാടകയ്ക്കോ വിലയ്ക്കോ നല്കണമെന്നു് ആവശ്യപ്പെട്ട സമീപിച്ചു.

ഒരു ദിവസം രാവിലെ ബിഷപ് വീട്ടിൽ വരികയും കെട്ടിടം വാങ്ങാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഞാൻ ആരോടും അന്വേഷിക്കാതെ, ഭാര്യയോടോ മക്കളോടോപോലും പറയാതെ ബിഷപ്പിനു് വാക്കു കൊടുത്തു.

സമുദ്രതീരത്തു്, എട്ടേക്കർ വിസ്തീർണ്ണത്തിൽ തെങ്ങിൻതോട്ടം വച്ചുപിടിപ്പിച്ച് അതിനു മധ്യത്തിലുള്ള ഒന്നാന്തരം വീടായിരുന്നു

അതു്. എങ്കിലും ബിഷപു് ആവശ്യപ്പെട്ടപ്പോഴും മറിച്ചു പറയാൻ മനസ്സു വന്നില്ല. അങ്ങനെയാണു് ഒരു വിലപേശലും കൂടാതെ കെട്ടിടവും സ്ഥലവും കൊടുക്കാമെന്നു് ഞാൻ സമ്മതിച്ചതു്.

പിൽക്കാലത്തു് എന്റെ അച്ഛനും സുഹൃത്തുക്കളും സുപ്രീം കോടതി ചീഫ് ജസ്റ്റീസു് ആയിരുന്ന വൈ. ബി. ചന്ദ്രചൂഡു് അടക്കമുള്ള മഹദ്വ്യക്തികളും ഇത്ര മനോഹരമായ ഭവനം എന്തിനു കൊടുത്തുവെന്നു് പരാതിപ്പെട്ടിട്ടുണ്ടു്. എനിക്കു പക്ഷേ ഒരു ഖേദവുമില്ല. എന്റെ ഭവനം ബിഷപ്പിന്റെ അരമനയായി മാറി ഒരു പുണ്യഭൂമിയായി എന്നു തന്നെ പറയാം; ക്രൈസ്തവകേന്ദ്രവും.

ബിഷപ്പു് വള്ളോപ്പിള്ളി അതോടെ എന്റെ ഏറ്റവും അടുത്ത സുഹൃത്തായി മാറി. അദ്ദേഹത്തെ ദൈവസ്നേഹമുള്ള ഒരു മഹാനായിട്ടാണു് ഹിന്ദുവായ ഞാൻ എന്നും കണ്ടിട്ടുള്ളതു്. ദിവ്യചൈതന്യം തുളുമ്പുന്ന മനുഷ്യൻ, അതിനുമപ്പുറം മനുഷ്യത്വം ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ തെളിയിച്ച മനുഷ്യൻ.

അറബിക്കടലിന്റെ ഓരത്തു് പണവും അദ്ധ്വാനവും ഏറെ ചെലവിട്ട മനോഹരസൗധം ഞങ്ങൾ പടുത്തുയർത്തിയതിന്റെ വൈകാരികവശം ബിഷപ്പു് നല്ലതുപോലെ മനസ്സിലാക്കി. അതുകൊണ്ടു് അദ്ദേഹം തീരുമാനിച്ചു, പരിഷ്കാരത്തിന്റെ പേരിൽ അതിന്റെ ഒരു ഭാഗവും മാറ്റില്ലെന്നു്. മറ്റു ചില കെട്ടിടങ്ങൾ അടുത്തടുത്തായി ഉണ്ടാക്കിയെങ്കിലും 1957-ൽ ഞാൻ ഏൽപ്പിച്ചുകൊടുത്ത ഭവനത്തിന്റെ ഒരു കല്ലുപോലും മാറ്റിവച്ചിട്ടില്ല. ഞങ്ങൾ കെട്ടിയുണ്ടാക്കിയ അതേ ഭവനം. അവിടെ പ്രവേശിക്കുമ്പോഴൊക്കെ ഹൃദ്യമായ ആ സൗധം എന്നെ ആകർഷിക്കുന്നു.

തലശ്ശേരിയുടെ സ്മരണയിൽ ബിഷപ്പു് നിശ്ചയമായും സ്ഥാനം നേടിയിട്ടുണ്ടു്. ആ നഗരത്തിന്റേയും ഇതര പ്രദേശങ്ങളുടേയും വികസനത്തിനായി എന്നും പ്രേരണ ചൊരിഞ്ഞ വ്യക്തി. പൊതുക്കാര്യങ്ങളിൽ അദ്ദേഹം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ടു്. മാത്രമല്ല, ആ നാട്ടിൽ എന്തുകൊണ്ടും അഗ്രസ്ഥാനം വഹിച്ച പൗരമുഖ്യൻ കൂടിയാണു് അദ്ദേഹം.

ശ്രദ്ധേയമായ മറെറാരു ഗുണം അദ്ദേഹത്തിനു് സ്വന്തമായിരുന്നു. തത്വദീക്ഷയോടെ, സ്നേഹസമ്പൂർണ്ണമായി എല്ലാവരേയും അരമ

നയിൽ സ്വീകരിക്കുവാനും അവക്കു തന്നാൽ ആവുന്ന കാര്യങ്ങളൊക്കെ ചെയ്തുകൊടുക്കാനും അദ്ദേഹം വ്യഗ്രത കാട്ടിയിട്ടുണ്ട്.

ഒരു കാര്യം ഊന്നിപ്പറയട്ടെ, പ്രൊഫ. എം. പി. മന്മഥൻ, പ്രൊഫ. കുമാരപിള്ള തുടങ്ങി പല ഉന്നതരും മദ്യവർജ്ജനത്തിനും മദ്യനിരോധനത്തിനുമായി പാടുപെടുന്നുണ്ട്. മദ്യവർജ്ജനത്തിൽ അഗാധമായി വിശ്വസിക്കുന്ന വ്യക്തിയാണു ഞാൻ. സുപ്രീംകോടതിയിൽനിന്നു് ഇക്കാര്യത്തിൽ സുപ്രസിദ്ധമായ ഒരു വിധിയും ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ആദർശശീലനായ ബിഷപ്പ് വള്ളോപ്പിള്ളി അതിനുമുമ്പുതലേതന്നെ നിശബ്ദമായി മദ്യവർജ്ജന രംഗത്തു് പ്രവർത്തിച്ചിരുന്നുവെന്നു് വ്യക്തമാക്കുവാൻ എനിക്കു് അങ്ങേയറ്റം താൽപ്പര്യം ഉണ്ട്.

ഇത്ര നല്ലൊരു മനുഷ്യൻ തലശ്ശേരി നഗരത്തിൽനിന്നു് ബിഷപ്പ് സ്ഥാനം വെടിഞ്ഞു് റിട്ടയർ ചെയ്യുന്നുവെന്നറിയുമ്പോൾ വ്യസനവും ഒപ്പം സന്തോഷവും ഉണ്ട്. വ്യസനം, അദ്ദേഹം തലശ്ശേരി വിട്ടുന്നുവെന്നു് അറിയുമ്പോൾ. സന്തുഷ്ടിയോ, ഇത്തരം മഹദ്വ്യക്തികളും ജീവിതത്തിലെ ഒരു ഘട്ടത്തിൽ സ്വയമിരുന്നു ചിന്തിച്ചു് അവരുടെ വിജ്ഞാനപ്രകാശം എങ്ങുമെത്തിക്കേണ്ടതുണ്ടെന്ന ആവശ്യം കൊണ്ടും.

വള്ളോപ്പിള്ളിയ്ക്കു് തലശ്ശേരിയെ പിരിയാനാവില്ല. തലശ്ശേരിയുടെ ഹൃദയത്തിൽ അദ്ദേഹത്തിനു് എക്കാലവും സ്ഥാനമുണ്ട്.

ശാന്തമായ അദ്ദേഹത്തിന്റെ സാന്നിധ്യം തലശ്ശേരിക്കു് ആവശ്യമാണു്. ഒരു തലശ്ശേരിക്കാരൻ എന്ന നിലയ്ക്കു് അദ്ദേഹത്തിനു മുമ്പാകെ ഈ അപേക്ഷ ഞാൻ സമർപ്പിക്കുന്നു.

(വി. ആർ. കൃഷ്ണയ്യർ, മനോരമ)

നന്ദിയോടെ



അത്യുന്നത കർദ്ദിനാൾ
ആൻറണി പടിയറ

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ്–A man of wonders– എന്നാണെനിക്ക് അദ്ദേഹത്തെക്കുറിച്ച് തോന്നുന്നത്. തൊട്ടതെല്ലാം പൊന്നാക്കുന്ന മനുഷ്യൻ. ഒപ്പം അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യൻ കൂടിയാണ്.

അദ്ദേഹത്തിനു നാം സ്നേഹവും ബഹുമാനവും നല്കുന്നു. അതോടൊപ്പം ആ മാതൃക നാം സ്വജീവിതത്തിൽ പകർത്തുകകൂടി ചെയ്യണം. ജോർജ് വലിയമറ്റം പിതാവ് ഉദിക്കുന്ന സൂര്യനാണ്. വള്ളോപ്പിള്ളി പിതാവ് എല്ലാം നേടിയശേഷം അസ്തമിക്കുന്ന സൂര്യനും. കൊച്ചുപിതാവ് വള്ളോപ്പിള്ളി പിതാവിൻറെ കുവട്ടകം പിൻതുടർന്ന് വിജയം വരിക്കട്ടെ എന്നാശംസിക്കുന്നു.

എന്നെക്കുറിച്ച് പറഞ്ഞ നല്ല കാര്യങ്ങൾക്ക് ഹൃദയംനിറഞ്ഞ നന്ദി. കൂടിയേറ്റക്കാരനെന്ന ബഹുമതി എനിക്കു നൽകിയതിനു പ്രത്യേകം നന്ദിപറയുന്നു.

★★

കൃതജ്ഞതാപൂർവ്വം



മാർ ജോർജ് വലിയമറ്റം

രൂപതാധ്യക്ഷൻ ഇടയനായിരിക്കണം. എന്റെ ലക്ഷ്യം ഒരു നല്ല ഇടയനാവുക എന്നതാണ്. ദൈവം ആവശ്യപ്പെടുന്നതനു സരിച്ച്, തലശ്ശേരി രൂപതയ്ക്കുവേണ്ടി മെത്രാന്മാരുടെ കൂട്ടായ്മയിൽ ചേർന്ന് പരി. പിതാവിനോടുള്ള വിധേയത്വത്തിൽ ഒരു നല്ല ഇടയനാകാൻ പരിശ്രമിക്കാം. ഞാൻ നിങ്ങളിൽ ഒരുവനാണ്. ഇപ്പോഴും എന്നെ ഒരു പുതിയ ഉത്തരവാദിത്വം ഭരമേല്പിക്കുന്നുവെന്നു മാത്രം. എനിക്കു നിങ്ങളുടെ സഹായസഹകരണങ്ങളാണാവശ്യം. നിങ്ങളുടെ പ്രാർത്ഥനകളും ഞാൻ യാചിക്കുന്നു.

ഭയമില്ലാതെ, ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ രൂപതയെ നയിക്കാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഈ മെത്രാഭിഷേകം ദൈവജനം മുഴുവനും സ്നേഹം അനുഭവിച്ചറിയുന്ന സമയമാണെന്നു് എനിക്ക് തോന്നുന്നു. അതിൽ നമ്മളെല്ലാം പങ്കുചേരുന്നു. ''ഞാൻ നല്ല ഇടയനാകുന്നു'' എന്ന കർത്താവിന്റെ വാക്കുകളാണ് എന്റെ മുദ്രാവാക്യം. നല്ല ഇടയനാകാൻ സ്വയം വ്യയം ചെയ്യണം. മറ്റുള്ളവർക്കുവേണ്ടി ജീവിക്കണം. അതിനു് ഞാൻ എന്റെ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നതാണ്.

വള്ളോപ്പിള്ളി പിതാവിന് യാത്രയയപ്പ് - അത് ശരിയായ വാക്കല്ല. പിതാവിനെ ഞങ്ങൾ വിടുന്നില്ല. പിതാവ് പോകുവാൻ ആഗ്രഹിക്കുന്നുമില്ല. ഇളയപുത്രനായ എനിക്ക് അപ്പന്റെ സാമീപ്യം ലഭിക്കുക എന്റെ അവകാശമായി ഞാൻ കരുതുന്നു. എന്നും നമ്മുടെ കൂടെ വസിച്ച് നമ്മെ നയിക്കുന്ന ധ്രുവനക്ഷത്രമാണ് പിതാവ്. എന്റെ ശക്തിയും ധൈര്യവും വള്ളോപ്പിള്ളി പിതാവത്രേ.

മെത്രാഭിഷേകകർമ്മത്തിൽ പങ്കെടുക്കാനെത്തിയ നിങ്ങൾക്കെല്ലാവർക്കും നന്ദിപറയുവാൻ ഈയവസരം ഞാൻ വിനിയോഗിക്കുന്നു. വള്ളോപ്പിള്ളി പിതാവ് ആ കടമ നിർവ്വഹിക്കുമെന്ന് എനിക്കറിയാം. എങ്കിലും നന്ദിയുടെ ഒരു വാക്ക് ഞാനും കൂട്ടിച്ചേർക്കട്ടെ.

കാരുണ്യവാനായ ദൈവത്തിനും എന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയ്ക്കും ശ്രുപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പു പിതാവിനും ഇന്ന പ്രത്യേകമായ വിധത്തിൽ ഞാൻ കൃതജ്ഞതയർപ്പിക്കുകയാണ്. എന്നെ തലശ്ശേരി ശ്രുപതയുടെ മെത്രാനായി നിയമിച്ചാക്കിയ പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയേയും അത്യന്നത കർദ്ദിനാൾ ലൂർദ്ദുസ്വാമിയേയും മറ്റു സഭാധികാരികളേയും നന്ദിയോടെ അനുസ്മരിക്കുന്നു. എനിക്ക് മെത്രാൻ പട്ടം നല്കിയ അത്യന്നത കർദ്ദിനാൾ ആൻറണി പടിയറ തിരുമേനിക്കും സഹകാർമ്മികരായിരുന്ന അഭിവന്ദ്യ പവ്വത്തിൽ പിതാവിനും നമ്മുടെ പിതാവിനും ഈ തിരുക്കർമ്മങ്ങളിൽ ആദ്യന്തം പങ്കുകൊണ്ട് എന്നെ അനുഗ്രഹിച്ച മറ്റു വന്ദ്യപിതാക്കന്മാർക്കും വിശിഷ്ടാതിഥികൾക്കും നിങ്ങൾക്കോരോരുത്തർക്കും ഞാൻ സ്നേഹപൂർവ്വം നന്ദിപറയുന്നു.

എന്റെ കൃതജ്ഞതയർഹിക്കുന്നവരുടെ പട്ടിക നീണ്ടതാണ്. പേരെടുത്തുപറഞ്ഞ് ഓരോരുത്തരേയും അനുസ്മരിക്കണമെന്നാഗ്രഹമുണ്ടെങ്കിലും സമയം വളരെ വൈകിയ ഈ വേളയിൽ ഞാനതിനുമുതിരുന്നില്ല. എനിക്ക് പ്രത്യേക കടപ്പാടുള്ള ചുരുക്കം ചിലരുടെ പേരു മാത്രം എടുത്തുപറയട്ടെ. തലശ്ശേരി ശ്രുപതാ സ്ഥാപകനായ കർദ്ദിനാൾ ടിസറൻറ് തിരുമേനിയെ, എന്റെ വന്ദ്യഗുരുഭൂതനായിരുന്ന ബ. ഡ്യാസിഡച്ചനെ, എന്റെ മാതൃശ്രുപതയായ ചങ്ങനാശ്ശേരിയിലെ വന്ദ്യപിതാക്കന്മാരെ – എല്ലാവരേയും ഞാൻ ഓർമ്മിക്കുന്നു. എന്റെ പ്രിയപ്പെട്ട മാതാപിതാക്കന്മാരും കുടുംബാംഗങ്ങളും ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം ഇവിടെ സന്നിഹിതരാണ്. എല്ലാവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

കൃതാർത്ഥതയോടെ



മാർ സെബാസ്ത്യൻ
വള്ളോപ്പിള്ളി

35 വഷ്ത്തെ ഓമ്മകളം മനസ്സിൽ നിറഞ്ഞു നില്ക്കുന്ന എനിക്ക് ഒരു വാക്കു മാത്രമേ പറയുവാനുള്ളു. എന്നെക്കുറിച്ച് നിങ്ങളെല്ലാവരും പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി.

35 വഷ്ങ്ങൾക്കിടയിൽ മലബാറിലുണ്ടായ പുരോഗതിയിൽ എല്ലാവരും സന്തോഷിക്കുന്നു. പക്ഷേ അതിനു സഹിക്കേണ്ടിവന്ന ത്യാഗത്തെപ്പറ്റി–കൊടുക്കേണ്ടിവന്ന വിലയെപ്പറ്റി–അധികമാരും ചിന്തിക്കാറില്ല.

ആദ്യകാല കുടിയേറ്റക്കാർ അനുഭവിക്കേണ്ടിവന്ന യാതനകളം. അവരുടെ സ്മരണ നിലനിത്താൻ വേണ്ടിയാണ് താഴെ കാണുന്ന യൗസേപ്പുപിതാവിന്റെ ആ ശില്പം.

ഇന്നുണ്ടായ നേട്ടങ്ങളിൽ ഞങ്ങളുടെ പങ്ക് നിസ്സാരമാണ്. ദൈവകരങ്ങളിൽ വിധേയത്വമുള്ള ഉപകരണങ്ങളായി പ്രവത്തിക്കുക മാത്രമാണ് ഞങ്ങളം ചെയ്തത്.

ഞങ്ങളെ സഹായിച്ചിട്ടുള്ള നിരവധി ആളുകളും സ്വർഗ്ഗത്തിലുണ്ട്, ഭൂമിയിലുമുണ്ട്. ഇവിടെ എങ്ങോട്ടു നോക്കിയാലും കാണാവുന്ന ഒരു പ്രതിമയുണ്ട്. ഭദ്രാസനപ്പള്ളിയുടെ മുമ്പിൽ, സെമിനാരിയുടെ മുകളിൽ, മെത്രാസന മന്ദിരത്തിനു മുമ്പിൽ, ജോസ്ഗിരി ആസ്ഥാനത്തിന്റെ മുമ്പിൽ—വി. യൗസേപ്പ് പിതാവിന്റെ പ്രതിമ. 1954 മാർച്ച് 19. വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിവസം തലശ്ശേരി രൂപതയെ ആ പിതാവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊണ്ടാണ് ഞങ്ങൾ പ്രവർത്തനം തുടങ്ങിയത്. മാനുഷികശക്തികൾക്ക് അതീതമായിരുന്ന പല പ്രതിബന്ധങ്ങളും പരിഹരിച്ചതും അസാധ്യമായിരുന്ന പലതും സാധിച്ചതും ആ പുണ്യവാന്റെ മാദ്ധ്യസ്ഥം വഴിയാണെന്നു ചുരുക്കിപ്പറയാം. കുറേക്കാലമായി നമ്മെ സഹായിക്കുവാൻ സ്വർഗ്ഗത്തിൽ ഒരു കൊച്ചു സഹോദരികൂടിയുണ്ട്-വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ.

ഈ വിശാലമായ മൈതാനിയുടെ പ്രവേശന കവാടത്തിങ്കൽ 'കാർഡിനൽ ടിസറൻറ് നഗർ' എന്നെഴുതിയിരിക്കുന്നതു നിങ്ങൾ കണ്ടിരിക്കും. 1953 ഡിസംബർ 31നു തലശ്ശേരി രൂപത സ്ഥാപിക്കുന്നതിന് ഇടയായതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത് ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ടിസറൻറ് തിരുമേനിയാണ്. മലബാറിലെ കുടിയേറ്റക്കാർക്കുവേണ്ടി തലശ്ശേരി രൂപത സ്ഥാപിച്ചതിന്റെ മാത്രമല്ല, കേരളത്തിലെ സീറോ-മലബാർ സഭയ്ക്ക് അര നൂറ്റാണ്ടിനിപ്പുറത്തുള്ള എല്ലാ പുരോഗതിയുടേയും കാരണം അത്യുന്നത കർദ്ദിനാൾ ടിസറൻറ് തിരുമേനിയാണ്.

ഈ അവസരത്തിൽ, തലശ്ശേരി രൂപതാ സ്ഥാപനകാര്യത്തിൽ ഏറ്റവുമധികം പ്രവർത്തിച്ച കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാപ്പോലീത്താ തിരുമേനിയേയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് പിതാവിനേയും വൈദികരെന്നും സാമ്പത്തിക സഹായം നല്കിയും വളരെയേറെ സഹായിച്ച മാർ ഒസബാസ്റ്റ്യൻ വയലിൽ തിരുമേനിയേയും കൃതജ്ഞതയോടെ ഞാൻ അനുസ്മരിക്കുന്നു.

തലശ്ശേരി രൂപത സ്ഥാപിതമാകുന്നതുവരെ കുടിയേറ്റക്കാരുടെ കാര്യങ്ങൾ അന്വേഷിച്ചിരുന്ന കോഴിക്കോട് രൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരേയും പ്രത്യേകം പത്രോണി പിതാവിനേയും

ആ ശ്രപതയിലെ ബഹു. വൈദികരേയും കൂടിയേറക്കാർ ഒരു കാല ത്തും വിസ്മരിക്കുകയില്ല.

ഇല്ലായ്മയിൽനിന്നും 35 വഷ്ങ്ങൾക്ക് മുമ്പരാംഭിച്ച തല ശ്ശേരി ശ്രപത ഇന്നത്തെ രീതിയിൽ വളന്ന് വികസിച്ചിട്ടുണ്ടെ ങ്കിൽ അതിന്റെ പ്രധാനപ്പെട്ട കാരണം നല്ല വൈദികരെ ദൈവം ഞങ്ങൾക്ക് തന്നനുഗ്രഹിച്ചിട്ടുണ്ടെന്നുള്ളതാണ്. കേവലം 12 വൈ ദികരോടുകൂടിയാണ് ഞങ്ങൾ പ്രവത്തനം ആരംഭിച്ചത്. തുടന്ന് പഴയ ശ്രപതകളിൽ നിന്നും സന്യാസസഭകളിൽനിന്നും പ്രത്യേക മായി സി. എം. ഐ. സഭയിൽനിന്നും ധാരാളം വൈദികർ എന്റെ അപേക്ഷപ്രകാരം ഞങ്ങളെ സഹായിക്കുവാനെത്തി. ത്യാഗസന്ന ദ്ധരായ ഇവരെയെല്ലാം ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. ഇന്ന ത്തെ നേട്ടങ്ങൾ കാണുവാൻ അവരിൽ പലരും ഇന്നില്ല. ഈ 35 വഷ്ങ്ങളിലായി നിത്യസമ്മാനത്തിനു വിളിക്കപ്പെട്ട 34 വൈദിക രിൽ അധികവും പെറുപ്പക്കാരായ വൈദികരായിരുന്നുവെന്നത് മനോവേദനയോടെ ഞാൻ ഓർക്കുന്നു.

അതുപോലെതന്നെ ശ്രപതയുടെ ആരംഭത്തിൽ ഒരൊറ്റ കന്യാസ്ത്രീപോലും ഇല്ലാതിരുന്ന മലബാറിൽ ഇന്ന് 3 ശ്രപതകളി ലായി 2000 ഓളം കന്യാസ്ത്രീമാർ വിവിധ രംഗങ്ങളിൽ സ്തുത്യർഹ മായ സേവനം അനുഷ്ഠിക്കുന്നു. അവരോട് ഞാൻ എന്നും കൃതജ്ഞ നാണ്.

എല്ലാറ്റിനുമുപരിയായി, അദ്ധ്വാനശീലരും സാഹസികരു മായ നമ്മുടെ ആദ്യകാല കുടിയേറക്കാർ അനുമോദനങ്ങളും കൃതജ്ഞ തയുമർഹിക്കുന്നു. ഒന്നുമില്ലാതിരുന്ന അവസ്ഥയിൽനിന്ന് മല ബാറിനെ ഇന്നത്തെ നിലയിലേക്കുയത്തിയത് അവരാണ്. അവ രുടെയെല്ലാം അദ്ധ്വാനഫലമാണ് ഇന്നു നാം അനുഭവിക്കുന്നതു്.

ഭാവിയെപ്പറ്റി വലിയ പ്രതീക്ഷ നല്കുന്നവരാണ് ഞങ്ങളുടെ പ്രിയപ്പെട്ട വൈദിക വിദ്യാത്ഥികൾ. ഇന്ന് വിവിധ സെമിനാരി കളിലായി 150ൽ പരം വൈദികാത്ഥികൾ പഠിക്കുന്നുണ്ട്. മിഷൻ കേന്ദ്രങ്ങളിലെ സെമിനാരികളിൽ ഇതിന്റെ എത്രയോ ഇരട്ടി വിദ്യാ ത്ഥികളാണുള്ളത്. ദൈവവിളികൾ ഒട്ടുമില്ലാതിരുന്ന മലബാർ ഇന്ന് ദൈവവിളികളുടെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിലാ ണെന്ന കാര്യവും നമുക്ക് സന്തോഷത്തിനു വക നല്കുന്നു.

കൃതജ്ഞതാപ്രകടനം നടത്തുവാൻ എന്റെ പിന്നാലെ ശ്രീ. മാണി വരുന്നുണ്ടെങ്കിലും നിങ്ങളോട് പ്രത്യേകം ഒരു വാക്ക് നന്ദി പറയാതെ വിരമിക്കുവാൻ നിവൃത്തിയില്ല.

ഇന്നത്തെ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികനായിരുന്ന അത്യുന്നത കർദ്ദിനാൾ മാർ ആൻറണി പടിയറ തിരുമേനിയോട് എനിക്ക് ഏറെ കൃതജ്ഞതയുണ്ട്. കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ട ശേഷം ആദ്യമായി തലശ്ശേരിക്കു വരുന്ന അദ്ദേഹത്തിന് അനുമോദനാശംസകൾ അർപ്പിക്കുവാൻവേണ്ടിക്കൂടിയാണല്ലൊ ഈ സമ്മേളനം നടത്തുക. മലബാറിലെ കൂടിയേറ്റ ജനതയുടെ പേരിൽ അഭിവന്ദ്യ പിതാവിന് എല്ലാ അനുമോദനങ്ങളും മംഗളങ്ങളും ഞാൻ നേരുന്നു.

മലങ്കര സഭയുടെ പരമാധ്യക്ഷനും ഇന്ന് അഖിലേന്ത്യാ മെത്രാന്മാരുടെ കോൺഫ്രൻസ് അദ്ധ്യക്ഷനുമായ ഗ്രിഗോറിയോസ് തിരുമേനിയോടും ഞങ്ങൾ കൃതജ്ഞരാണ്. ഒരു ചെറിയ അജഗണത്തിന്റെ തലവനെങ്കിലും ഇന്ത്യയിലെ 122 രൂപതകളുടെ അധ്യക്ഷന്മാരുടെ സംഘത്തിന്റെ തലവനായി അദ്ദേഹം ഉയർത്തപ്പെട്ടതു നമുക്കേവർക്കും അഭിമാനം പകരുന്നു. അദ്ദേഹത്തെ ഈ ഉന്നത സ്ഥാനലബ്ധിയിൽ അനുമോദിക്കയും ഇന്നിവിടെ വന്ന് ആദ്യന്തം സഹകരിച്ചതിനു പ്രത്യേകമായി നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഈ പരിപാടികളിൽ പങ്കെടുക്കുവാൻ വേണ്ടിമാത്രം ദീർഘയാത്രചെയ്ത് ഇവിടെ എത്തിയ ബഹു. കേന്ദ്ര മന്ത്രി ശ്രീ. എം. എം. ജേക്കബ് അവർകൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തട്ടെ.

ഇന്നത്തെ പരിപാടികളിൽ സംബന്ധിക്കുവാൻ വന്നെത്തിയ ബഹു. പിതാക്കന്മാരോടും പ്രാസംഗികരോടും വിശിഷ്ടാതിഥികളോടും ഞങ്ങൾ വളരെയധികം കൃതജ്ഞരാണ്.

എല്ലാറ്റിനുമുപരിയായി മലയോരങ്ങളിൽനിന്നു ഇവിടെ എത്തിയ ത്യാഗമതികളും സ്നേഹസമ്പന്നരുമായ പതിനായിരക്കണക്കിനാളുകൾ-അവരുടെയെല്ലാം സ്നേഹവും സഹകരണവുമാണ് എന്നെ ഈ 35 വർഷങ്ങളായി താങ്ങി നിർത്തിയതു. എല്ലാ പ്രതിസന്ധികളിലും താങ്ങും തണലുമായി നിന്നവരാണവർ.

ഇന്നു് 3 രൂപതകളായി വിഭജിക്കപ്പെട്ടെങ്കിലും എനിക്കു് എല്ലാവരും ഒരുപോലെയാണു്. പാലക്കാടു് രൂപതയുടെ ഗണ്യമായ ഭാഗം തലശ്ശേരി രൂപതയിൽനിന്നു് വിട്ടുകൊടുത്തതാണെന്ന കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. ത്യാഗമൂർത്തികളും അത്യദ്ധ്വാനികളുമായ നിങ്ങളോടു് ഞാൻ പ്രത്യേകം നന്ദി പറയുന്നു.

തലശ്ശേരി രൂപതയുടെ ഭരണഭാരം സുരക്ഷിതമായ കരങ്ങളിൽ ഏല്പിച്ചുകൊണ്ടാണു് ഞാൻ വിടവാങ്ങുന്നതെന്ന കാര്യത്തിൽ എനിക്കു് സന്തോഷവും ചാരിതാർത്ഥ്യവുമുണ്ടു്. അഭിവന്ദ്യ വലിയ മഠം പിതാവിനു്, നിങ്ങൾ എനിക്കു് നല്കിയതുപോലെയുള്ള തികഞ്ഞ സഹകരണവും പ്രോത്സാഹനവും സ്നേഹവും നല്കുമെന്ന കാര്യത്തിൽ എനിക്കു് ഉറപ്പുണ്ടു്.

ഒരിക്കൽക്കൂടി എല്ലാവർക്കും പ്രത്യേകം പ്രത്യേകം നന്ദി പറഞ്ഞുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.



കുടുംബപ്രാർത്ഥന

(അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ താല്പര്യപ്രകാരം മലബാറിലെ എൺപതിനായിരത്തോളം കത്തോലിക്കാ ഭവനങ്ങളിൽ അന്നദിനം അർപ്പിക്കപ്പെടുന്ന മദ്യവർജ്ജനപ്രാർത്ഥന)

കാരുണ്യവാനും സ്നേഹനിധിയുമായ ദൈവമേ, ഈജിപ്തിൽ നിന്ന് സമ്പൽസമൃദ്ധമായ കാനാൻ ദേശത്തേക്ക് ഇസ്രായേൽ ജനതയെ അങ്ങു നയിച്ചതുപോലെ, ഈ മലബാർ പ്രദേശത്തേക്ക് ഞങ്ങളെയും അങ്ങു നയിക്കുകയും നിരവധി അനുഗ്രഹങ്ങൾകൊണ്ട് സമ്പന്നരാക്കുകയും ചെയ്തവല്ലോ. കുടിയേറ്റത്തിന്റെ ആരംഭം മുതൽ ഇന്നുവരെ ഞങ്ങൾ നേരിടേണ്ടിവന്ന എല്ലാ പ്രശ്നങ്ങളിലും അങ്ങേ പരിപാലനയുടെ കരങ്ങളാണല്ലോ ഞങ്ങളെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തത്. അങ്ങേ കാരുണ്യാതിരേകത്തിന് ഞങ്ങൾ ഹൃദയപൂർവ്വം നന്ദിപറയുന്നു.

ദിവ്യനാഥാ, അവിടുന്നു ഞങ്ങളുടെമേൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ അവഗണിച്ചുകൊണ്ട് ഞങ്ങൾ പലപ്പോഴും തിന്മകൾ പ്രവർത്തിച്ചിട്ടുണ്ട്. അവയെല്ലാറ്റിനും ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. മേലിൽ പാപങ്ങളെയും പാപസാഹചര്യങ്ങളെയും ഉപേക്ഷിച്ച് മാതൃകാപരമായ ക്രിസ്തീയജീവിതം നയിച്ചുകൊള്ളാമെന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. വ്യക്തികളെയും കുടുംബങ്ങളെയും നശിപ്പിക്കുന്ന മദ്യപാനാസക്തിയെ ഞങ്ങളുടെ സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിനു ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നതാണെന്നു ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

സ്നേഹപിതാവേ, അവിടുത്തെ സഹായം കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലാത്തതിനാൽ അങ്ങേ അരൂപിയെ അയച്ച് ഞങ്ങളുടെ ഈ നല്ല പ്രതിജ്ഞകൾ നിറവേറ്റുന്നതിനു ഞങ്ങളെ ശക്തരാക്കണമെ. ഞങ്ങളോടൊന്നിച്ചു വസിക്കുന്ന അക്രൈസ്തവ സഹോദരങ്ങൾക്ക് ഞങ്ങളുടെ ജീവിതത്തിലൂടെ ക്രിസ്തുവിനെ കാണിച്ചുകൊടുക്കുന്നതിനു സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾക്ക് അടിപ്പെട്ടുപോയവരെ അവയിൽനിന്നും മോചിപ്പിക്കണമെ. അങ്ങയുടെ ചൈതന്യത്താൽ നിറഞ്ഞ് പരസ്പരസ്നേഹത്തിലും ഐക്യത്തിലും ജീവിച്ച് ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായിത്തീരുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമെ. ആമ്മേൻ

